
# സത്യദൂതൻ

2014 ജൂൺ | ലക്കം 6

വില ₹ 20

## പരിശുദ്ധ റമദാനു സ്വാഗതം

## ബുദ്ധമതത്തിലെ ജീവിത നിരാസം







# മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ
# അത്ഫാലുൽ അഹ്‌മദിയ്യാ

# കേരള സ്റ്റേറ്റ് ഇജ്തിമ


**ഓഗസ്റ്റ് 9, 10 തീയതികളിൽ**
**തേക്കടിയിൽ**





**അഖിലേന്ത്യ സദർ**
**റഫീഖ് അഹ്‌മദ് ബേഗ് സാഹിബ് പങ്കെടുക്കുന്നു**

**ഏവർക്കും സ്വാഗതം**



The Sathyadoothan Monthly

لا اله الا الله محمد رسول الله


# സത്യദൂതൻ

2014 ജൂൺ
ഹി.ശ.1394 - എഹ്സാൻ
1435 - ശഅബാൻ - റമസാൻ
പുസ്തകം 86 ലക്കം 6
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്വ്ബ
**പരീക്ഷണങ്ങൾ ദൈവാനുഗ്രഹത്തിന്റെ സുവിശേഷം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 മെയ് 23 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം



11
**പരിശുദ്ധ റമദാനു സ്വാഗതം**
മുഹമ്മദ് ഉമർ എച്ച്. എ.

വിശ്വാസികളുടെ ഹൃദയവും മനവും തനുവും ആത്മീയ സുരഭിലമായ റമദാനെവരവേൽക്കാൻ ഒരുങ്ങുന്നു

13
**ആദം ആദ്യമനുഷ്യനല്ല മനുഷ്യ സമൂഹത്തിലെ ആദ്യത്തെ ദൈവിക പ്രതിനിധിയാണ്**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റഹ്)

19
**ത്വലാഖ് : ഇന്ത്യയിലെ അനാചാരങ്ങൾ**
ഡോ. കൗസർ എടപ്പകത്ത്

അനുരഞ്ജനത്തിന്റെയും ഒത്തുതീർപ്പിന്റെയും മദ്ധ്യസ്ഥശ്രമത്തിനായുള്ള നിരവധി അവസരങ്ങൾ നൽകി കൊണ്ട് ഉന്നതമായ ധാർമിക നിലവാരത്തിലാണ് ഇസ്‌ലാമിലെ വിവാഹ മോചനനിയമം ആവിഷ്ക്കരിച്ചിട്ടുള്ളത്. എന്നാൽ ഇന്ത്യയിലെ മുസ്‌ലിം വിവാഹ നിയമങ്ങളിൽ ചിലത് അതിനെ അനാചാരങ്ങളും വൈകൃതങ്ങളുമാക്കിയിട്ടുണ്ട്.

23
**ബ്രിട്ടീഷ് സർക്കാറിന്റെ ചിറ്റമ്മനയം**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

27
**ബുദ്ധമതത്തിലെ ജീവിത നിരാസം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

അല്ലാഹുവിന്റെ പ്രവാചകനായ ഹദ്റത്ത് ബുദ്ധൻ (അ) ന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് ബുദ്ധമതം വ്യതിചലിക്കുകയും സന്യാസവും പരിവ്രാചകത്വവും ആത്മീയ സാക്ഷാത്കാര ത്തിന്റെ മാർഗങ്ങളായി സ്വീകരിക്കുകയും ചെയ്തു.

31
**ഹദ്റത്ത് അഹ്മദി(അ)ന് പ്രതിഭാശാലികളുടെ പുരസ്ക്കാരങ്ങൾ-2**
മുഹമ്മദ് ഉമർ എച്ച്.എ

35
**യേശുവിന്റെ ഭാര്യയെ പറ്റിയുള്ള പാപ്പിറസ് ക്രിത്രിമമല്ല**
ലൗറീ ഗൂഡ്സ്റ്റൺ

37
**ഭാരതത്തിന്റെ ജനവിധി**
മുസാഫിർ

42
**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിൽ നിങ്ങൾ കണിശക്കാരായിരിക്കുവിൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മാതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ച് നിൽക്കുവിൻ അവർ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗത്തിൽ നിന്ന് തെന്നിപ്പോവാതിരിക്കാൻ നിങ്ങൾ സ്വേച്ഛക്ക് അടിപ്പെടാതെ സൂക്ഷിക്കുവിൻ. നിങ്ങൾ സത്യം മറച്ച് വെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്തെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ **(4: 136)**



## നബിവചനം

അബൂമറിയമി(റ)ൽ നിന്ന് നിവേദനം: ഞാനൊരിക്കൽ മുആവിയ(റ)യോട് പറഞ്ഞു. റസൂൽ(സ)പറയുന്നത് ഞാൻ കേട്ടു. മുസ്‌ലിംകളുടെ വല്ല കാര്യവും അല്ലാഹു ഒരാളെ ചുമതലപ്പെടുത്തി, എന്നിട്ടവരുടെ ദാരിദ്ര്യത്തിന്റെയും മറ്റാവശ്യങ്ങളുടെയും മുമ്പിലവൻ വിലങ്ങായാൽ അന്ത്യദിനത്തിൽ അല്ലാഹു അവന്റെ ആവശ്യത്തിനുമുമ്പിൽ തടസ്സം സൃഷ്ടിക്കുന്നതാണ്. (അബൂദാവൂദ്, തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



മനുഷ്യന്റെ പ്രകൃതി ധർമങ്ങളിൽ പ്രത്യേകമായിരിക്കുന്ന ഒരു ഗുണമാണ് സത്യ സന്ധത. അവൻ സ്വാർഥപരമായ എന്തെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന് പ്രകൃത്യാ അറപ്പും വെറുപ്പുമാണ്. അതു കൊണ്ട്തന്നെയാണ് വ്യാജം പറഞ്ഞതായി തെളിയുന്ന ആളുടെ നേരെ അവന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ ഗുണം കേവലം ഒരു സദ്ഗുണമായി പരിഗണിക്കാവതല്ല. എന്തു കൊണ്ടെന്നാൽ ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണാവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർഥപരമായ ഉദ്ദേശ്യങ്ങളിൽ നിന്ന് വേർപെടാതിരിക്കുന്ന കാലം വരെ മനുഷ്യന് യഥാർഥത്തിൽ സത്യസന്ധനായി തീരാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചിടത്തോളം സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുമെന്ന് കാണുന്ന ഘട്ടത്തിൽ കള്ളം പറയുകയും സത്യം പറയാതെ മൗനം ദീക്ഷിക്കുകയും ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ അവന് ഒരു ശിശുവിനേക്കാളും ഭ്രാന്തനേക്കാളും യാതൊരു മെച്ചവുമില്ല.. (ഇസ്‌ലാംമതതത്ത്വജ്ഞാനം)

എഡിറ്റോറിയൽ

# നീതിയും നിയമവും

ഏത് അവസ്ഥയിലും നീതി ഉയർത്തിപ്പിടിക്കുക എന്നത് ഇസ്ലാമിന്റെ പ്രഖ്യാപിത നിലപാടാണ്. വിശുദ്ധഖുർആൻ പറയുന്നു.

***പറയുക, എന്റെ നാഥൻ നീതി പ്രവർത്തിക്കാൻ കൽപ്പിച്ചിരിക്കുന്നു.(7:39)***

നീതിക്ക് പകരം ഫിഖ്ഹ് പണ്ഡിതന്മാർ നിർമിച്ച ഇസ്ലാമിക നിയമം നടപ്പാക്കാനുള്ള വ്യഗ്രതയാണ് മുസ്ലിം നാമധാരികളായ തീവ്രവാദികളുടെ മുദ്രാവാക്യങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. നിയമാനുസാരം കണിശമായി പ്രവർത്തിക്കുക എന്നത് തീവ്രവാദപരമായ ഒരു ജൂത ശൈലിയാണ്. വിശ്വകവി ഷേക്സ്പിയർ '*മർച്ച്ന്റ്ഓഫ് വെനീസ്*' എന്ന നാടകത്തിൽ നിരപരാധിയാണെന്നറിഞ്ഞിട്ടും കരാറിലെ നിയമ വ്യവസ്ഥ പ്രത്യക്ഷരം പാലിക്കാൻ അന്റോണിയോ എന്ന നല്ലവനായ കച്ചവടക്കാരന്റെ ഹൃദയം ചൂഴ്ന്നെടുക്കാൻ ആവശ്യപ്പെട്ട ശൈലോക്കിനെ ഓർക്കുക.

ഇസ്ലാം മിക്ക പ്രശ്നങ്ങളിലും നിയമപരമായ ചട്ടകൂട് എന്നതിനേക്കാൾ നിർദിഷ്ട നിലവാരങ്ങളും മൂല്യങ്ങളുമാണ് മാനവരാശിക്ക് നൽകിയിരിക്കുന്നത്. എല്ലാറ്റിന്നും നിയമം നിർമിച്ച് മനുഷ്യമനസ്സാക്ഷിയെ ഇസ്ലാം യാന്ത്രികമാക്കുയോ മനുഷ്യബുദ്ധിയേയും വിവേചന ബോധത്തെയും അപ്രസക്തമാക്കുകയോ മനുഷ്യപുരോഗതിയെ തടയുകയോ ചെയ്തിട്ടില്ല.നീതി നടപ്പാക്കുമ്പോൾ സാഹചര്യങ്ങളുടെ പ്രത്യേകതകളും വിഷയത്തിന്റെ സങ്കീർണതകളും സർവോപരി വിട്ടു വീഴ്ച്ചയും കാരുണ്യവും പരിഗണിക്കേണ്ടതുണ്ടെന്നും ഇസ്ലാം ആഗ്രഹിക്കുന്നു. നിയമത്തിന്റെ വഴക്കമില്ലാത്ത ചട്ടകൂടുകൾ പലപ്പോഴും നീതിയുടെ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടാൻ പര്യാപ്തമല്ല എന്ന് കാണാം. ചില നിയമങ്ങൾ കാലകാലങ്ങളിൽ മാറ്റത്തിന് വിധേയമാണ്. എന്നാൽ മൂല്യങ്ങൾ ഒരിക്കലും മാറുന്നില്ല. അത് കൊണ്ടാണ് അന്ത്യനാൾ വരെ നിലനിൽക്കുന്ന വിശുദ്ധ ഖുർആനിൽ പ്രശ്നപരിഹാര ത്തിനായി നിശ്ചിതമായ നിയമരൂപങ്ങൾക്ക് പകരം നിർദേശകതത്ത്വങ്ങളും മാർഗദർശന വചനങ്ങളും അധികമായി കാണാൻ കഴിയുന്നത്. നിയമ വാഴ്ച്ചക്ക് പകരം നീതിയുടെ വാഴ്ച്ചയാണ് ഇസ്ലാം അഭിലഷിക്കുന്നത്. അമിതമായ നിയമനിർമാണ പ്രവണത ഒരു ജൂത സമ്പ്രദായമാണെന്ന് ഖുർആൻ ഓർമിപ്പിക്കുകയും അതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നത് കാണുക.

***അല്ലയോ വിശ്വാസികളേ, വെളിപ്പെടുത്തിതന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ ചോദിക്കായ്‌വീൻ .... അല്ലാഹു തന്നെ അവയെ വിട്ടുകളഞ്ഞിരിക്കുകയാണ്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനും അ ത്രെ. നിങ്ങൾക്ക് മുമ്പേയുള്ള ഒരു ജനം നിശ്ചയമായും അപ്രകാരം ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അവർക്ക് നിദേശങ്ങൾ ലഭിച്ചപ്പോൾ അവർ അതിനെ തിരസ്ക്കരിച്ചു കളയുകയാണുണ്ടായത് (5:102,103)***

അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് പ്രവാചകരോട് വിധി സമ്പാദിക്കുന്നതിനെതിരെ റസൂൽ തിരുമേനി (സ) യുടെ ഒരു തിരു വചനം കാണുക: '***നിഷിദ്ധമല്ലാത്ത ഒരു സംഗതി ഒരാൾ ചോദിച്ചു. അയാൾ ചോദിച്ചതു കൊണ്ട് അത് നിഷിദ്ധമാക്കപ്പെട്ടു. അയാളാണ് മുസ്ലിംകളിൽ ഏറ്റവും വലിയ പാപി(ബുഖാരി)***' മറ്റൊരു വചനത്തിൽ '***നിങ്ങൾക്ക് വിട്ടു തന്ന കാര്യങ്ങളിൽ എന്നോട് സംസാരിക്കാതിരിക്കുക. അമിതമായ ചോദ്യങ്ങളും തങ്ങളുടെ പ്രവാചകന്മാരെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളുമായിരുന്നു നിങ്ങൾക്ക് മുമ്പുള്ളവരുടെ നാശഹേതു. ഞാനൊരു കാര്യം നിരോധിച്ചാൽ അതിൽ നിന്നും വിട്ടു നിൽക്കുക. കൽപ്പിച്ചാൽ കഴിവനുസരിച്ച് അത് ചെയ്യുക. ഞാൻ നിരോധിച്ച കാര്യങ്ങൾ ഉപേക്ഷിക്കുക'(ബുഖാരി)*** നീതി ബോധം ദിവ്യമായ എല്ലാസദ്ഗുണങ്ങളുടേയും പ്രതിഫലനമാണ്. നിയമരൂപം നീതി നടപ്പാക്കാനുള്ള ഉപകരണം മാത്രമാണ്.



ഹദ്റത്ത് അഹ്മദ് (അ)

# റമദാൻ: വാഗ്ദത്ത മസീഹിന്റെ വചനങ്ങളിൽ

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാത്തരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ)റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസും നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നുതന്നെ സഹായം തേടേണ്ടതാണ്." (ഇസ്ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).

**നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും**

"ഇസ്ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." (മൽഫൂദാത്ത് വാള്യം 9 പേജ് 123, പതിപ്പ് 1984)

**റമദാൻ എന്ന നാമം**

"സൂര്യന്റെ ചൂടിനാണ് **റമദ** എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് **റമദാൻ** (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതു

ശേഷം പേജ് 39 ൽ

# പരീക്ഷണങ്ങൾ ദൈവാനുഗ്രഹത്തിന്റെ സുവിശേഷം



(അമീറുൽ മുഅ്മിനീൻ ഖലീഫ ത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 മെയ് 23 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബ്ബയുടെ സംഗ്രഹം

***അ**ല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത്. അല്ല, അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആഹാരം നല്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുഅവർക്ക് നല്കിയതിൽ അവർ സന്തുഷ്ടരാണ്; അവരുടെ പിന്നിൽനിന്ന് തങ്ങളോടൊപ്പം വന്നു ചേർന്നിട്ടില്ലാത്തവരെക്കുറിച്ചും അവർ സന്തോഷിക്കുന്നു. കാരണം അവർക്ക് (അവരുടെ പിന്നാലെ വരുന്നവർക്ക്) യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല (എന്ന് അവർക്കറിയാം) അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും നിമിത്തം അവർ സന്തോഷിക്കുന്നു. സത്യ വിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല എന്നതിലും (അവർ സന്തോഷിക്കുന്നു.) (വിശുദ്ധ ഖുർആൻ 3: 170-172)*

'തങ്ങൾ ചെയ്തിട്ടുള്ള പ്രതിജ്ഞകളുടെ ആത്മാവിനെ അറിയുന്നവരും ത്യാഗങ്ങളുടെ ആത്മാവിനെ തിരിച്ചറിയുന്നവരും അവർ തിരിച്ചറിയുന്നുവെന്ന് മാത്രമല്ല അതിന് ഇക്കാലത്ത് എങ്ങും മാതൃകകാണാത്ത രീതിയിൽ മാതൃക കാണിക്കുന്നവരുമായ ആളുകളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാണ്. സ്വന്തം ധനം മതപ്രവർത്തന

ത്തിനായി ത്യാഗം ചെയ്യുന്നവരെ സംബന്ധിച്ച് ചോദിക്കുകയാണെങ്കിൽ അഹ്മദിയ്യ ജമാഅത്തിലെ അംഗങ്ങൾ സംഘമായി മുന്നിൽവന്നു നിൽക്കുന്നു. സമയത്തെ ബലിയർപിക്കുന്നവരെ സംബന്ധിച്ച് ചോദിക്കുകയാണെങ്കിൽ ഇന്ന് അഹ്മദിയ്യ ജമാഅത്തിൽ മതപ്രവർത്തനത്തിനുവേണ്ടി സമയം ചെലവഴിക്കുന്നവരുടെ ഉന്നതമായ മാതൃക നിലവിലുണ്ട്. അഭിമാനം ദീനിനുവേണ്ടി ബലിയർപിക്കുന്നവരുടെ മാതൃക കാണണമെങ്കിൽ ഇന്ന് അഹ്മദിയ്യ ജമാഅത്തിൽ മാതൃക കാണാം. ജീവിതം ഇസ്‌ലാമിക പ്രബോധനത്തിനായി അർപണം ചെയ്യാൻ ആവശ്യപ്പെട്ടാൽ സത്യവാന്മാരുടെ സംഘം ആ പ്രവർത്തനത്തിനായി സ്വയം തങ്ങളെ സമർപിക്കുന്നു. ജീവാർപണത്തിന്റെ യഥാർഥമായ മാതൃക കാണണോ, അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രം ഈ യഥാർഥമായ ത്യാഗത്തിന്റെ മാതൃകകളുടെമേൽ മുദ്ര പതിക്കുന്നു.

അല്ലാഹു പറഞ്ഞിട്ടുള്ള കല്പനയനുസരിച്ച് അല്ലാഹുവിനുവേണ്ടി അത്തരം ത്യാഗങ്ങളുടെ മാതൃക കാണിക്കാൻ ഇന്ന് അഹ്മദിയ്യ ജമാഅത്തിനെ അവൻ സൃഷ്ടിച്ചിരിക്കുകയാണ്. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു ആ രീതിയിലുള്ള ജമാഅത്താണ് നല്കിയിട്ടുള്ളത്. അതിലെ അധികംപേരും മുതലും ജീവനും സമയവും മാനവും ബലിയർപിക്കേണ്ടതിന്റെ ആത്മാവ് മനസ്സിലാക്കുന്നവരാണ്. അതിനുവേണ്ടി എപ്പോഴും തയ്യാറായിരിക്കുന്നവരാണ്. എന്നാൽ, അറിവില്ലായ്മകൊണ്ട് സത്യവിശ്വാസിക്ക് ചേരാത്ത പ്രകടനം നടത്തുന്ന ചിലരും ഉണ്ട്. അതിൽ ആവശ്യത്തിന് ശിക്ഷണം ലഭിക്കാത്തവരും പക്വതയില്ലാത്തവരും ഈ പരീക്ഷണങ്ങളുടേയും പരീക്ഷകളുടേയും കാലം നീണ്ടുപോകുകയാണെന്ന് ചിലയാളുകൾ എനിക്കെഴുതാറുമുണ്ട്. പ്രയാസങ്ങളുടേയും പരീക്ഷകളുടേയും കാലം നീണ്ടുപോകുന്നു എന്നത് മാത്രമാണെങ്കിൽ, അല്ലാഹു എത്രയും വേഗം അതെല്ലാം അകറ്റിയാൽ തരക്കേടൊന്നുമില്ല. കാരണം വിഷമങ്ങളും പരീക്ഷണങ്ങളും അതിന്റെ പാരമ്യതയിലെത്തുമ്പോൾ ദൈവദൂതന്റേയും സത്യവിശ്വാസികളുടേയും ജമാഅത്ത് **'മത്താ നസ്റുല്ലാഹ്'** എന്ന് ചോദിച്ചു വിലപിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. എന്നാൽ, അത്തരം പ്രകടനം ഭൗതിക കാര്യങ്ങളിലേക്കും കാര്യഹേതുക്കളിലേക്കുമാണ് പ്രേരിപ്പിക്കുന്നതെങ്കിൽ അതൊരു സത്യവിശ്വാസിക്ക് ചേർന്നതല്ല. ഉദാഹരണത്തിന്, പാകിസ്ഥാനിൽ എന്തെല്ലാം അക്രമങ്ങളാണോ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് അതെല്ലാം ലോകത്തെ അറിയിക്കണമെന്നും ഈ അക്രമങ്ങൾ ലോകത്തോടു പറഞ്ഞുകൊണ്ടിരിക്കാൻ എം.ടി.എയുടെ ഒരു വലിയ ഭാഗം ഇതിനായിട്ടുമാറ്റിവെക്കണമെന്നും മറ്റു മാർഗങ്ങളും ഇതിനായിട്ട് സ്വീകരിക്കണമെന്നും അക്രമത്തിന്നെതിരെ ശബ്ദമുയർത്തണമെന്നും എനിക്കൊരാളെഴുതി.

ഇതുസംബന്ധമായി ഒന്നാമത് മനസ്സിലാക്കേണ്ടത് ദൈവികജമാഅത്താണെന്നാണ് നമ്മുടെ വാദം. ദൈവികജമാഅത്തുകൾ ഭൗതിക ഭരണകൂടങ്ങളുടെ രീതിയിലോ ഭൗതികമാർഗത്തിലോ പ്രതികരിക്കുന്നതിൽ വിശ്വസിക്കുന്നില്ല. ദൈവികജമാഅത്തുകളുടെ അഭിവൃദ്ധിയിൽ ഭൗതികമായ സഹായത്തിന് ഒരു റോളുമില്ല, ഒരു കൈയുമില്ല. ഭൗതികമായ സഹായങ്ങൾ നിബന്ധനകൂടാതെ ഉണ്ടാകുകയില്ല. ഉദ്ദേശ്യമൊന്നും കൂടാതെയും ഉണ്ടാകുകയില്ല. **മത്താ നസ്റുല്ലാഹ്** എന്ന ശബ്ദം സത്യവിശ്വാസിയിൽനിന്ന് ഉയരുന്നെങ്കിൽ അത് അല്ലാഹുവിന്റെ മുമ്പിലുള്ള പ്രാർഥനയുടെ ശബ്ദമാണ്. അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടും ഓരോ പ്രാവശ്യവും നമ്മൾ പരീക്ഷകളുടേയും പരീക്ഷണങ്ങളുടേയും കാലങ്ങളിലൂടെ കടന്ന് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ടും അവന്റെ അനുഗ്രഹങ്ങളും അവന്റെ സഹായങ്ങളും യാചിക്കുന്നു. അവന്റെ സഹായം തേടിക്കൊണ്ടിരിക്കുമ്പോൾ പുരോഗതിയുടെ പുതിയ പുതിയ വഴികൾ നമ്മുടെ മുമ്പിൽ തുറന്നുകൊണ്ടേപോകുന്നു.

ഇന്ന് ഏകദേശം ലോകത്തെല്ലാം പരന്നുകിടക്കുന്ന അഹ്മദികൾ, ലോകത്തിലെ 204 രാഷ്ട്രങ്ങളിൽ വസിക്കുന്ന അഹ്മദികൾ ഈ പരീക്ഷണങ്ങൾ ജമാഅത്തിന്റെ പുരോഗതിയുടെ പുതിയ പുതിയ വഴികൾ തുറന്നുകൊണ്ടിരിക്കുകയും പുതിയ പുതിയ ഘട്ടങ്ങൾ തരണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതിന്റെ സാക്ഷ്യങ്ങളാണ്. അതുകൊണ്ട് ഒരു രാജ്യത്ത് പരീക്ഷണത്തിന്റെ കാലം നീണ്ടുപോകുന്നുവെന്ന് കണ്ട് പരിഭ്രമിക്കാൻ പാടില്ല. മറിച്ച് നിങ്ങൾ നോക്കേണ്ടത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ വ്യാപനം എത്രമാത്രം വിശാലമായിക്കൊണ്ടിരിക്കുന്നുവെന്നാണ്. ഭൗതികമായ കാര്യഹേതുക്കളുടെപ്രവർത്തനം ശരിതന്നെയാണ്, ഉണ്ടാവേണ്ടതുമാണ്. കാര്യഹേതുക്കളെ ഉപയോഗുക്കുന്നതിന് വിരോധമില്ല. എന്നല്ല അത് സ്വീകരിക്കാൻ കല്പനയുമുണ്ട്. ബാഹ്യമായ മാർഗങ്ങളെ അവലംബിക്കുന്നത് ഒരിക്കലും നിഷിദ്ധമല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏതൊരു പരിധിക്കുള്ളിൽ നിന്നുകൊണ്ട് നമ്മൾ ഈ ബാഹ്യമായ കാര്യഹേതുക്കളെ ഉപയോഗിക്കേണ്ടതുണ്ടോ അത് നമ്മൾ ഉപയോഗിക്കുന്നുമുണ്ട്. ജമാഅത്തിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളെ സംബന്ധിച്ച് ജനങ്ങളെ അറിയിക്കുന്നുമുണ്ട്. ഇന്ന് നമ്മൾ അവരോടു പറയുന്നത്, ഇന്ന് എല്ലാവരും ചേർന്ന് ഈ അതിക്രമങ്ങളെ അടിച്ചൊതുക്കാൻ ശ്രമിച്ചില്ലെങ്കിൽ ഇത് വ്യാപിച്ചുകൊണ്ടേപോകും. ഇത് ജമാഅത്തിന്റെ മാത്രം പ്രശ്നമല്ല, പിന്നീട് ഒരു മനുഷ്യനും സുരക്ഷിതനായിരിക്കുകയില്ല. ഇപ്പോൾ ഇത് പടർന്ന് പിടിച്ചുകൊണ്ടിരിക്കുകയാണ്. ലോകം അത് കണ്ടുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതെല്ലാം പറയുന്നുണ്ടെങ്കിൽത

ന്നെയും നമ്മൾ ഒരു സർക്കാറി നേയും ആശ്രയിക്കുന്നില്ല. ഒരു മനുഷ്യാവകാശ സംഘടനകളേയും ആശ്രയിക്കുന്നില്ല. നമ്മുടെ ആശ്രയം അല്ലാഹു മാത്രമാണ്.

നമ്മുടെ ചിന്താഗതികളും ഭൗതികരായവരുടെ ചിന്താഗതികളും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. നമ്മൾ കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്തിട്ടുള്ളവരാണ്. അദ്ദേഹത്തോട് ഇസ്‌ലാമിന്റെ വിജയങ്ങളെ സംബന്ധിച്ച് അല്ലാഹുവിന്റെ വാഗ്ദാനങ്ങളുണ്ട്. വിജയങ്ങളുടെ പുതിയ പുതിയ വാതായനങ്ങൾ തുറക്കുന്നതിനെ സംബന്ധിച്ച് വാഗ്ദാനങ്ങളുണ്ട്. ഞാൻ പറയുകയുണ്ടായി, ഈ ദൃശ്യങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ, മറ്റുള്ളവരോട് ഇത്തരത്തിലുള്ള ഒരു വാഗ്ദാനവുമില്ല. ശിയാക്കളുടെ ഉദാഹരണങ്ങൾ പറയുന്നതും അല്ലെങ്കിൽ മറ്റാരുടെയെങ്കിലും ഉദാഹരണം എടുത്തുകാട്ടുന്നതും സംബന്ധിച്ച് പറയാനുള്ളത് അവരൊന്നും ഭൗതികമായ പ്രതികരണത്തിലൂടെ തങ്ങളുടെ ലക്ഷ്യം നേടിയെടുത്തതായി എനിക്ക് കാണാൻ കഴിയുന്നില്ല എന്നാണ്. അതേ! എല്ലായിടത്തും വസ്തുവകകൾ നശിപ്പിക്കുന്നതും ഖെരാവോ ചെയ്യുന്നതും തീകൊളുത്തുന്നതും തീർച്ചയായും നടന്നു വരുന്നുണ്ട്. ഇക്കാരണത്താൽ അക്രമം കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മൾ മറ്റൊരു കാര്യംകൂടി ഓർമവയ്ക്കേണ്ടതുണ്ട്. പാകിസ്ഥാനിലോ മറ്റേതെങ്കിലും രാജ്യത്തോ ജമാഅത്തിനുമേൽ അന്യരിൽനിന്ന് അല്ലെങ്കിൽ സർക്കാറുകളിൽനിന്ന് നിയമങ്ങളുടെ മറവിലോ മറ്റേതെങ്കിലും രീതിയിലോ അക്രമങ്ങൾ ഉണ്ടാകുന്നുവെങ്കിൽ, അത് ഇന്ന് ഉണ്ടായിട്ടുള്ളതല്ല. ഇത് കഴിഞ്ഞ രണ്ടോ മൂന്നോ ദശകങ്ങളുടെ കാര്യമല്ല. ഇത് ഹദ്റത്ത് മസീഹ് മൗഊദ് (അ)വാഗ്ദത്ത മസീഹാണെന്ന് വാദിച്ചപ്പോൾ മുതൽ തുടങ്ങിയതാണ്. ഒരു ജമാഅത്ത് രൂപീകരിച്ചപ്പോൾ മുതൽ തുടങ്ങിയതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ജമാഅത്തിനും ആരംഭകാലംമുതൽതന്നെ ഈ വിഷമങ്ങളിലൂടേയും അതിക്രമങ്ങളിലൂടേയും കടന്നു പോകേണ്ടിവന്നു. ഒരിക്കൽ പിറന്നനാട്ടിൽനിന്ന് ഹിജറപോകേണ്ടി വരുമോ എന്ന ചിന്തപോലുമുണ്ടായി. ആ നാടിന്റെ ഉടമസ്ഥർ ദീർഘകാലമായിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബമായിരുന്നു. അവിടേയും അദ്ദേഹം സുരക്ഷിതനായിരുന്നില്ല. നാം അതിനെക്കാൾ പിറകിലേക്ക് പോകുക. നബി(സ)തിരുമേനിയുടെ ജീവിതത്തിന്റെ മുഴുവൻ കാലവും ശത്രുക്കളിൽനിന്ന് അക്രമത്തിന്റെമേൽ അക്രമം കണ്ടുകൊണ്ടാണ് കഴിഞ്ഞുപോയത്.

ആ മഹാത്മാവിന് എല്ലാകാര്യത്തിലും ലോകത്ത് ഒരു മാതൃക സ്ഥാപിക്കണമായിരുന്നു. ആ മഹാത്മാവിന്റെ അനുചരന്മാരും ത്യാഗങ്ങളുടെ മാതൃകകൾ കാഴ്ചവച്ചു. കാരണം അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലും അല്ലാഹുവിന്റെ അധ്യാപനങ്ങളിലുമായിരുന്നു അവരുടെ ദൃഷ്ടി. ഹദ്റത്ത് മസീഹ് മൗഊദും, നബി(സ)തിരുമേനിയുടെ ഛായയിൽ വരണമായിരുന്നു. അതുകൊണ്ട് അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളോടു പറഞ്ഞു, എന്നോടും എന്റെ ജമാഅത്തിനോടും ഈ അക്രമവും ബലാൽക്കാരങ്ങളുമെല്ലാം ഉണ്ടാകേണ്ടതാണ്. വിഷമങ്ങളുടെ കാലഘട്ടം വരേണ്ടതാണ്. ആ മഹാത്മാവ് വ്യക്തമായും പറഞ്ഞു: “എന്റെ വഴി പൂമെത്തവിരിച്ചതല്ല. മുള്ളുകളിലൂടെ നടക്കേണ്ടിവരും.” ആ മഹാത്മാവ് ആരേയും വഞ്ചിച്ചിട്ടില്ല. അഹ്‌മദിയ്യ ജമാഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും വിഷമങ്ങൾ സഹിക്കേണ്ടി വരുമെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പ്രവേശിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്തീഫ് സാഹിബ് ശഹീദ്(റ)നോട് രാജാവ് ആവർത്തിച്ചാവർത്തിച്ച്, ‘നീ വിശ്വസിച്ചിരിക്കുന്ന മസീഹ് മൗഊദിനെ നിഷേധിക്കുക, നിഷേധിച്ചാൽ നിന്റെ ജീവൻ ഞാൻ രക്ഷിക്കാം’ എന്ന് നിർബന്ധിച്ച് പറഞ്ഞു.

ഇത്തരം പ്രലോഭനങ്ങൾക്ക്, ഓരോ പ്രാവശ്യവും അദ്ദേഹം മറുപടി നല്കിയത് ഇങ്ങനെയാണ്: ‘ഇന്ന് അല്ലാഹു അവന്റെ സമ്മാനത്തിന്റെ അവകാശിയാക്കിത്തീർക്കുന്ന മരണം എനിക്കു നല്കുന്നെങ്കിൽ ദുൻയാവിനു വേണ്ടി ഞാൻ അതെന്തിന് നിഷേധിക്കണം. അജ്ഞരായവരുടെ യാചനയാണല്ലോ നിങ്ങൾ എന്നോട് നടത്തിക്കൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ കച്ചവടമാണല്ലോ നിങ്ങൾ ഞാനുമായി ചെയ്തുകൊണ്ടിരിക്കുന്നത്.’ ഇതാണ് സത്യവിശ്വാസിയുടെ തേജോവിലാസം. ഇതിനെ സംബന്ധിച്ചാണ് അല്ലാഹു ഈ വചനങ്ങളിൽ പറയുന്നത്: **ഫമാ വഹനൂ ലിമാ അസാബഹും ഫീ സബീലില്ലാഹി വമാ ളഉഫൂ വമസ്തക്കാനൂ വല്ലാഹു യുഹിബ്ബുസ്സാബിരീൻ** (3:147) അല്ലാഹുവിന്റെ വഴിയിൽ അവർക്കു വന്നുഭവിച്ച വിനാശം കാരണത്താൽ അവർ ബലഹീനത കാണിച്ചില്ല. ശത്രുവിന്റെ മുമ്പിൽ തലതാഴ്ത്തിയതുമില്ല. അല്ലാഹു ക്ഷമകൈക്കൊളളുന്നവരെ സ്നേഹിക്കുന്നു.

ഇന്നും നമ്മുടെ എതിരാളികൾക്കുള്ള വിഷമം ഇവരെന്തുകൊണ്ട് ബലഹീനത കാണിക്കുന്നില്ല എന്നോർത്താണ്. എന്തുകൊണ്ട് നമ്മുടെ അക്രമങ്ങൾക്കുമുമ്പിൽ മുട്ടുമടക്കുന്നില്ല. പക്ഷേ, ഒരു യഥാർഥ അഹ്‌മദി എപ്പോഴും അല്ലാഹുവിലാണ് ദൃഷ്ടി പതിപ്പിക്കുന്നത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി എപ്പോഴും പരിശ്രമിക്കുന്നു. അല്ലാഹു തന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു ദുആയും പഠിപ്പിച്ചു. അതായത് സ്വന്തം ചുവട് ഉറച്ചുനില്ക്കുന്നതിനുവേണ്ടി എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുക. കാരണം വിശ്വാസത്തിന്റെ ശക്തി അല്ലാഹുവിൽനിന്നുതന്നെയാണ് വരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിനെക്കുറിച്ച് പറയുന്നു:

'നമ്മുടെ റബ്ബ് അല്ലാഹുവാണെന്ന് പറയുകയും നിരർഥമായ ദൈവങ്ങളിൽനിന്ന് വേർപെടുകയും പിന്നീടു അതിൽ ഉറച്ചു നില്ക്കുകയും ചെയ്തവർ. അതായത് പലരീതിയിലുള്ള പരീക്ഷണങ്ങളുടേയും ബലാകളുടേയും നേരത്ത് അടിപതറാതെ നില്ക്കുന്നവരുടെമേൽ അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നു. നിങ്ങൾ ഭയപ്പെടേണ്ട. വിഷമിക്കുകയും വേണ്ട. സന്തോഷരായിരിക്കുക. സന്തോഷത്തിൽ ഭരിതരായിത്തീരുക. നിങ്ങൾ നിങ്ങളോടു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സന്തോഷത്തിന്റെ അനന്തരാവകാശികളായിത്തീരും. നാം ഈ ഇഹലോകജീവിതത്തിലും പരലോകജീവിതത്തിലും നിങ്ങളുടെ സുഹൃത്തായിരിക്കും.' ഇവിടെ ഈ വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നത് സ്ഥിരനിശ്ചയം മുഖേന അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നുവെന്നാണ്. സ്ഥിരനിശ്ചയം അമാനുഷികസിദ്ധിയുടെ മീതെയാണെന്നുള്ളതാണ് സത്യമായ കാര്യം. തികഞ്ഞ സ്ഥിരനിശ്ചയം എന്നു പറയുന്നത് ബലാകൾ നാലുഭാഗത്തും വളഞ്ഞിരിക്കുന്നതു കാണുകയും അല്ലാഹുവിന്റെ മാർഗത്തിൽ ജീവനും മാനവും അന്തസ്സും അപകടത്തിലാണെന്ന് മനസ്സിലാകുകയും സമാധാനപ്പെടുത്തുന്ന ഒരു കാര്യവും ഇല്ലാതിരിക്കുകയും എത്രത്തോളമെന്നാൽ അല്ലാഹുവും പരീക്ഷിക്കാനായി ജാഗ്രദർശനവും സ്വപ്നവും ഇൽഹാമും നിറുത്തൽ ചെയ്യുകയും ഭയങ്കരമായ ഭീതിയിൽ ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ പൗരുഷമില്ലായ്മ കാണിക്കാതിരിക്കുകയും ഭീരുക്കളെപോലെ പിന്നാക്കം പോകാതിരിക്കുകയും കൂറിന്റെ ഗുണവിശേഷത്തിൽ ഒരു വിള്ളലും ഉണ്ടാക്കാതിരിക്കുകയും സത്യസന്ധതയിലും ദൃഢതയിലും ഒരു പോറലും ഇടാതിരിക്കുകയും ചെയ്യുക എന്നതാണ്. നിന്ദ്യതയിൽ സന്തോഷിക്കുക. മരണത്തിൽ തൃപ്തിയടയുക. ചുവടുകൾ ഉറപ്പിച്ചു നിറുത്തുന്നതിന് ആരുടെയെങ്കിലും സഹായം പ്രതീക്ഷിച്ചു നില്ക്കാതിരിക്കുക.

ഈ അവസ്ഥയാണ് നമ്മളിൽ ഓരോരുത്തരും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഇത് ലഭിക്കുകയില്ല. ഈ അവസ്ഥ ഉണ്ടായാൽ, മനുഷ്യൻ എല്ലാ ത്യാഗത്തിനും സന്നദ്ധനായാൽ, അപ്പോൾ അല്ലാഹു കൈവിട്ടുകളയുകയില്ല. ദാസനെ മുമ്പത്തെക്കാൾ അധികം താങ്ങി പിടിക്കുന്നു. അപ്പോൾ സ്വർഗത്തെ സംബന്ധിച്ച് വാഗ്ദാനവും നല്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് അതിൽ സ്ഥിരനിശ്ചയത്തിനുള്ള പ്രാർഥനയും പഠിപ്പിച്ചു. ശത്രുക്കളുടെമേൽ വിജയം വരിക്കാനുള്ള പ്രാർഥനയും പഠിപ്പിച്ചു. അതിന്റെ ഉദ്ദേശ്യംതന്നെ അല്ലാഹു ആ പ്രാർഥനകൾ സ്വീകരിച്ചുകൊണ്ട് വിജയങ്ങളുടെ കവാടങ്ങൾ തുറക്കുമെന്നാണ്. ശത്രുക്കൾക്ക് ഓടിപ്പോകാൻ ഒരിടവും ഉണ്ടാകുകയില്ല. അവസാനം വിജയിക്കുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്തത് പുലരുക തന്നെ ചെയ്യും. അവസാന വിജയം നമുക്കുതന്നെയായിരിക്കും.

ഈ ത്യാഗങ്ങളുടെ കഥ രചിക്കുന്നവരിൽ, അല്ലാഹുവിൽനിന്ന് സ്വർഗത്തിന്റെ സുവാർത്ത പ്രാപിക്കുന്നവരിൽ ഇന്ന് വീണ്ടും നമ്മുടെ ഒരു സഹോദരനും ചെന്ന് ചേർന്നിരിക്കുന്നു. അദ്ദേഹം മുകർറം ഫത്ഹ് മുഹമ്മദ് സാഹിബിന്റെ മകൻ മുകർറം ഖലീൽ അഹ്മദ് സാഹിബാണ്. ശേയ്ഖ്പൂർ ജില്ലയിലെ **ഭൂവിവാൽ** എന്ന സ്ഥലത്ത് 2014 മെയ് 16 ന് അദ്ദേഹം ശഹീദാക്കപ്പെട്ടു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. സംഭവം ഇങ്ങനെയാണ്. 2014 മെയ് 13ന് എതിരാളികൾ ഗ്രാമത്തിൽ ജമാഅത്ത് വിരുദ്ധമായ സ്റ്റിക്കർ പതിച്ചിരുന്നത് കീറിയതുമായി ബന്ധപ്പെട്ട് അഹ്മദികളുമായി വഴക്കുണ്ടായി. വഴക്കായിരുന്നില്ല, വാക്തർക്കമായിരുന്നു. ഈ പ്രശ്നത്തെ മറയാക്കി അവർ ജമാഅത്തിന്നെതിരിൽ **ഭൂവിവാളിൽ** ജാഥ സംഘടിപ്പിച്ചു. ലൗഡ്സ്പീക്കറിലൂടെ ജമാഅത്തിന്നെതിരിൽ പ്രകോപനപരമായ പ്രസംഗങ്ങൾ നടത്തി. ട്രാഫിക് തടസ്സം സൃഷ്ടിച്ച് അഹ്മദികൾക്കെതിരിൽ കേസ്സെടുക്കാൻ പോലീസിനോട് ആവശ്യപ്പെട്ടു. ഇതു പ്രകാരം മുബശ്ശിർ അഹ്മദ് സാഹിബ്, ഗുലാം അഹ്മദ് സാഹിബ്, ഖലീൽ അഹ്മദ് സാഹിബ്, ഇഹ്സാൻ അഹ്മദ് സാഹിബ് എന്നീ നാല് അഹ്മദികൾക്കെതിരിൽ പോലീസ് കേസെടുത്തു. എഫ്. ഐ. ആറിൽ കുറ്റം ചുമത്തപ്പെട്ടവരിൽനിന്ന് ഖലീൽ അഹ്മദ് സാഹിബിനേയും കുറ്റം ചുമത്തപ്പെട്ടവരുടെ ചില ബന്ധുക്കളേയും അറസ്റ്റു ചെയ്ത് ലോക്കപ്പിൽവെച്ചു. കേസ്സ് രേഖപ്പെടുത്തിയതിനുശേഷം എഫ്. ഐ. ആറിൽ പറയപ്പെട്ട ബാക്കി കുറ്റം ചുമത്തപ്പെട്ടവരിൽ ഖലീൽ സാഹിബിന്റെ ജാമ്യാപേക്ഷയിലുള്ള നടപടി നടക്കുകയായിരുന്നു. 2014 ജുമുഅ ദിവസം ഉച്ചയ്ക്ക് പന്ത്രണ്ടേകാൽ മണിക്ക് അടുത്ത ഗ്രാമവാസിയായ സലീം എന്ന് പേരുള്ള ഒരു യുവാവ് വന്നു. താൻ ഭക്ഷണം കൊടുക്കാൻ വന്നതാണെന്ന് അറിയിച്ചു. ലോക്കപ്പിന്റെ അടുത്ത് വന്നിട്ട് ഖലീൽ അഹ്മദ് ആരാണെന്ന് ചോദിച്ചു. ആളെ തിരിച്ചറിഞ്ഞപ്പോൾ കൈത്തോക്കെടുത്ത് ഖലീൽ സാഹിബിന്റെ മുഖത്തേക്ക് വെടിയുതിർത്തു. അദ്ദേഹത്തിന് ഗുരുതരമായ പരിക്കേറ്റു. മറ്റു അഹ്മദി തടവുകാർക്കുനേരേയും കൊലപാതകി നിറയൊഴിക്കാൻ ശ്രമം നടത്തി. പക്ഷേ, അപ്പോൾ വെടിയുണ്ട ഉടക്കിപ്പോയതിനാൽ കൈത്തോക്ക് ചലിച്ചില്ല. പോലീസുകാർ കുറ്റവാളിയെ കീഴടക്കി. ഖലീൽ സാഹിബിനെ ലോക്കപ്പിൽനിന്ന് വെളിയിൽ കൊണ്ടുവന്നു. അപ്പോൾ അദ്ദേഹം വീരമൃത്യു വരിച്ചു കഴിഞ്ഞിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

(വിവ. മൗലവി മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ)

# പരിശുദ്ധ റമദാനു സ്വാഗതം

വിശ്വാസികളുടെ ഹൃദയവും മനവും തനുവും ആത്മീയ സുരഭിലമായ റമദാനെ വരവേൽക്കാൻ ഒരുങ്ങുന്നു

മുഹമ്മദ് ഉമർ എച്ച്. എ.

**പ**രിശുദ്ധ റമദാൻ അതിന്റെ എല്ലാ ദൈവികാനുഗ്രഹങ്ങളോടും കൂടി നമ്മുടെ ജീവിതത്തിലേക്ക് വീണ്ടും സമാഗതമായിരിക്കുന്നു. ദൈവികാരാധനയുടെയും ദൈവസ്മരണയുടെയും ആത്മീയോന്നമനത്തിന്റെ ആ പരിശുദ്ധ വസന്തകാലം സമാഗതമാവുമ്പോൾ ഒരു വിശ്വാസിയുടെ ഹൃദയം സ്വർഗീയ കവാടത്തിന്റെ പടികടന്നെത്തിയ ഒരാത്മീയ അനുഭൂതി അനുഭവിച്ചതായറിയുന്നു. റസൂൽ തിരുമേനി (സ) യുടെ ജീവിത കാലത്ത് ഒരിക്കൽ റമദാൻ സമാഗതമാകുന്നതിന് മുമ്പ് അവിടുന്ന് തന്റെ അനുചരരെ അഭിസംബോധന ചെയ്ത് കൊണ്ട് ഇപ്രകാരം അരുളി.

അല്ലയോ ജനങ്ങളെ! അതിമഹത്തായൊരു മാസം നിങ്ങൾക്ക് തണലേകാൻ ഇതാ സമാഗതമായിരിക്കുന്നു. ദൈവികാനുഗ്രഹങ്ങൾ നിറഞ്ഞ ആ മാസത്തിൽ ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ഒരു രാത്രിയുണ്ട്. ആ മാസത്തിൽ നിങ്ങൾക്ക് നോമ്പ് കടമയാക്കപ്പെട്ടിരിക്കുന്നു. അതേ സമയം ആ പരിശുദ്ധമാസത്തിലെ രാത്രിയിൽ തഹജ്ജുദ് എന്ന ഇബാദത്ത് ഐഛിക കടമയാക്കപ്പെട്ടിരിക്കുന്നു. ദൈവസാമീപ്യം ആഗ്രഹിച്ചു കൊണ്ട് ആ മാസത്തിൽ ചെയ്യപ്പെടുന്ന ഐഛികാരാധനകൾക്ക് സാധാരണ ദിവസങ്ങളിലനുഷ്ഠിക്കപ്പെടുന്ന നിർബന്ധിത ആരാധനകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. ഈ പുണ്യമാസത്തിൽ ചെയ്യപ്പെടുന്ന ഫർളായ ഇബാദത്തുകൾക്ക് എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നു. ക്ഷമയുടെയും സഹനത്തിന്റെയും പുണ്യമാസമാകുന്നു ആഗതമാകുന്നത്. ക്ഷമയുടെ പ്രതിഫലം സ്വർഗമാകുന്നു. അത് അനുകമ്പയുടെയും സഹാനുഭൂതിയുടെയും മാസമാകുന്നു. ആ മാസത്തിൽ നോമ്പനുഷ്ഠിച്ച് ആളുകളെ നോമ്പുതുറപ്പിക്കുന്നത് അയാളുടെ പാപമോചനത്തിനും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിനുംകാരണമായി തീരുന്നു മാത്രമല്ല നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം നോമ്പുതുറപ്പിക്കുന്ന ആൾക്കും ലഭിക്കുന്നതാണ്. എന്നാലോ നോമ്പ് തുറപ്പിക്കപ്പെടുന്ന ആളുടെ പ്രതിഫലം കുറക്കപ്പെടുന്നതുമല്ല. തദവസരത്തിൽ സഹാബാക്കളിൽ ചിലർ ചോദിച്ചു: യാ റസൂലുല്ലാഹ് ഞങ്ങളിൽ ഇപ്രകാരം നോമ്പ് തുറപ്പിക്കാൻ കഴിയാത്തവരുമുണ്ടല്ലോ!

അപ്പോൾ റസൂൽ തിരുമേനി (സ) പ്രതിവചിച്ചു: അൽപ്പം വെള്ളമോ കാരക്കയോ നൽകി നോമ്പുതുറുപ്പിക്കുന്നവനും പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ വയർ നിറച്ച് ആഹാരം നൽകുന്നയാൾക്ക് എന്റെ ഹൗളർ കൗസറിൽ നിന്ന് ജലപാനം ചെയ്യിക്കുന്നതായിരിക്കും. അങ്ങനെയുള്ള ആൾക്ക് പിന്നെ സ്വർഗത്തിൽ പ്രവേശിക്കുന്നത് വരെ ഒരിക്കലും ദാഹം ഉണ്ടാകുന്നതല്ല. ആ പുണ്യമാസത്തിന്റെ ആദ്യ ഘട്ടം റഹ്മത്തിന്റെയും (കാരുണ്യത്തിന്റെയും) മദ്ധ്യ ഘട്ടം മഗ്ഫിറത്തിന്റെയും (പാപപ്പൊറുതിയുടെയും) ആന്ത്യഘട്ടം പൂർണ പ്രതിഫലം നൽകപ്പെടുന്നതിന്റെയും ആകുന്നു (മിശ്കാത്ത്)

സുദീർഘമായ പ്രസ്തുത ഹദീസിൽ നിന്നും പുണ്യറമദാൻ മാസത്തിലടങ്ങിയിരിക്കുന്ന പ്രത്യേകതയും അനുഗ്രഹവും ഗ്രഹിക്കാൻ കഴിയുമല്ലോ.

ഇനി ഈ പരിശുദ്ധ മാസത്തെ കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) എന്താണരുൾ ചെയ്തതെന്ന് നോക്കാം.

***'ശഹറു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ'(2:186)*** എന്ന ആയത്തിൽ നിന്നും വിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം ഹൃദയ പ്രകാശനത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികം ആത്മീയ ദർശനങ്ങൾ ഉണ്ടാകുമെന്നും സൂഫിമാർ എഴുതുന്നു. നമസ്ക്കാരം ആത്മാവിന് സംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും നൽകുന്നു. ആത്മസംസ്ക്കരണമെന്നാൽ ദോഷ പ്രണവമായ ആത്മാവിന്റെ ദേഹേഛകളിൽ നിന്നും ദൂരപ്പെടുക എന്നതും ഹൃദയ പ്രകാശം എന്നാൽ ആത്മ ദർശനത്തിനുള്ള കവാടം തുറന്ന് അല്ലാഹുവിനെ കാണുവാൻ സാധിക്കുകയെന്നു

മാണു ഉദ്ദേശ്യം. 'ഉൻസില ഫീഹിൽ ഖുർആൻ' എന്ന ആയത്ത് ഇതിലേക്ക് സൂചന ൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം അതിമഹത്തായതാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യന് ഈ അനുഗ്രഹം നഷ്ടപ്പെടുത്തുന്നു. എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലെ ബയ്ത്തിന്റെ ചര്യയിൽ പ്പെട്ടതാണെന്ന് ഞാൻ ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് റസൂൽ തിരുമേനി(സ) '*സൽമാൻ മിന്നാ അഹലുൽ ബൈത്തി'* സൽമാൻ അഹ്‌ലുബൈത്തിൽപ്പെട്ട ആളാണെന്ന് അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് രണ്ട് വിധത്തിലുള്ള സമാധാനം. രഞ്ജിപ്പ്, യോജിപ്പ് എന്നാണർഥം ഇത്കൊണ്ട് ആന്തരികവും ബാഹ്യവുമായി രണ്ട് വിധത്തിലുള്ള സമാധാന സ്ഥാപനം എന്നാണു ഉദ്ദേശം. ആ ആൾ (വാഗ്ദത്ത മസീഹ്) കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും. ഈ രണ്ടു വിധത്തിലുള്ള സമാധാനവും സ്ഥാപിക്കുക. ഈ സമാധാന സ്ഥാപനം ഖഡ്ഗം മുഖേനയല്ല. സൗമ്യതയും കാരുണ്യവും മുഖേനയായിരിക്കും എന്ന് ഇതിൽ നിന്നും മനസ്സിലാവുന്നു. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നു വെന്നെനിക്കു തോന്നി. അങ്ങനെ ഞാൻ ആറു മാസക്കാലം തുടർന്ന് നോമ്പനുഷ്ഠിച്ചു. ഇതിനിടയിൽ പ്രകാശത്തിന്റെ സ്തുപങ്ങൾ ആകാശത്തേക്ക് ഉയർന്ന് പോകുന്നതായി എനിക്ക് കാണാൻ സാധിച്ചു. ആ പ്രകാശ സ്തൂപങ്ങൾ ഭൂമിയിൽ നിന്ന് ആകാശത്തേക്ക് ഉയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്നുമാണോ എന്നെനിക്ക് സംശയമാണ്. (മൽഫൂദാത്ത്, വാല്യം4, പേജ് 256, 257)

കഴിവനുസരിച്ച് അല്ലാഹു നിർദേശിച്ച കടമകൾ നിർവഹിക്കുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെകുറിച്ച് അല്ലാഹു പറയുന്നത് '***വ അൻതസുമൂ ഖൈറുല്ലക്കും' (2:185)*** നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ നിങ്ങൾക്കത് വളരെ യധികം ഗുണകരമാണ് എന്നാണ്.'

'എന്തിനാണ് ഫിദിയ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് എന്ന ചിന്ത ഒരിക്കൽ എന്റെ ഹൃദയത്തിൽ ഉദിക്കുകയുണ്ടായി. അപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള തൗഫീഖ് (സൗഭാഗ്യം) ലഭിക്കുന്നതിനായിട്ടാണെന്ന് എന്റെ അന്തരംഗം എനിക്ക് മറുപടി നൽകി. മനുഷ്യന് തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ട് ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടതും. അല്ലാഹു സർവശക്തനാണ്. അവൻ ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയ രോഗിക്ക് കൂടി വ്രതമനുഷ്ഠിക്കാനുള്ള ശക്തി നൽകും. ഫിദിയ നിശ്ചയിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം ആ ശക്തി കരഗതമാക്കുകയാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ഉണ്ടാവുകയുള്ളു. അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്ത് സഹായം തേടേണ്ടതുണ്ട്. അതായത് അല്ലാഹുവേ, ഇത് നിന്റെ അനുഗൃഹീതമായ മാസമാകുന്നു. എന്നാൽ ഞാൻ അതിൽ നിന്നും നഷ്ടപ്പെട്ടവനായി തീരുകയാണ്. അടുത്ത വർഷം ഞാൻ ജീവനോടെ ഇരിക്കുമോ ഇല്ലയോ ഈ ഒഴിഞ്ഞു പോയ നോമ്പുകൾ നോറ്റു വീട്ടാൻ സാധിക്കുമോ ഇല്ലേ എന്നെനിക്കെന്തറിയാം? ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് തേടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും ശക്തി നൽകും എന്നെനിക്കുറപ്പുണ്ട്... ഈ അവസ്ഥയിൽ അയാൾ റമദാൻ മാസത്തിൽ രോഗഗ്രസ്ഥനായി തീരുകയാണെങ്കിൽ ഈ രോഗം അയാൾക്ക് കാരുണ്യമായി തീരുന്നതാണ്. കാരണം ഓരോ പ്രവർത്തിയുടേയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്. വളരെ സൂക്ഷ്മവും ലോലവുമായ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിലെ ആലസ്യം കാരണം നോമ്പ് ഭാരമായി തീരുകയും താൻ ഒരു രോഗിയാണെന്ന് കരുതുകയും ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽ തനിക്ക് ഇന്നയിന്ന രോഗങ്ങൾ പിടിപെടുമെന്ന് ശങ്കിക്കുകയും ചെയ്യുക യാണെങ്കിൽ അയാൾ സ്വന്തം കരം കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ തട്ടി മാറ്റുകയാണ് ചെയ്യുന്നത്. അയാൾക്ക് അല്ലാഹു വിൽ നിന്ന് എങ്ങനെയാണ് പ്രതിഫലത്തിന് അർഹനായി തീരുവാൻ സാധിക്കുക.? എന്നാൽ ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്താൽ സന്തുഷ്ടമായിരിക്കുകയും നോമ്പനുഷ്ഠിക്കുന്നതിനായി പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്ക സമയത്ത് രോഗം കാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വരികയുമാണെങ്കിൽ ഉപരിലോകത്ത് അയാൾ നോമ്പ് നഷ്ടപ്പെട്ടവനായി തീരുന്നതല്ല. (മൽഫൂദാത്ത്)

അല്ലാഹു നമുക്ക് ഈ പുണ്യമാസത്തിന്റെ അനുഗ്രഹങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തുവാനും നോമ്പനുഷ്ഠിച്ചു കൊണ്ട് ദിക്റെ ഇലാഹിയിലും തിലാവത്തെ ഖുർ ആനിലും മറ്റ് ഇബാദത്തുകളിലും മുഴുകിയിരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ.

(ആമീൻ)

## തറാവീഹ്

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റമദാനിലെ സുന്നത്ത് (തറാവീഹ്) നമസ്കാരത്തെപ്പറ്റിറസൂൽ (സ) കൂടുതൽ പ്രോത്സാഹനം നൽകിക്കൊണ്ടിരുന്നു. പക്ഷേ നിർബന്ധമായിട്ട് അത് കൽപ്പിച്ചിരുന്നില്ല. അവിടുന്ന് പറയാറുണ്ട്. റമദാനിൽ വല്ലവനും വിശ്വാസ ദാർഢ്യത്തോടെയും പ്രതിഫലേച്ഛയോടെയും നമസ്കാരം (തറാവീഹ്) നിർവഹിക്കുന്നുവെങ്കിൽ മുൻകഴിഞ്ഞചെറുപാപങ്ങൾ അവനു പൊറുക്കപ്പെടും. (മുസ്‌ലിം)

# ആദം ആദ്യമനുഷ്യനല്ല

## മനുഷ്യ സമൂഹത്തിലെ ആദ്യത്തെ ദൈവിക പ്രതിനിധിയാണ്

ആദം നബി (അ) ആദ്യത്തെ മനുഷ്യനാണെന്നാണ് ക്രിസ്ത്യാനികളും ബഹു ഭൂരിപക്ഷം മുസ്‌ലിംകളും വിശ്വസിക്കുന്നത്. വാസ്തവത്തിൽ മനുഷ്യാസ്തിത്വ ത്തിന്റെ ഒരു പ്രാഗ്‌രൂപത്തിൽ നിന്നും പരിണമിച്ചാണ് മനുഷ്യൻ നിലവിൽ വന്നത്. മസ്തിഷ്ക്കവും മനസ്സും പക്വത പ്രാപിച്ച ഒരു സമൂഹമായി പ്രാക്തന മനുഷ്യർ വികസിച്ചപ്പോൾ അവരിൽ നിന്നുമുണ്ടായ ആദ്യത്തെ ദൈവിക പ്രതിനിധിയാണ് ആദം. അല്ലാതെ ആദം ആദ്യ മനുഷ്യനല്ല.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റഹ്)

**ഈ** വിഷയ സംബന്ധമായി വിശുദ്ധ ഖുർആനിൽ നിന്ന് ഒന്നാമ തായി ഉദ്ധരിക്കുവാനുള്ള ആയത്തുകൾ ഇപ്രകാരമാണ്

***നിങ്ങൾക്കെന്തുപറ്റി? അല്ലാഹുവിന്റെ മഹത്വം വകവെച്ചു കൊടുക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ. വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു. അല്ലാഹു ഏഴാകാശങ്ങളെ പരസ്പരം യോജിച്ച നിലയിൽ എങ്ങനെ സൃഷ്ടിച്ചുവെന്ന് നിങ്ങൾ കാണുന്നില്ലേ? അവയിൽ അവൻ ചന്ദ്രനെ ഒരു പ്രകാശവും സൂര്യനെ ഒരു ദീപവുമാക്കിയിരിക്കുന്നു. നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ലനിലയിൽ ഉത്പാദിപ്പിച്ചു വളർത്തിയിരിക്കുന്നു. പിന്നീട് അവൻ നിങ്ങളെ അതിലേക്ക് തിരിച്ചയക്കുകയും നിങ്ങളെ അവൻ എഴുന്നേൽപ്പിച്ച് പുറത്ത് കൊണ്ട് വരികയും ചെയ്യും (അദ്ധ്യ:7: 14-19)***

ഇതിന്റെ ഏകദേശ വിശദീകരണം ഇപ്രകാരമാണ്. അല്ലയോ മനുഷ്യവർഗമേ, എന്തുകൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നില്ല അല്ലാഹുയാതൊരു വിവേചനവും ഉചിതജ്ഞതയും ഉദ്ദേശ്യവുമില്ലാതെ പ്രവർത്തിക്കുകയില്ലെന്ന്.? നിങ്ങളാകട്ടെ ചിലപ്പോഴെങ്കിലും യാതൊരുലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലാതെ പ്രവർത്തിക്കുന്നവരാണ് എന്ന് അംഗീകരിക്കാൻ തയ്യാറുമല്ല. എന്നിരിക്കെ ഏറ്റവും യുക്തിജ്ഞനും സർവജ്ഞനുമായ അല്ലാഹുവിനെതിരിൽ അങ്ങനെ ചെയ്യുന്നവനാണെന്ന് ആരോപണം ഉന്നയിക്കുകയാണോ? മനുഷ്യനെയാതൊരു ഉദ്ദേശ്യവും ലക്ഷ്യവുമില്ലാതെയാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് യാതൊരു വീണ്ടു വിചാരവുമില്ലാതെ ഉന്നയിക്കുവാൻ മനുഷ്യൻ ധൃതി കാണിക്കുകയാണ്. എന്നാലും മനുഷ്യന്റെ സൃഷ്ടിപ്പ് പെട്ടെന്ന് ഏതോ പ്രചോദനത്താൽ യാദൃച്ഛികമായി സംഭവിച്ചതല്ല എന്ന പ്രകടമായ സത്യം എന്തു കൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നില്ല. യഥാർഥത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ബുദ്ധിപരമായ സംവിധാനത്തിന്റെ ഭാഗമായി വിവിധ ദശാപരിണാമങ്ങളിലൂടെയാണ്. ഏഴാകാശങ്ങളെയും രമ്യ മനോഹരമായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. നീ കാണുന്നില്ലേ? അത് പോലെ തന്നെ സൂര്യനേയും ചന്ദ്രനേയും മനുഷ്യനേയും ഭൂമിയിൽ നിന്നും സൃഷ്ടിച്ച് ഘട്ടം ഘട്ടമായി വളർത്തി വികസിപ്പിച്ച് പൂർണതയിലാക്കി അവനെ ഇന്നത്തെ നിലയിലെത്തിച്ചു.

ഇതു പ്രകാരമാണ് വിശുദ്ധ ഖുർആൻ മനുഷ്യന്റെ ഉൽപ്പത്തിയെ പറ്റിയും അവന്റെ വികാസത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നത്. യൂറോപ്യൻമാർ തങ്ങളാണ് പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ എന്ന് വാദിക്കുന്നു. എന്നാൽ ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ മനുഷ്യന്റെ വികാസ പരിണാമത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതായത് മനുഷ്യൻ ശാരീരികമായും മാനസികവുമായും ഇന്നത്തെ അവസ്ഥയിൽ പെട്ടെന്ന് ഒരു നിമിഷ നേരം കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണെന്ന വാദം തെറ്റാണെന്നാണ് ഖുർആൻ പറയുന്നത്. ദൈവം കുറച്ച് കളിമണ്ണെടുത്ത് അത് കുഴച്ച് ഒരു രൂപമുണ്ടാക്കി അതിൽ ജീവൻ ഊതി മനുഷ്യനെ സൃഷ്ടിക്കയല്ല ചെയ്തത്. ഭൂമിയിൽ വെച്ച് തന്നെ ജന്മം നൽകി പല ഘട്ടങ്ങളിലൂടെ തരണം ചെയ്ത് ക്രമേണ പുരോഗതി പ്രാപിപ്പിച്ചു കൊണ്ടാണ് മനുഷ്യനെ അല്ലാഹു ഈ നിലയിലെ

ത്തിച്ചത്.

എന്നാൽ എത്രയും വ്യസന കരമായ വസ്തുത, ഇന്നത്തെ ഭൂരി പക്ഷം മുസ്‌ലിംകളും ഈ സുപ്ര ധാന സത്യം അവഗണിച്ചു എന്നതാ ണ്. അവർ മനുഷ്യ സൃഷ്ടി നിമിഷ നേരം കൊണ്ട് ഉണ്ടായതാണെന്ന് വിശ്വസിക്കുന്നു. മനുഷ്യൻ ഭൂമി യിൽ നിന്നു തന്നെ ഉടലെടുത്തെന്ന് അവർ വിശ്വസിക്കുന്നില്ല. മനുഷ്യൻ സ്വർഗത്തിൽ വെച്ച് സൃഷ്ടിക്കപ്പെട്ട് അതിന് ശേഷം അവിടെ നിന്ന് ഭൂമിയിലേക്ക് ഇറക്കപ്പെട്ടതാണെ ന്നാണ് ബഹുഭൂരിപക്ഷം മുസ്‌ലിം കളും വിശ്വസിക്കുന്നത്. ദൈവത്തി ന്റെ പക്കൽ ആത്മാക്കളുടെ ഒരു വലിയ ശേഖരമുണ്ടെന്നും അതിൽ നിന്ന് കാലാകാലങ്ങളിൽ ആത്മാ ക്കളെ പുറത്ത് വിടുകയും അതിന് ശേഷം ആത്മാക്കൾ മനുഷ്യ രൂപം കൈകൊള്ളുകയുമാണെന്നാണ് അവരുടെ വിശ്വാസം. ഈ മൂഢവി ശ്വാസത്തിന്റെ അടിസ്ഥാനത്തിലാ ണ് ഖേദകരമെന്ന് പറയട്ടെ ഭൂരിപക്ഷ മുസ്‌ലിംകളും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കെതിരായ വീക്ഷ ണങ്ങൾ വെച്ച് പുലർത്തുന്നതെന്ന് തോന്നുന്നു.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ഘട്ടം ഘട്ടങ്ങളിലൂടെയാണെന്നാണ് ഖുർആന്റെ പ്രസ്താവന. എന്തെ ന്നാൽ സാവകാശ വികാസത്തി ലൂടെയാണ് എല്ലാ ന്യൂനതകളും പരിഹരിക്കപ്പെടുക. ഇത് സംബ ന്ധിച്ച് മുസ്‌ലിം ഉലമാക്കൾപോലും വെച്ച് പുലർത്തുന്ന ഭീമമായ അബദ്ധ വിശ്വാസങ്ങൾ എത്രമാത്ര മെന്ന് സയ്യിദ് സർവർഷാ എന്ന പണ്ഡിതൻ തന്റെ അധ്യാപകനെ ഉദ്ധരിച്ചു കൊണ്ട് ഇപ്രകാരം വിവ രിച്ചതായി കാണാം. മനുഷ്യർ സുന്ദരന്മാർ, വിരൂപന്മാർ, സാധാരണ പ്രകൃതക്കാർ ഈ നിലയിലാവാൻ കാരണം ദൈവം മനുഷ്യ സൃഷ്ടിപ്പ് ദിവസത്തിൽ ഇത്ര എണ്ണം സൃഷ്ടി കളെ വേണമെന്ന് കണക്കാക്കി മാലാഖമാർക്ക് കരാർ കൊടുത്തു. അങ്ങനെ അവർ പണി ആരംഭിച്ചു. ഓരോ അവയവവും വളരെ സൂക്ഷ്മതയോടെ നിർമിക്കാൻ ആരംഭിച്ചു. അങ്ങനെ ഉച്ചവരെ പണി തുടർന്നു. അപ്പോൾ മനസ്സിലായി തങ്ങൾ ഉദ്ദേ ശിച്ചത്രയെണ്ണം പൂർത്തിയാക്കി യിട്ടില്ല. അപ്പോൾ പണിപൂർത്തി യാക്കുക എന്ന ലക്ഷ്യത്തോടെ കലാപരമായ രൂപഭംഗിയിൽ ശ്രദ്ധ ചെലുത്താതെ ധൃതിയിൽ പണി തുടർന്നു. ഇപ്രകാരം ദിവസത്തിന്റെ ആരംഭത്തിൽ രൂപം നൽകിയ മനു ഷ്യൻ വളരെ രൂപഭംഗിയുള്ളവനും ഉച്ചയ്ക്ക് ശേഷം രൂപം കൊടുത്ത മനുഷ്യൻ സാധാരണ പ്രകൃതക്കാര നുമായി ദിവസത്തിന്റെ അവസാന ത്തിലെത്തിയപ്പോൾ എണ്ണം തിക ക്കാൻ വേണ്ടി അലക്ഷ്യമായി ധൃതിയിൽ പടച്ചെടുക്കുകയായിരു ന്നു. അത്ത രത്തിൽ ആ രൂപത്തിന് വിരൽ കൊണ്ട് ഒരു കുത്ത് കൊടുത്ത് വായും രണ്ട് കണ്ണു കളും രൂപപ്പെടുത്തി പെട്ടെന്ന് പണി പൂർത്തിയാക്കി. സമയം വൈകു ന്തോറും സൃഷ്ടികൾ വികൃതമായി. നോക്കുക എപ്രകാരമാണ് സുന്ദര മായ സത്യങ്ങൾ അജ്ഞത കാര ണം അത്യന്തം വ്യസനകരവും പരിഹാസ്യവും അതിശയോക്തി കലർന്ന വികൃതമായ പുരാതന കഥകളായി രൂപാന്തരപ്പെട്ട് മുസ്‌ലിം കളുടെയും ക്രൈസ്ത്യാനികളുടെയും വിശ്വാസ മായി മാറിയത്.

### സൃഷ്ടി ശൂന്യതയിൽ നിന്ന് ആരംഭിച്ചു

വിശുദ്ധ ഖുർആൻ നൽകുന്ന മറ്റൊരു വീക്ഷണം മനുഷ്യ സൃഷ്ടി യുടെ പ്രാരംഭ ഘട്ടം ഒന്നുമില്ലായ്മ അഥവാ ശൂന്യാവസ്ഥ ആയിരുന്നു വെന്നാണ്. പ്രപഞ്ചം എങ്ങനെ അസ്തിത്വത്തിൽ വന്നു എന്നതിനെ സംബന്ധിച്ച് ചൂടു പിടിച്ച വിവാദ ങ്ങൾ നടക്കുന്നുണ്ട്. ആര്യന്മാരുടെ സിദ്ധാന്ത പ്രകാരം അനശ്വരമായ പ്രപഞ്ചത്തിൽ നിന്നാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്. ദ്രവ്യവും ആത്മാ വും യോജിപ്പിച്ചുവെന്നല്ലാതെ മറ്റൊന്നും ദൈവം നിർവഹിച്ചിട്ടില്ല എന്നും ഈ സംയോജനത്തോടു കൂടി മനുഷ്യൻ സൃഷടിക്കപ്പെട്ടുവെ ന്നുമാണ്. ആര്യന്മാരുടെ ഈ സി ദ്ധാന്തം വിശുദ്ധ ഖുർആന് വിരുദ്ധ മാണ്. ദ്രവ്യം അനശ്വരമല്ല. ഇല്ലായ്മ യിൽ നിന്നാണ് ദ്രവ്യം ഒരു ഘട്ട ത്തിൽ ദൈവത്താൽ സൃഷ്ടിക്ക പ്പെട്ടത് എന്നാണ് ഖുർആൻ പറ ഞ്ഞത്.

**ഒന്നാം ഘട്ടം:-** ***ഇതിന് മുമ്പ് അവൻ ഒന്നുമില്ലാത്ത അവസ്ഥ യിൽ നിന്നും നാം അവനെ സൃഷ് ടിച്ചിരിക്കുന്നു. എന്ന വസ്തുത അവൻ ഓർക്കുന്നില്ലേ (ഖുർആൻ 19:68)***

ഇപ്പോൾ മനുഷ്യൻ സങ്കലിത മായ ബീജത്തിൽനിന്നും ഉദ്പാദി ക്കപ്പെടുന്നു. എന്നാൽ മുകളിൽ പറ ഞ്ഞ ഖുർആൻ വാക്യം സൂചിപ്പി ക്കുന്നത് ആദ്യഘട്ടത്തിലുള്ള മനു ഷ്യന്റെ സൃഷ്ടിപ്പിനെയാണ് ഇപ്പോൾ കാണുന്ന അവസ്ഥയിലുള്ള മനു ഷ്യന്റെതല്ല. ഒരു കാര്യം നാം പ്രത്യേ കം മനസ്സിലാക്കണം. മനുഷ്യൻ അ സ്തിത്വം ഒന്നുമില്ലാത്ത അവസ്ഥ യിൽ നിന്നുമാണ് അസ്തിത്വത്തി ലേക്ക് വരുന്നത് എന്ന് വിശുദ്ധ ഖുർ ആൻ പറയുന്നില്ല. മറിച്ച് ഖുർആൻ പറയുന്നത് ദ്രവ്യവും മറ്റു വസ്തു ക്കളും സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് ഒന്നുമില്ലാതിരുന്ന അവസ്ഥ യായിരുന്നു എന്നാണ്. കസേരയും മേശയും മരത്തിൽ നിന്നും ചങ്ങല ഇരുമ്പിൽ നിന്നും ഉണ്ടായി എന്ന് നാം പറയുന്നു. ഇവിടെ ഒരു രൂപ ത്തിലുള്ള ദ്രവ്യത്തിൽനിന്നാണ് മറ്റൊന്ന് ഉണ്ടാകുന്നത്. 'ൽ', 'നിന്ന്' എന്നീ പ്രയോഗങ്ങൾ തെറ്റിദ്ധാരണ ഉളവാക്കുന്നതാണ്. നിരീശ്വര വാദി കൾ ഇപ്രകാരം വാദിക്കുന്നു. ശൂന്യതയിൽ നിന്ന് ഒന്നും തന്നെ ഉണ്ടാക്കാനാവില്ല എന്നല്ല മേൽ പറ ഞ്ഞ ഖുർആൻ വീക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രപഞ്ചത്തി ന്റെ ഉത്ഭവത്തിന് മുമ്പ് ഒന്നും ഇല്ലാ ത്ത ഒരവസ്ഥ ഉണ്ടായിരുന്നു എന്നാ ണ്. പിന്നീട് സൃഷ്ടി നടന്നു. അതിന് ശേഷം മനുഷ്യനെ സൃഷ്ടിച്ചു. എപ്രകാരമാണ് ഇത് സംഭവിച്ച തെന്ന അറിവ് മനുഷ്യന് നൽ കിയിട്ടില്ല. എന്തെന്നാൽ അത് മനു ഷ്യന്റെ ഗ്രാഹ്യശക്തിക്കതീതമാണ്.. അത് മനസ്സിലാക്കുവാൻ മനുഷ്യന് കഴിഞ്ഞിരുന്നുവെങ്കിൽ അവന് സ്വയം മനുഷ്യനെ സൃഷ്ടിക്കു വാൻ കഴിഞ്ഞേനെ.

**രണ്ടാം ഘട്ടം:** വിശുദ്ധഖുർ ആനിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്ന രണ്ടാംഘട്ടം വസ്തു ഉള്ള അവസ്ഥയാണ്. അതായത് മനുഷ്യ ന്റെ പ്രാക്തന ഘട്ടത്തിൽ ശരീര രൂപം ഉണ്ടായിരുന്നു. എന്നാൽ മനുഷ്യനെ മറ്റു ജീവികളിൽ നിന്നും വേർതിരിക്കുന്ന മാനുഷത യും സജീവമായ മസ്തിഷ്ക്കവും പൂർണ വളർച്ചയെത്തിയിരുന്നില്ല. അപ്പോൾ മനുഷ്യന്റെ കായികാ സ്തിത്വം നിലവിൽ വന്നിരുന്നു. അവന്റെ സത്താപരമായ അസ്തി ത്വം നിലവിൽ വന്നിരുന്നില്ല. ഈ അവസ്ഥയിൽ പൂർണമായ മനസ്സോ മസ്തിഷ്ക്കമോ ഇല്ലാത്ത ഒരു കായികാസ്തിത്വമായിരുന്നു മനു ഷ്യനുണ്ടായിരുന്നത് എന്ന് പറയാം. ഈ ഘട്ടത്തിൽ മനുഷ്യൻ അചേത നമായ ഒരു ശിലാരൂപമായോ ഒരു ചെടിയെ പോലെയോ ആണെന്ന് പറയാവുന്നതാണ്. എന്നാൽ ഒരു കാര്യം തീർച്ചയാണ് അവൻ ഒരു ജീവിയെ പോലെ ആയിരുന്നില്ല. തീർച്ചയായും മനുഷ്യൻ ഒരു ഘട്ട ത്തിലെത്തി. അവൻ പറയത്തക്ക ഒരു വസ്തു അല്ലായിരുന്നു.

മറ്റൊരു പ്രകാരത്തിൽ പറ ഞ്ഞാൽ മനുഷ്യ സൃഷ്ടിപ്പിന്റെ ചരി ത്രത്തിൽ അവന്റെ ശരീരം നില വിൽ വന്നു. എന്നാൽ സ്വയം തിരി ച്ചറിയാൻ കഴിയാത്തതും ബുദ്ധി യില്ലാത്തതുമായ ഒരവസ്ഥയായി രുന്നു. അവനെ പറ്റി സ്വയമായോ മറ്റുള്ളവയെ പറ്റിയോ അവന് ഒരറി വും ഉണ്ടായിരുന്നില്ല. കാരണം ഇപ്പറഞ്ഞ ഗുണങ്ങൾ മസ്തിഷ് ക്കത്തിന്റെ അഥവാ മനുഷ്യന്റെ ഗുണങ്ങൾ ആയിരുന്നു.

**മൂന്നാം ഘട്ടം:–** സ്ത്രീ പുരുഷ ഇണചേരലിലൂടെ പുരുഷ ബീജം സ്ത്രീയുടെ ശരീരത്തിൽ നിക്ഷേ പിച്ച് മനുഷ്യൻ പ്രത്യുൽപ്പാദനം ആരംഭിച്ചതോടു കൂടി മനുഷ്യ സൃഷ്ടിപ്പിന്റെ മൂന്നാം ഘട്ടം എത്തി. ഇതിൽ പിന്നെ വിവിധ സ്വഭാവ ഗുണങ്ങളോടും വൈവിധ്യമാർന്ന പ്രകൃതിയോടും കൂടിയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. വിശുദ്ധ ഖുർ ആനിൽ അല്ലാഹു വിവരിക്കുന്നു. മനുഷ്യന്റെ പരിണാമഘട്ടത്തിൽ ഒരു ഘട്ടം ആൺ പെൺ വേർ തിരിവോടുകൂടിയ മൃഗസമാനമായ ഒന്നായിരുന്നു. പ്രത്യുൽപ്പാദനം സ്ത്രീപുരുഷ ലൈംഗിക ബന്ധ ത്തിലൂടെ ആരംഭിച്ചതോടുകൂടി (ഇത് ഉയർന്ന ജീവി വർഗത്തിന്റെ പ്രത്യേ കതയായിരുന്നു) പ്രത്യുൽപാദന ത്തിന്റെ അടുത്ത പടിയായനുത് ഫത്തിൻ അംശാ ജിൻ അതായത് ഗുണസങ്കലിതമായ ഇന്ദ്രിയബിന്ദു വിൽനിന്ന് മനുഷ്യൻ സൃഷ്ടിക്ക പ്പെട്ടു. അല്ലാഹു വിശുദ്ധ ഖുർആ നിൽ വ്യക്തമാക്കുന്നു.

*'തീർച്ചയായും നാം മനുഷ്യനെ ഗുണ സങ്കലിതമായ ഇന്ദ്രിയ ബിന്ദു വിൽ നിന്നും സൃഷ്ടിച്ചു. എന്തെ ന്നാൽ നാം അവനെ പരീക്ഷിക്കു ന്നതാണ്. അതുകൊണ്ട് നാം അവന് കേൾവിയും കാഴ്ച്ചയും നൽകി.'*

ഈ ഘട്ടത്തിന് ശേഷം അവന്റെ ഉദ്പാദനം പല ഗുണസങ്കലിതമായ കണത്തിൽ നിന്നാക്കി. എന്തെ ന്നാൽ അവന് ഈ ലോകത്ത് നാനാ മുഖങ്ങളായ പ്രവൃത്തികൾ ചെയ്യാ നുണ്ട്. അതിനാൽ അവൻ വിവിധ തരത്തിലുള്ള കഴിവുകളും സ്വായ ത്തമാക്കേണ്ടതുണ്ട്.

**നാലാംഘട്ടം:–** മനുഷ്യന് മസ്തിഷ്ക്കത്തിന്റെ പൂർണ വളർച്ച യെത്തിയപ്പോൾ അതായത് അവ ന്റെ ബുദ്ധിയും ഗ്രാഹ്യശക്തിയും വളർന്ന് വികസിച്ചതോടുകുടി മനുഷ്യ വളർച്ചയുടെ നാലാം ഘട്ടം എത്തി. 'സമി' യും 'ബസി' യും അതായത് കാണുവാനും കേൾക്കു വാനുമുള്ള കഴിവ് ആർജിച്ചു. താഴ് ന്ന ജീവികൾക്ക് കാണുവാനും കേൾക്കുവാനും കഴിവുകളുണ്ട്. എന്നാൽ മനുഷ്യന് അതിലുപരി യായി അവന്റെ കഴിവുകളുപയോ ഗിക്കാനുള്ള ശേഷിയുണ്ട്. തുടർ ച്ചയായ അന്വേഷണത്തിന്റെയും ആ ലോചനയുടെയും ഫലമായി എത്തി ച്ചേരുന്ന നിഗമനങ്ങളിലൂടെ കണ്ടെ ത്തലുകൾ നടത്താനുള്ള കഴിവും അവൻ ആർജിച്ചു. ഇതാണ് മനുഷ്യ നെ സമീഉം ബസീറുമാക്കുന്നത്. ചിന്തിക്കുവാനുള്ള ശേഷിയും പിന്നീട് സംസാരിക്കുവാനുള്ള കഴി വും കൈവരിക്കുകവഴി, മറ്റു ജന്തു വർഗത്തിൽ നിന്നും വ്യത്യസ്ത മായി വളരെ വ്യക്തമായ ഒരു ഉയർന്ന പടിയിലേക്ക് മനുഷ്യൻ ക യറി.

മനുഷ്യന്റെ വികാസപരിണാമ ശൃംഖലയിലെ പ്രാരംഭദശയിലെ വിവിധ ഘട്ടങ്ങളാണിത്. ഈ കണ്ണി കൾക്കിടയിലെ സുദീർഘമായ കാലങ്ങളെ പറ്റി വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടില്ല. ഖുർആൻ ഒരു ശാസ്ത്ര പ്രബന്ധമല്ലല്ലോ. ഖുർ ആൻ ഈ ഘട്ടങ്ങളെല്ലാം വിവരി ക്കുന്നത് മനുഷ്യന്റെ ധാർമികവും അദ്ധ്യാത്മികവുമായ വശങ്ങളിലേ ക്ക് വെളിച്ചം വീശുന്നതിന് വേണ്ടി യാണ്. അതിൽ വിട്ടുപോയ കണ്ണി കൾ ഖുർആന്റെ മറ്റു വിവരണ ങ്ങളിൽ നിന്നും സമാഹരിക്കാൻ കഴിയും. ഉദാഹരണമായി

***'അല്ലാഹു നിങ്ങളെ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. പിന്നീട് രേതസ്ക ണത്തിൽ നിന്നും (അദ്ധ്യായം 35: 12)***

മറ്റൊരിടത്ത് ഇപ്രകാരം കാണാം. '***അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്നും നല്ലനിലയിൽ വളർത്തി യിരിക്കുന്നു'*** *(71:17)*

നിങ്ങളെ മണ്ണിൽ നിന്ന് സൃഷ്ടി ച്ചതായും പിന്നീട് ബീജത്തിൽ നിന്ന് സൃഷ്ടിച്ചതായും തുടർന്ന് ഈ അവസ്ഥകൾ വിശദീകരിക്കാതെ 'നിങ്ങളെ അവൻ ഇണകളാക്കി' അതായത് സാമുദായ വിഭാഗമാക്കി അങ്ങനെ ജീവിക്കുക വഴി മനുഷ്യ സംസ്കാരവും ജീവിത രീതിയും കെട്ടിപ്പടുക്കുവാൻ സാധ്യമാവു കയും ചെയ്തു. ഇടക്കുള്ള സംഭവ ങ്ങൾ എന്തുകൊണ്ട് വിട്ടു കളഞ്ഞു എന്ന് പിന്നീട് വ്യക്തമാക്കാം.

## 'അസ്വാജ്' എന്ന പദത്തിന്റെ അർഥം

മേൽപ്പറഞ്ഞ വാക്യത്തിലെ അ സ്വാജ് എന്നതിന്റെ അർഥം സ്ത്രീ പുരുഷൻ എന്ന വിഭജനമല്ല. എന്തെ ന്നാൽ അത് ബീജകണം എന്ന പദ ത്തിൽ ഉൾക്കൊള്ളുന്നു പിന്നീട് അവൻ നിങ്ങളെ ഇണകളാക്കി എന്നത് മേൽ പറഞ്ഞ വിഭജനത്തി നപ്പുറം മറ്റൊരു വ്യാഖ്യാനമാണു യോജിക്കുക. അറബി ഭാഷയിൽ

സൗജ് എന്നാൽ 'തരം' 'വിവിധയിനം' അല്ലെങ്കിൽ പരസ്പരപൂരകമായത് എന്നൊക്കെ അർഥം കാണാം. അതു തന്നെയാണ് ഇവിടെ ഉദ്ദേശിക്കുന്നതും. മനുഷ്യന്റെ മനസ്സ് പൂർണമായും വികാസം പ്രാപിച്ചപ്പോൾ വിവിധയിനം വൈകാരിക ഭാവം ഉടലെടുത്തു. പ്രത്യേക മനുഷ്യർ സമാന സ്വഭാവക്കാരുടെ ഭാഗത്തേക്ക് കൂട്ടംകൂടുകയും തങ്ങളുടെ പ്രവർത്തനം അവരുടെ ഇടയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കുടുംബങ്ങൾ ചേർന്ന് പരസ്പരം ബന്ധപ്പെട്ട സമുദായങ്ങളും സംസ്കാരങ്ങളും രൂപം കൊണ്ടു.

മനുഷ്യ പരിണാമ ചരിത്രം ഇപ്രകാരം ചുരുക്കി പറയാം. ഇന്ന് നാം മനുഷ്യനെന്ന് പറയുന്നത് തുടക്കത്തിൽ ഒരു തരം കളി മണ്ണോ പൊടി മണ്ണോ കൊണ്ടുണ്ടാക്കിയതായിരുന്നു. പിന്നീട് ഖുർആൻ വിവരിച്ചിട്ടില്ലാത്ത ഇടയിലുള്ള ഘട്ടങ്ങൾ പിന്നിട്ട് മൃഗങ്ങളുടേതിന് സമാനമായ വളർച്ച പ്രാപിച്ചാണ് ആണും പെണ്ണും എന്ന രണ്ട് വിഭാഗമായത്. പിന്നീട് ലൈംഗിക പ്രത്യുൽപ്പാദനം വഴിയും അതിൽ പിന്നെ ഖുർആൻ വിട്ടുകളഞ്ഞ ഇടയിലുള്ള ഘട്ടങ്ങളും തരണം ചെയ്ത് മാനസികവും ശാരീരികവുമായ വിവിധ സ്വഭാവങ്ങളോടു കൂടിയ വിഭിന്നസാമ്പത്തികാവസ്ഥയുമായി ബന്ധപ്പെട്ട സമുദായം ഉടലെടുത്തു. ഈ കാലത്താണ് മനുഷ്യന്റെ നാഗരികതക്ക് ആരംഭം കുറിച്ചത്.

മനുഷ്യന്റെ പരിണാമത്തിലെ വിവിധ ഘട്ടങ്ങളാണ് പൊടിമണ്ണ്, വരണ്ട് മണ്ണ്, കളി മണ്ണ്, അല്ലെങ്കിൽ വെള്ളംകൂടികലർന്ന പാറ എന്നിവ. വെള്ളം ഉണങ്ങിയ മണ്ണുമായി ചേർന്ന് മറ്റൊരു തരത്തിലുള്ള ജീവൻ ഉടലെടുത്തു എന്ന് വിശുദ്ധ ഖുർആൻ സൂചന നൽകുന്നു.

***'നാം വെള്ളത്തിൽ നിന്ന് എല്ലാ ജീവനുള്ള വസ്തുക്കളേയും സൃഷ്ടിച്ചു.' (അധ്യാ. 21:31) സൃഷ്ടിച്ചസകലതിനേയും നല്ലനിലയിലാക്കിയവനാണ് അവൻ. അവൻ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചത് കളിമണ്ണിൽ നിന്നാണ്' (അദ്ധ്യാ21:31)***

***'സൃഷ്ടിച്ച് സകലതിനേയും നല്ല നിലയിലാക്കിയവനാണ് അവൻ. അവൻ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചത് കളിമണ്ണിൽ നിന്നാണ്.' (അദ്ധ്യാ 32:8)***

കളിമണ്ണ് എന്നതിന് മേൽ പറഞ്ഞ രണ്ടാമത്തെ ആയത്തിൽ ഖുർആൻ നൽകിയ 'ത്വീൻ' എന്ന പദത്തിന്റെ അർഥം വെള്ളം കൂടിക്കലർന്ന മണ്ണെന്നാണ്. അതിന് സ്വയം ഒട്ടി പിടിച്ചു നിൽക്കാൻ കഴിയും. അതിനാൽ ഖുർആന്റെ ആദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യ ജീവൻ വെള്ളവും മണ്ണും കലർന്ന ഒരു മിശ്രിതത്തിൽ നിന്നും ഉടലെടുത്തതാണ്. കാലക്രമേണ അഭിവൃദ്ധി പ്രാപിച്ച സംസ്ക്കാരസമ്പന്നനായ വിവേചനബോധമുള്ള മനുഷ്യനായി തീർന്നു.

വിശുദ്ധ ഖുർആന്റെ വിവിധ വിഷയങ്ങൾ വിചിന്തനം ചെയ്യുമ്പോൾ മനുഷ്യ വികാസത്തിലെ വിട്ടു പോയ കണ്ണികളെക്കുറിച്ച് അറിവ് ലഭിക്കുന്നതാണ്. മുൻ പറഞ്ഞ ഖുർആൻ വാക്യത്തിൽ മനുഷ്യ സമൂഹത്തിന്റെ പരിണാമ ചരിത്രത്തിലെ ആദ്യ ഘട്ടത്തിലെ പ്രാരംഭദശ കളിമണ്ണിൽ നിന്ന് പ്രാദുർഭവിച്ചതാണെന്നും പിന്നീട് ലൈംഗികാവയവങ്ങളിലൂടെ ലൈംഗിക പ്രത്യുൽപ്പാദന സമ്പ്രദായം നിലവിൽ വന്നു എന്നും മനസ്സിലാവുന്നു.

***'പിന്നീട് അവന്റെ സന്തതിയെ നിസ്സാരമായ ദ്രവവസ്തുവിൽ നിന്നുള്ള സത്തിൽ നിന്ന് അവൻ സൃഷ്ടിച്ചു.' (32:9) 'പിന്നെ നാം അതിനെ ഭദ്രമായ സ്ഥാനത്ത് വെച്ചു.' (77:22)*** ഈ ഖുർആനിക സൂക്തങ്ങൾ വ്യക്തമാക്കു ന്നതെന്തെന്നാൽ മനുഷ്യൻ ഉണങ്ങിയ മണ്ണിൽ നിന്ന് അതായത് കളിമണ്ണ്, പാറ ഇവയിൽ നിന്നും ഉടലെടുത്തു. പല ഘട്ടങ്ങളൾ തരണം ചെയ്ത് ഒരു ഘട്ടത്തിൽ ജലവുമായി കൂടിക്കലർന്ന് ഈ മിശ്രിതത്തിൽ നിന്നും പ്രഥമാവസ്ഥയിലുള്ള മനുഷ്യൻ രൂപംകൊണ്ടു. അതിൽ പിന്നെ സ്ത്രീ പുരുഷ ലൈംഗികാവയവങ്ങളുടെ പ്രവർത്തനം മൂലമുള്ള പ്രത്യുൽപ്പാദനം നിലവിൽ വന്നു. മണ്ണ്, കളിമണ്ണ്, പാറ എന്നിവയോട് സമാനമായത് ഒരു ഘട്ടം. സ്ത്രീപുരുഷ ലൈംഗികാവയവങ്ങളുടെ വളർച്ചയോടു കൂടിയ ലൈംഗിക പ്രത്യുൽപാദനത്തിന്റെ മറ്റൊരു ഘട്ടം. ഈ ഘട്ടങ്ങൾ പരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളാണ്. അതിന്റെ ദൈർഘ്യം അനുമാനിക്കാൻ മാത്രമേ കഴിയൂ.

**മനുഷ്യ സൃഷ്ടിപ്പിന്റെ തത്ത്വം**

വിശുദ്ധ ഖുർആനിൽ പറയുന്നു: ***നിന്റെ നാഥന്റെ അടുക്കലേക്കാണ് അവസാനം ചെന്നെത്തുന്നത്. അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നതും അവനാണ്. രേതസ്കണംതെറിപ്പിക്കപ്പെടുമ്പോൾ അതിൽനിന്ന് ആൺ പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുന്നവനും അവൻ തന്നെയാണ്. പുനരുത്ഥാനം ചെയ്യിക്കുന്നതും അവന്റെ ചുമതലയാണ്.' (53:43-48)***

മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ നിങ്ങളുടെ ആരംഭവും അന്ത്യവും തന്റെ പക്കൽ തന്നെയാണ്. നിങ്ങളുടെ അവസ്ഥ ഒരു വൃത്തചാപം പോലെയുള്ള വില്ല് പോലെയാണ്. വില്ലിന്റെ ഇരുവശവും വളക്കുമ്പോൾ അവ രണ്ടും അടുത്ത് വരുന്നു. നിങ്ങൾ നിങ്ങളുടെ ഉത്ഭവസ്ഥാനം തേടി പുറപ്പെട്ടാൽ അല്ലാഹുവല്ലാതെ ഒന്നുമില്ലാത്ത ഒരു സ്ഥലത്ത് എത്തിച്ചേരും. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ മനുഷ്യന്റെ ഉദ്ഭവവും അന്ത്യവും അല്ലാഹുവിന്റെ അടുക്കൽ തന്നെയായിരിക്കും. കാര്യകാരണങ്ങളുടെ ശൃംഖല നേർത്ത് നേർത്ത് അവസാനം അഭയ സങ്കേതമായ അല്ലാഹുവിൽ എത്തിച്ചേരുന്നു.

മേൽ ഉദ്ധരിച്ച ഖുർആനിക സൂക്തങ്ങളിൽ നിന്നും താഴെ പറയുന്ന നിഗമനങ്ങളിൽ എത്തി

ച്ചേരാം.

1) മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ധാതു അനശ്വരമല്ല.. അവൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണ്.

2) മനുഷ്യ സൃഷ്ടിപ്പ് പല ഘട്ടമായി ദീർഘകാലം സംഭവിച്ച വികാസത്തിന്റെ ഫലമാണ്. പൊടുന്നനെ സൃഷ്ടിക്കപ്പെട്ടതാണെന്ന വാദം ശരിയല്ല.

3) മനുഷ്യ സൃഷ്ടി അവന്റേതായ ഒരു സത്തയിൽ നിന്ന് തന്നെയാണ്. അല്ലാതെ മറ്റൊരു തരം സൃഷ്ടിയിൽനിന്നോ മൃഗങ്ങളിൽ നിന്നോ മറ്റെന്തെങ്കിലും വസ്തുവിൽ നിന്നോ അല്ല. വാനരന്മാരിൽ നിന്നാണ് മനുഷ്യൻ പരിണമിച്ചുണ്ടായത് എന്ന ഡാർവിന്റെ സിദ്ധാന്തം ശരിയല്ല..

4) അവൻ കടന്നുവന്ന പരിണാമ ഘട്ടം കല്ലിനോടോ പാറയോടോ ഉപമിക്കാം

5) അവൻ പിന്നീട് മൃഗങ്ങളുടേതിനു തുല്യമായ ജീവിത രീതിയിലൂടെ കടന്നുപോയി. ബുദ്ധി വികസിച്ചിട്ടുണ്ടായിരുന്നില്ല. എന്നാലും മറ്റു മൃഗങ്ങളെ പോലെ തിന്നുകയും കുടിക്കുകയും ചെയ്തു.

6) പിന്നീട് അവൻ ബുദ്ധി ആർജിച്ച് സംസാരിക്കുവാൻ കഴിവുള്ള ജീവിയായി.

7) അവൻ ജീവിത രീതി ക്രമപ്പെടുത്തി. മാനവസംസ്കാരം കെട്ടിപ്പടുക്കുവാൻ തുടങ്ങിയപ്പോൾ മനുഷ്യനെന്ന നിലയിൽ അവന്റെ വികാസത്തിലെ അവസാന ഘട്ടം എത്തി. മറ്റു താഴെക്കിടയിലുള്ള ജീവികളുടെ ഒറ്റപ്പെട്ട ജീവിത രീതിക്കു പകരം അവൻ അന്യോന്യം സഹകരിച്ചു കൂട്ടായി പ്രവർത്തിച്ചു. ജീവിതക്രമത്തിന്റെ തത്ത്വസംഹിത രൂപപ്പെടുത്തി.

ഈ എല്ലാ ഘട്ടങ്ങളേയും കൂട്ടിചേർത്തു നാലായി വിഭജിക്കാം. ജീവനില്ലാത്ത അവസ്ഥ, ഉയർന്ന മസ്തിഷ്ക്കമില്ലാത്ത ജീവനുള്ള അവസ്ഥ, ബുദ്ധി വികസിച്ച അവസ്ഥ, അവസാനമായി പരിഷ്കൃതനായി മനുഷ്യൻ. അവസാനത്തെ രണ്ടു അവസ്ഥകളെ മാത്രമെ മനുഷ്യന്റെ ആവിർ ഭാവമായി കണക്കാക്കാൻ സാധ്യമാകുകയുള്ളൂ. ബുദ്ധി വികസിക്കാതിരുന്ന ഘട്ടത്തിൽ അവൻ ഏറെക്കുറെ മൃഗത്തിന്റേത് പോലെയുള്ള സ്വഭാവത്തോടു കൂടിയ വനായിരുന്നു. തുടക്കം മുതൽക്കേ മനുഷ്യനായി ജീവിക്കാനുള്ള ഒരു ദൈവനിയോഗം ഉണ്ടായിരുന്നെങ്കിലും ബുദ്ധി വികസിക്കുന്നതിന് മുമ്പ് അവൻ മനുഷ്യനായി ഗണിക്കാൻ യോഗ്യനായിരുന്നില്ല. അവനെ ഗർഭത്തിൽ വികസിച്ചു വരുന്ന ഭ്രൂണമായി ഉപമിക്കാവുന്നതാണ്. യഥാർഥത്തിൽ കുട്ടി ഗർഭാവസ്ഥയിലും മനുഷ്യ ജീവിആയിരിക്കുമെങ്കിലും മനുഷ്യനായി പൂർണ വളർച്ച പ്രാപിക്കാതിരിക്കുന്നേടത്തോളം കാലം അതിനെ മനുഷ്യനായി അംഗീകരിക്കാൻ പ്രയാസമായിരിക്കും അതെന്തായാലും അത് സ്വയം നിലനിൽക്കാൻ സാധ്യമല്ലാത്ത അവസ്ഥയിലായിരിക്കും. ഇതു പോലെ തുടക്കത്തിൽ മനുഷ്യനും മനുഷ്യ സത്തയിലുള്ളവനായിരുന്നെങ്കിലും മനുഷ്യൻ എന്ന് നാമകരണം ചെയ്യാനുള്ള വികാസം സിദ്ധിച്ചിരുന്നില്ല. ബുദ്ധി വികസിച്ചതിന് ശേഷമാണ് മനുഷ്യൻ എന്ന പേരിന് അർഹനായത്. അപ്പോഴും അവൻ വിവേചനമുള്ള മനുഷ്യനായിരുന്നില്ല. ബുദ്ധിയേക്കാളുപരി ചിലത് കൂടി സ്വായത്തമാക്കേണ്ടിയിരുന്നു. അതിന് അവന് വ്യവസ്ഥാപിതവും ചിട്ടയോടു കൂടിയതുമായ ഒരു ജീവിത രീതി സ്വായത്ത ക്കേണ്ടതുണ്ട്. അതായിരുന്നല്ലോ അവന്റെ സൃഷ്ടിപ്പിന്റെ പരമമായ ഉദ്ദേശ്യവും അതിനാൽ മനുഷ്യന്റെ ആദ്യകാല ചരിത്രത്തെ രണ്ടു ഘട്ടങ്ങളായി വിഭജിക്കാം

ഒന്ന്: അവൻ ബുദ്ധിയും വിവേചന ശക്തിയും സ്വായത്തമാക്കിയ ഘട്ടം.

രണ്ട്: മേൽ പറഞ്ഞ ശക്തികൾ വികസിപ്പിച്ചെടുത്ത് അടുക്കും ചിട്ടയോടു കൂടി ജീവിത രീതിയും അതു വഴി സാംസ്കാരവും വാർത്തെടുത്ത കാലഘട്ടം.

### ആദം ആദ്യത്തെ പരിപൂർണ മനുഷ്യൻ

മനുഷ്യന്റെ ബുദ്ധിവികാസത്തിന്റെ ഘട്ടം രണ്ട് വ്യത്യസ്ത വിഭാഗങ്ങളായി വീണ്ടും വിഭജിക്കാം.

1) മനുഷ്യനിൽ ബുദ്ധി വികസിച്ചു. എന്നാൽ അത് തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് മാത്രമായും തന്റെ ഇണയുടെ ഇംഗിതത്തിന് മാത്രം ഉപയോഗിക്കുന്നതിലും ഒതുങ്ങി.

2) ഈ ബുദ്ധി വികാസത്തിന്റെ അനന്തര ഫലമായി സാമൂഹ്യമായ താൽപര്യം രൂപപ്പെടുകയും അങ്ങനെ ജീവിതത്തിന് ഒരു നിയന്ത്രണവും ചിട്ടയും വന്നു ചേരുകയുമുണ്ടായി. മനുഷ്യൻ ഈ ആവസ്ഥലെത്തിയപ്പോൾ ബാഹ്യമായ നിയന്ത്രണങ്ങൾക്കും നിർദേശങ്ങൾക്കും വിധേയനാവാൻ പ്രാപ്തനായതോടുകൂടി മാനവീയതയുടെ സമ്പൂർണ്ണ ഘട്ടത്തിന് ആരംഭം കുറിച്ചു.

വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് ആദമാണ് മേൽ പറഞ്ഞ സമൂഹത്തിലെ ആദ്യത്തെ മനുഷ്യൻ. കളിമണ്ണ് കുഴച്ചെടുത്ത് രൂപപ്പെടുത്തിയ ആദ്യത്തെ മനുഷ്യനല്ല ആദം (അ). എന്നാൽ അങ്ങിങ്ങായി വ്യാപിച്ചു കിടക്കുന്ന നാനാ സമൂഹങ്ങളിൽ മേൽ പറഞ്ഞ മാനസിക വികാസം വന്നവരിൽ ആദ്യത്തെ വ്യക്തി അദ്ദേഹമായിരുന്നു. ഒരു ഗുഹാമനുഷ്യന് പുറത്ത് നിന്നുള്ള നിയന്ത്രണങ്ങൾക്കും നിർദേശങ്ങൾക്കും സ്വയം വഴിപ്പെടുക എന്നത് വളരെ അസാദ്ധ്യമായ കാര്യമാണ്. ചുറ്റുപാടുമുണ്ടായിരുന്നവരിൽ ഈ വിധം വികാസം പ്രാപിച്ചവരും ഈ ആശയം ഉൾക്കൊള്ളാൻ സന്നദ്ധരായിരുന്നില്ല. അവരിൽ ബുദ്ധി വികാസം സംഭവിച്ചിരുന്നു വെങ്കിലും സഹകരണത്തിനും സാമൂഹിക ജീവിതത്തിനുമുള്ള പ്രചോദനം അത്ര മാത്രം ശക്തമായിരുന്നില്ല. ആപേക്ഷികമായി വികാസം പ്രാപിച്ചവർ വിപ്ലവകരമായ പുതിയ

സംവിധാനത്തെയും പ്രവർത്തന രീതിയേയയും ശക്തമായി എതിർത്തു. നമുക്കറിയാം വ്യത്യസ്ത സ്വഭാവമുള്ള രണ്ട് കുതിരകളെ ഒരു വണ്ടിക്കു കെട്ടിയാൽ അത് ആടിയും ഉലഞ്ഞുമാണ് മുന്നോട്ട് നീങ്ങുക. അതു തന്നെയാണ് ആദ്യ മനുഷ്യൻ തന്റെ സമൂഹത്തെ അടുക്കും ചിട്ടയും സഹവർത്തിത്വവും ശിക്ഷണബോധത്തോടും കൂടിയൊരു ജീവിതക്രമമുള്ള ജനതയാകാൻ ആഹ്വാനം ചെയ്തപ്പോഴും സംഭവിച്ചത്.

**ആദം എന്ന വാക്കിന്റെ വിവക്ഷ**

ആദ്യമനുഷ്യന് ഖുർആൻ നൽകിയ നാമം തികച്ചും പ്രസക്തമാണ്. അറബി ഭാഷയിൽ ആദം എന്ന പദം രണ്ട് മൂലത്തിൽ അതായത് 'ആദിം' ഭൂമിയുടെ പ്രതലം അല്ലെങ്കിൽ 'ഉദ്മ' ഗോതമ്പിന്റെ നിറം എന്നതിൽ ഏതെങ്കിലും ഒന്നാകുന്നു. അതുകൊണ്ട് ആദം ഭൂമിയിൽ ജീവിച്ച ഗോതമ്പ് നിറത്തോടു കൂടിയ ആളാണ് എന്ന് സിദ്ധിക്കുന്നു. യഥാർഥത്തിൽ രണ്ടും ഒന്നു തന്നെയാണ് സൂചി പ്പിക്കുന്നത്. തുറസ്സായ സ്ഥലത്ത് ജീവിക്കുന്ന ഒരാളുടെ നിറം ഗുഹയിൽ താമസിക്കുന്ന ആളിനെ അപേക്ഷിച്ച് ഇരുണ്ടതായിരിക്കും. അയാൾക്ക് സൂര്യപ്രകാശം ഏൽക്കേണ്ടിവരുമല്ലോ.

ആദ്യത്തെ ദൈവിക പ്രതിനിധി എന്ന നിലയിൽ ആദമിലൂടെ മാനവസംസ്കാരത്തിന് തുടക്കം കുറിച്ചു. അദ്ദേഹത്തിന്റെ വിളിക്കുത്തരം നൽകിയവർ തങ്ങളുടെ മാളങ്ങളിൽ നിന്നും കൂട്ടം കൂട്ടമായി പുറത്ത് വന്ന് താമസിക്കുവാൻ തുടങ്ങി. എന്തെന്നാൽ പുറത്ത് നിന്നുള്ള ആക്രമണങ്ങളെ ഒന്നിച്ച് എതിർക്കാമല്ലോ.

**ആദമിന്റെ കാലത്തെ മനുഷ്യ സംസ്കാരം**

അദ്ദേഹത്തിന്റെ കാലത്തും അതിന് മുമ്പ് കടന്നുപോയ കാലത്തെ അവികസിത മാനസികാവസ്ഥയുള്ള, പുതിയ ആശയങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തരാവാത്ത മനുഷ്യരും ഉണ്ടായിരിക്കാം. അവർ തങ്ങളുടെ മേൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളെ ചെറുക്കുകയും മുൻ വിവരിച്ചത് പോലെ തങ്ങളുടെ മാളങ്ങളിൽ തുടർന്നും ജീവിച്ചിരുന്നിരിക്കാം. അങ്ങനെ ആദമിനെ അനുസരിച്ചവരും അദ്ദേഹത്തെ എതിർത്തവരും രണ്ട് വിഭാഗങ്ങളായി വിഭജിച്ചു. അവരിൽ ആദ്യത്തെകൂട്ടർ തങ്ങളുടെ ഗുഹകളിൽ നിന്ന് പുറത്ത് വന്ന് സമൂഹമായി അന്യോന്യം സഹകരിച്ചും മനുഷ്യന്റെ പൊതു താൽപര്യങ്ങൾ അംഗീകരിച്ചുകൊണ്ടും ആപത്തുകളെ ഒത്തൊരുമിച്ചു ചെറുത്തുകൊണ്ട് ജീവിച്ചു. മറ്റേകൂട്ടർ പഴയത്പോലെ തങ്ങളുടെ മാളങ്ങളിൽത്തന്നെ വസിച്ചു കൊണ്ട് ഒരു തരത്തിലുള്ള ഒളിവിൽ കഴിഞ്ഞു വന്നു. ഇരുട്ടിൽ തന്നെ മറഞ്ഞു കഴിഞ്ഞിരുന്നതിനാൽ ഇവർ 'ജിന്ന്' എന്നറിയപ്പെട്ടു. ഇവർ സാധാരണയായി ഭയം ജനിപ്പിക്കുന്നതിലും ദുഷ്ചെയ്തികളിൽ തൽപരരും എല്ലാവരോടും വിദ്വേഷം വെച്ചു പുലർത്തുന്ന സ്വഭാവക്കാരായിരുന്നു. നേരെ മറിച്ച് സമൂഹമായി തുറന്ന സ്ഥലത്ത് പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിച്ചവർ ആദ്യത്തെ 'ഇൻസ്' അഥവാ സമൂഹ ജീവിതം നയിക്കുന്നവരും പരസ്പരം സ്നേഹിക്കുന്നവരുമായി. എന്നാൽ ഇരുകൂട്ടരും ഒരേ വർഗത്തിൽപെട്ടവർ തന്നെയെന്ന് നാം ഓർക്കണം.

അറബി ഭാഷയിൽ ജിന്ന് എന്നതിന് മറഞ്ഞിരിക്കാൻ ഇഷ്ടപ്പെടുന്നത്, അജ്ഞാതം, അസാമാന്യ കഴിവോടു കൂടിയത്, സാധാരണയായി മറ്റുള്ളവർക്ക് ദോഷകരമായത് എന്നെല്ലാം അർഥം കാണാം. അതിനാലാണ് പ്രധാനപ്പെട്ട വ്യക്തികൾ, രാഷ്ട്രീയ നേതാക്കന്മാർ, ഗോത്രത്തലവന്മാർ എന്നിവരെ 'ജിന്ന്' എന്ന് വിളിക്കുന്നത്. അവരെ പെട്ടെന്ന് സമീപിക്കാൻ സാദ്ധ്യമല്ല. അവർ പൊതുസ്ഥലങ്ങളിൽ സധാരണയായി പ്രത്യക്ഷപ്പെടാറുമില്ല. അവർ അംഗരക്ഷകന്മാരാൽ ചുറ്റപ്പെട്ടിരിക്കുന്നതിനാൽ സാധാരണക്കാർക്ക് പെട്ടെന്ന് അവരെ സമീപിക്കുവാൻ സാധ്യമാകുന്നില്ല. വിദേശികൾ എന്ന അർഥത്തിലും ഈ വാക്ക് ഉപയോഗിക്കാറുണ്ട്. അതായത് ജിന്നുകൾ മനുഷ്യരിൽനിന്നും വ്യത്യസ്ത സൃഷ്ടികളല്ല. അതായത് ജിന്നുകൾ മനുഷ്യരിൽ നിന്നും വ്യത്യസ്ത ജീവികളായിരുന്നില്ല.

ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. ഒന്നാമതായി വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ആദം ആദ്യത്തെ മനുഷ്യനല്ല. മനുഷ്യൻ നിമിഷ നേരം കൊണ്ട് സൃഷ്ടിക്കപ്പെട്ടവനാണ് എന്ന സിദ്ധാന്ത പ്രകാരമാണ് അങ്ങനെ പറയുന്നത്. ആദം രംഗപ്രവേശം ചെയ്യുന്നതിന് വളരെ മുമ്പ് മനുഷ്യവർഗം ലോകത്ത് നിലനിന്നിരുന്നു. ആദമിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

'***നാം ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണ്.' (2:31)*** എന്നാൽ ആദം ആദ്യത്തെ മനുഷ്യനായിരുന്നു വെങ്കിൽ അല്ലാഹു പറയുമായിരുന്നത് നാം 'ആദ്യത്തെ മനുഷ്യനെ സൃഷ്ടിക്കുവാൻ പോകുകയാണ്' എന്നായിരുന്നു. എന്നാൽ അല്ലാഹു പറഞ്ഞത് അങ്ങനെയല്ല. ഒരു പ്രത്യേക മനുഷ്യനെ പ്രതിനിധിയായി നിശ്ചയിക്കാൻ പോകുന്നു എന്നാണ്. അക്കാലത്ത് ആദമിനോടൊപ്പം വേറേയും മനുഷ്യർ നിലവിലുണ്ട്. അതിൽ നിന്നും ഒരാളെ പ്രത്യേക ദൗത്യത്തിനായി തെരഞ്ഞെടുക്കുകയാണുണ്ടായത് എന്നാണ് വ്യക്തമാവുന്നത്. ഒരു വർഗത്തിലെ ആദ്യത്തെ ജീവിയുടെ സൃഷ്ടിപ്പിനെയല്ല. ഒരു പ്രത്യേക ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ടുള്ള നിയോഗത്തെയെന്നാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് എന്ന് വ്യക്തം.

ആദമിന് മുമ്പും മനുഷ്യൻ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്ന മറ്റൊരു ഖുർആൻ വാക്യം.

'***നാം തീർച്ചയായും നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് രൂപം നൽകി എന്നിട്ട് മാലാഖമാരോട് പറഞ്ഞു: ആദമിനെ വണങ്ങുക.'(അദ്ധ്യാ: 7:12)*** അതായത് മനുഷ്യനെ സൃഷ്ടിച്ചു പിന്നീട് ഘട്ടം ഘട്ടമായി രൂപപ്പെടുത്തി. ബുദ്ധി വികസിച്ചു കഴിഞ്ഞതിന് ശേഷം അവരുടെ

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തി നിയമത്തിൽ – 9

# ത്വലാഖ് : ഇന്ത്യയിലെ അനാചാരങ്ങൾ

അനുരഞ്ജനത്തിന്റെയും ഒത്തുതീർപ്പിന്റെയും മദ്ധ്യസ്ഥശ്രമത്തിനായുള്ള നിരവധി അവസരങ്ങൾ നൽകി കൊണ്ട് ഉന്നതമായ ധാർമിക നിലവാരത്തിലാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമം ആവിഷ്ക്കരിച്ചിട്ടുള്ളത്. എന്നാൽ ഇന്ത്യയിലെ മുസ്‌ലിം വിവാഹ നിയമങ്ങളിൽ ചിലത് അതിനെ അനാചാരങ്ങളും വൈകൃതങ്ങളുമാക്കിയിട്ടുണ്ട്.

ഡോ. കൗസർ എടപ്പകത്ത്

**അ**വസാനത്തെ ത്വലാഖ് ചൊല്ലിയാൽ വിവാഹബന്ധം വേർപിരിയുന്നതാണ്. പക്ഷേ ഭാര്യക്ക് സമ്മതമാണെങ്കിൽ അവസാനത്തെ ത്വലാഖ് ചൊല്ലിയിട്ടില്ലാത്തതും പിരിഞ്ഞു കഴിയുന്നതുമായ ദമ്പതിമാർക്ക് ഇദ്ദ: (വിവാഹമുക്ത ആചരിക്കേണ്ട ദീക്ഷാകാലം) യുടെ സമയപരിധി അവസാനിച്ചാലും പരസ്പരം യോജിക്കാനുള്ള ഒരു അവസരം കൂടി ഖുർആൻ വാഗ്ദാനം ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പുരു ഷൻ തന്റെ മൊഴിചൊല്ലപ്പെട്ട ഭാര്യയെ അയാൾ മൊഴിറദ്ദാക്കി തിരിച്ചെടുക്കണമെന്ന് ആഗ്രഹിച്ചാലും ഇദ്ദ: യുടെ സമയ പരിധി കഴിഞ്ഞാൽ അയാൾക്ക് ആ അവകാശം നഷ്ടപ്പെടുന്നതാണ്. എന്നിരുന്നാലും അവൾക്ക് സമ്മതമാണെങ്കിൽ മൊഴിചൊല്ലപ്പെട്ട അവളെ വീണ്ടും വിവാഹം ചെയ്യാൻ പുരുഷന് ഒരു അവസരം കൂടി നൽകപ്പെടുന്നു. ഇതിന് പുതിയ ഒരു നിക്കാഹ് ആവശ്യമായിവരും. ഖുർആൻ പറയുന്നു:

***നിങ്ങൾ സ്ത്രീകളെ വിവാഹ മോചനം ചെയ്തിട്ട് അവർ അവരുടെ (ഇദ്ദ:കാലം) പൂർത്തിയാക്കിയാൽ നിങ്ങൾ അവരെ തിരിച്ചെടുത്ത് ന്യായമായ നിലയിൽ കൂടെ നിറുത്തുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ അവരെ വിട്ടയക്കുകയോ ചെയ്യുക.30***

ത്വലാഖ് പ്രഖ്യാപനം അഥവാ വിവാഹ മോചന പ്രഖ്യാപനം വാക്കുകളാലോ കരാറിനാലോ ഇദ്ദ: കാലത്തിനുള്ളിൽ റദ്ദാക്കുകയോ അല്ലെങ്കിൽ ഒരു പുതിയ നിക്കാഹിലൂടെ വിവാഹബന്ധം പുനസ്ഥാപിക്കുകയോ ചെയ്താൽ പിന്നീട് അവരുടെ വിവാഹ ജീവിതത്തിൽ രണ്ട് തവണ മാത്രമേ അവളുമായി പുതിയ നിക്കാഹിന് അനുവാദമുള്ളൂ. ഒരു വിവാഹിതൻ അയാളുടെ വിവാഹ ജീവിതത്തിൽ എപ്പോഴെങ്കിലും മൂന്നാം തവണയും മൊഴി ഉച്ചരിച്ചാൽ അത് എല്ലാറ്റിന്റെയും അവസാനമായിരിക്കും. വിവാഹ ബന്ധം പൂർണമായും വേർപെടുത്തപ്പെടുന്നു. അയാൾക്ക് ഇദ്ദ: സമയത്ത് ആ ത്വലാഖ് ദുർബലപ്പെടുത്താനോ പുതിയ നിക്കാഹിലൂടെ വിവാഹ ബന്ധം പുനസ്ഥാപിക്കാനോ സാദ്ധ്യമല്ല 31. മറ്റുവിധത്തിൽ പറഞ്ഞാൽ മൊഴി ചൊല്ലി ഉപേക്ഷിക്കപ്പെട്ട ഭാര്യയെ വീണ്ടും സ്വീകരിക്കുക എന്നത് പഴയ ഉപേക്ഷിക്കലിനെ ദുർബലപ്പെടുത്തുന്നില്ല. അതായത് രണ്ട് തവണ മൊഴി ചൊല്ലിയ ശേഷം രണ്ട് തവണയും തിരിച്ചെടുത്തു, മൂന്നാം തവണയും മൊഴി ചൊല്ലിയാൽ രണ്ട് തവണത്തെ മൊഴിയും കൂട്ടി മൂന്നാം തവണത്തെ മൊഴിയായി വിവാഹം പൂർണമായും വേർപിരിയും. ഭർത്താവിന് വീണ്ടും അവളെ വിവാഹം കഴിക്കാനുള്ള അധികാരം നഷ്ടപ്പെടുന്നു. പിന്നീട് അവൾ മറ്റൊരാളെ വിവാഹം കഴിച്ച് വേർപിരിയുകയോ ഭർത്താവ് മരിച്ച് വിധവയാകുകയും ഇദ്ദകാലം കഴിയുകയും ചെയ്താൽ മാത്രമേ പിന്നീട് അവളെ ആദ്യഭർ

---

ആവശ്യങ്ങൾ നിറവേറ്റാനായി മാലാഖമാരോട് ആജ്ഞാപിക്കുകയാണ്. ചെയ്തത്. ഇവിടെ നാം മനുഷ്യനെ സൃഷ്ടിച്ചു എന്നിട്ട് അവനെ വണങ്ങുക, എന്നല്ല പറഞ്ഞത്. അവൻ മനുഷ്യനെ സൃഷ്ടിച്ചു വിവിധ ദശകളിലായി പരിഷ്ക്കരിച്ചു. അവന്റെ വികാസം ഒരു പ്രത്യേക അവസ്ഥയിൽഎത്തിച്ചേർന്ന് അവൻ പ്രാപ്തനായപ്പോഴാണ് അവനെ വണങ്ങാൻ ആജ്ഞ നൽകിയിരിക്കുന്നത്. ഇതിൽ നിന്ന് വ്യക്തമാകുന്നതെന്തെന്നാൽ മനുഷ്യരുടെ സമൂഹമുള്ളപ്പോഴാണ് അവരിലൊരാളെ ആദരിക്കുകയും ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലേക്ക് ഉയർത്തുകയും ചെയ് തത്. *(സെയ് റെ റൂഹാനി)*

www.alislam.org

ത്താവിന് തിരിച്ചെടുക്കാൻ കഴിയുകയുള്ളൂ.32

അവസാനത്തെ മൊഴി ഉച്ചരിക്കപ്പെടുന്ന നിമിഷം വിവാഹ ബന്ധം വേർപിരിയുന്നു. ഭാര്യയുടെ മേലുള്ള ഭർത്താവിന്റെ അധികാരം വിനഷ്ടമാവുകയും ആ ഭാര്യ ഭർത്താവിന് നിഷിദ്ധയായി തീരുകയും ചെയ്യുന്നു.[33] പിന്നീട് അവർ തമ്മിൽ വിവാഹിത രാകണമെങ്കിൽ ഭാര്യ മറ്റൊരാളെ നിയമ പ്രകാരമുള്ള ഒരു കരാ റിലൂടെ വിവാഹം ചെയ്ത് ആ ഭർത്താവുമായി യഥാർഥത്തിലുള്ളതും വിശ്വസ്ത പൂർണവുമായ വൈവാഹിക ബന്ധം പുലർത്തിയതിന് ശേഷം ആ വിവാഹബന്ധം വേർപിരിയുകയോ അല്ലെങ്കിൽ ഭർത്താവ് മരിച്ച് വിധവയായി അവൾക്ക് അനുവദിക്കപ്പെട്ട ഇദ്ദ: കാലം പൂർത്തിയാവുകയും വേണം.

രണ്ടാം വിവാഹത്തിന് നിക്കാഹ് കഴിച്ചു ഭർത്താവുമായി കൂടിച്ചേരുന്നതിന് മുമ്പ് അദ്ദേഹം മരണപ്പെട്ടാൽ അത് ആദ്യഭർത്താവിന് വീണ്ടും അവളെ വിവാഹം കഴിക്കാനുള്ള അനുമതി നൽകുന്നില്ല.[34]

***ഹലാല*** എന്നത് ഇസ്ലാമിലെ പ്രത്യേകമായ ഒരു നിയമ പ്രക്രിയയാണ്. തീർച്ചയായും അത് ആദ്യ ഭർത്താവുമായുള്ള വിവാഹബന്ധം വേർപ്പെടുത്തി വീണ്ടും ആദ്യ ഭർത്താവിനെ കൊണ്ട് വിവാഹം കഴിപ്പിക്കുന്ന മുത്തലാഖ് (Triply Divorced) സമ്പ്രദായത്തെ നിയമവിധേയമാക്കുന്ന ഒന്നല്ല. തന്റെ ജീവിതകാലത്ത് മൂന്നാം തവണയും ഭർത്താവ് ഭാര്യയെ മൊഴിചൊല്ലുന്നത് തടയുന്നതിന് വേണ്ടി ആവിഷ്ക്കരിക്കപ്പെട്ട നിയമമാണ് ***ഹലാല***. പൊതുവേയുള്ള വിവാഹ മോചന നിരോധനത്തിന് പകരമായി അർഥവത്തായ രീതിയിൽ ആവിഷ്ക്കരിക്കപ്പെട്ട നിയമത്തിന്റെ വിവേകം ഇതിൽ നിറഞ്ഞുനിൽക്കുന്നു. വിവാഹമോചിതയായ ഒരു സ്ത്രീ മറ്റൊരാളെ വിവാഹം വിവാഹം ചെയ്തുവെന്നിരിക്കട്ടെ, പക്ഷേ അവൾ വിധവയാകുകയോ രണ്ടാ മത്തെ ഭർത്താവിനാൽ വിവാഹമോ ചനം ചെയ്യപ്പെടുകയോ ചെയ്തു. എങ്കിൽ അവരെ ആദ്യം വിവാഹം കഴിച്ച ഭർത്താവുമായി, അവർ പരസ്പരം ആഗ്രഹിക്കു കയാണെ ങ്കിൽ പുനർ വിവാഹം ചെയ്യാവുന്നതാണ്. അത് അനുവദനീയമായ ഒരു സ്ത്രീപക്ഷ നിയമമാണ്. നിയമത്തിന്റെ കണ്ണിൽ അവർ തന്റെ ആദ്യ ഭർത്താവിനാൽ മൂന്ന് തവണ ത്വലാഖ് ചെയ്യപ്പെട്ട ഭാര്യമാത്രമാണ്. (അയാളുമായി പുനർ വിവാഹത്തിന് അനുവാദമുണ്ടായിരുന്നുമില്ല) അവർ തന്റെ രണ്ടാം ഭർത്താവിനാൽ ത്വലാഖ് ചെയ്യപ്പെട്ട ഭാര്യയുമാണ്. അവരുടെ ആദ്യ ഭർത്താവ് (ഒന്നാമത്തെ ഭർത്താവ്) അവരുടെ രക്ഷകനായി മുന്നോട്ട് വരാൻ ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കയാണ്. ഇപ്പോഴത്തെ ഭർത്താവിന് അവരു മായുള്ള വിവാഹം മുമ്പ് അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇടക്കാലത്ത് അവർ മറ്റൊരാളെ വിവാഹം കഴിച്ചതിനാൽ അവരുടെ ആദ്യ് ഭർത്താവുമായുള്ള വിവാഹം നിയമപരമായി ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുകയാണ്.

മേൽപറഞ്ഞ കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. നാല് തവണ ഗൗരവതരമായ രീതിയിലുള്ള അനുരഞ്ജന ശ്രമങ്ങൾ നടന്നതിന് ശേഷം ഒരു മുസ്ലിം ഭർത്താവിന്ന് വിവാഹ മോചനം ചെയ്യാനുള്ള അനുമതിലഭിക്കുന്നു. ഭാര്യയെ ഒരു തവണയോ രണ്ട് തവണയോ ഇദ്ദ: സമയത്തിനുള്ളിൽ മൊഴി ചൊല്ലി വീണ്ടും വിവാഹബന്ധത്തിലേക്ക് തിച്ചെടുക്കാവുന്നതാണ്. ഇതിന് പുനർ വിവാഹത്തിന്റെ മതപരമായ ചടങ്ങുകളൊന്നും (നിക്കാഹ്) വേണ്ട. എന്നാൽ ഇദ്ദ: സമയം കഴിഞ്ഞെങ്കിൽ വിവാഹത്തിനുള്ള കരാർ ഇരുവർക്കും സ്വീകാര്യമായ ഉപാധികളോടെ പുതുക്കി വിവാഹത്തിലേക്ക് പുനഃപ്രവേശിക്കാം. അല്ലെങ്കിൽ വീണ്ടും വിവാഹിതരാവാൻ കഴിയാത്ത വിധം മൂന്നു മൊഴിയും ചൊല്ലി അവസാനത്തെ ത്വലാഖ് കൊടുത്ത് പിരിയാം. വിവാഹജീവിതത്തിന്റെ പവിത്രതയെ പറ്റിയും നിസ്സാരകാര്യങ്ങളുടെ പേരിൽ വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലെ കുടിലതയെ പറ്റിയും ഖുർആൻ പരാമർശിക്കുന്നുണ്ട്. ഇദ്ദ: സമയം കഴിഞ്ഞതിന് ശേഷം വിവാഹബന്ധം വേർപെടുത്താൻ തീരുമാനിച്ച വിവാഹ പങ്കാളിയെ ഖുർആൻ താക്കീത് ചെയ്യുന്നു. എന്തെന്നാൽ അങ്ങനെ ഭർത്താവിനാൽ രണ്ട് തവണ പരിത്യക്തയായ ഭാര്യ മറ്റൊരു ഭർത്താവിന് ഭാര്യയായി വിവാഹ മോചിതയായതിന് ശേഷമല്ലാതെ അവളെ ആദ്യഭർത്താവിന് വിവാഹം ചെയ്യാൻ സാദ്ധ്യമല്ല.35 പുതിയ ഭർത്താവുമായി യാതൊരുവിധത്തിലും പൊരുത്തപ്പെട്ടു പോവാൻ കഴിയാത്തവണ്ണം സ്വരചേർച്ചയില്ലായ്മ ഉണ്ടെങ്കിൽ മാത്രമേ വിവാഹ മോചനം പാടുള്ളൂ. ആ രണ്ടാം ഭർത്താവു മായുള്ള വിവാഹ മോചനവും ഖുർആന്റെ കൽപ്പനകൾ പാലിച്ചു കൊണ്ടായിരിക്കണം. 36 ഇതിനെ യാണ് ***ഹലാല*** എന്ന് പറയുന്നത

ഫൈസിയും അമീർ അലിയും അടക്കം വിവിധ പണ്ഡിതന്മാർ ത്വലാഖ് രണ്ട് വിധമായി തരം തിരിച്ചിട്ടുണ്ട്. ***ത്വലാഖെ സുന്നത്ത്*** (പ്രവാചക ചര്യപ്രകാരമുള്ള വിവാഹ മോചനം), ***ത്വലാഖെ ബിദ്അ:*** (അനുചിതമായ ത്വലാഖ്) ത്വലാഖെ സുന്നത്ത് ***അഹ്സൻ, ഹസ്ന*** എന്നിങ്ങനെ വീണ്ടും തരം തിരിച്ചിരിക്കുന്നു. ത്വാഹിർ മഹ്മൂദിന്റെ അഭിപ്രായ പ്രകാരം ഈ വിഭജനം ഒരു രീതിയോ മാതൃകയോ അല്ല. ത്വലാക്ക് ഉച്ചരിക്കപ്പെടുന്നത് സംബന്ധിച്ചുള്ള പെരുമാറ്റ രീതിയെപറ്റി മാത്രമാണ് ഈ തരം തിരിവ്. അതായത് നിയതമായ നിയമങ്ങൾ പാലിക്കുയോ പാലിക്കാതിരിക്കുയോ ചെയ്യുന്നത് മൂലം യഥാർഥ്യത്തിൽ ത്വലാക്ക് സംഭവിക്കുയോ സംഭവിക്കാതിരിക്കുയോ ചെയ്യുന്നത് സംബന്ധിച്ചാണ് ഇത്.[38]

അനുരഞ്ജനത്തിന്റെയും പുനരാലോചനയുടേയും സകല വാതിലുകളും തുറന്നിട്ടുകൊണ്ടുള്ള ലളിതമായ നടപടി ക്രമങ്ങളാണ് മുസ്ലിം നിയമത്തിലെ ത്വലാഖ്. ഇത് സംബന്ധിച്ച നിയമ പ്രക്രിയകളെല്ലാം കർശനമായി പാലിക്കുന്ന

ത്വലാഖിനെയാണ് ത്വലാഖെ സുന്ന: അഥവാ പ്രവാചക ചര്യപ്രകാരമുള്ള ശരിയായ വിവാഹ മോചനം എന്ന് പറയുന്നത്. ത്വലാഖെ സുന്നയുടെ പരിധിയിൽ മനുഷ്യന്റെ സ്വഭാവമനുസരിച്ച് ധാർമികതയുടെ മാനങ്ങളുണ്ട്. വളരെയധികം കർശനമായ നിലയിൽ സാത്വികതയോടെ നടത്തുന്ന ത്വലാഖാണ് ത്വലാഖെ അഹ്സൻ (ഉത്തമ ത്വലാഖ്). കുറഞ്ഞ ധാർമികതയോടെ ചെയ്യുന്ന ത്വലാഖാണ് ത്വലാഖെ ഹസൻ (നല്ല ത്വലാഖ്). നിയമങ്ങൾ ലംഘിച്ചു കൊണ്ട് നടത്തുന്ന ത്വലാഖാണ് ത്വലാഖെ ബിദ്അ: (അനുചിതമായ ത്വലാഖ്) 39

ഭർത്താവ് തന്റെ ഭാര്യയെ ഒറ്റത്തവണ ത്വലാഖ് വചനങ്ങൾ ഉച്ചരിച്ചു കൊണ്ട് ത്വഹൂർ (ശുദ്ധി കാലം) കാലത്ത് നിർവഹിക്കുന്ന ത്വലാഖാണ് ത്വലാഖെ അഹ്സൻ. ഏറ്റവും അഭിലഷണീയ മായ നല്ല ത്വലാഖ് എന്നാണ് ***ഹിദായ*** (ഹനഫി വിഭാഗക്കാരുടെ ആധികാരിക കർമശാസ്ത്ര നിയമ പുസ്തകം) ത്വലാഖെ അഹ്സനെക്കുറിച്ച് പ്രകീർത്തിക്കുന്നത്.[40]. ഇദ്ദ: ആചരണ കാലത്ത് ഭർത്താവ് ലൈംഗിമായി ബന്ധപ്പെടാതിരിക്കുകയും ഇദ്ദ: (ദീക്ഷ കാലം) ആചരിക്കാൻ അവളെ അനുവദിക്കുകയും ചെയ്തു. ഇദ്ദ: കാലത്ത് ത്വലാഖ് റദ്ദ് ചെയ്യാവുന്നതാണ് (ഭാര്യയെ തിരിച്ചെടുക്കാവുന്നതാണ്) അവരുടെ പിന്തുടർച്ചാവ കാശം നിലനിർത്തുകയും ചെയ്യാം. ***ഹിദായ*** ത്വലാഖിന്റെ ഈ രീതി ഏറ്റവും അഭികാമ്യമാണെന്ന് പറയുന്നു. കാരണം അതിന് പ്രവാചകന്റെ അനുഭാവമുണ്ട്. രണ്ടാമതായി ഇദ്ദ കാലത്തിനുള്ളിൽ ത്വലാഖ് റദ്ദാക്കാനുള്ള അധികാരം ഭർത്താവിനുണ്ട്. മൂന്ന് മാസമോ ആ അവസരത്തിൽ ഭാര്യ ഗർഭിണിയാണെങ്കിൽ. പ്രസവിക്കുന്ന സമയം വരെയോ ആണ് ഇദ്ദാ കാലം[41]. മൂന്ന് തഹൂർ (ശുദ്ധികാലം) കഴിഞ്ഞാൽ തലാഖ് റദ്ദാക്കാൻ സാദ്ധ്യമല്ലാതെ വരുന്നു. നിക്കാഹ് നടന്നു പക്ഷേ സഹശയനം നടന്നിട്ടില്ലെങ്കിൽ അഹ്സൻ ത്വലാഖ് ആർത്തവഘട്ടത്തിലും നടത്താം.. ഭർത്താവും ഭാര്യയും പരസ്പരം വേർപെട്ടാണ് താമസിക്കുന്നതെങ്കിലോ ആർത്തവ വിരാമം സംഭവിച്ച സ്ത്രീയാണെങ്കിലോ ശുദ്ധികാലത്തിന്റെ ഉപാധി ബാധ കമല്ല.[42]

ത്വലാഖിന്റെ ഹസ്സൻ രീതിയും വിവാഹ മോചനത്തിന്റെ അംഗീകൃത രീതിയാണ്. അത് മൂന്ന് ശുദ്ധികാലത്തിനുള്ളിലെ മൂന്ന് ത്വലാഖ് മോചന പ്രഖ്യാപനം ഉൾക്കൊള്ളുന്നതാണ്. ഇടവേളകളിലൊന്നും തന്നെ ലൈംഗിക ബന്ധം പുലർത്താൻ പാടുള്ളതല്ല. ഈ തരത്തിലുള്ള ത്വലാഖ് പൊതുവേ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. തുടർച്ചയായ മൂന്ന് ശുദ്ധികാലത്ത് മൂന്ന് ത്വലാഖും കൊടുത്തിരിക്കണം എന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. പ്രഗല്ഭ മുസ്‌ലിം പണ്ഡിതൻ ഫൈസിയുടെ അഭിപ്രായ പ്രകാരം മൂന്ന് തുടർച്ചയായ ശുദ്ധി കാലം ഉക്കൊള്ളുന്നതാണ് ത്വലാഖ് ഹസന:[43] അമീറലി[44] ഫത്വ ആലംഗീരി ഉദ്ധരിച്ചു കൊണ്ട് പറയുന്നത്.[45] ത്വലാഖ് വചനങ്ങൾ തുടർച്ചയായ മൂന്ന് ശുദ്ധികാലത്ത് മൂന്ന് ഘട്ടങ്ങളിലായി ചൊല്ലുക എന്നാണ്. പ്രഗത്ഭനായ ഇന്ത്യയിലെ പ്രശസ്ത മുസ്‌ലിം നിയമ പണ്ഡിതനായ മൗലാനാ അശ്റഫലി തൻതാവിയുടെ വീക്ഷണത്തിലാണ് ശരിയായ നിയമ നിലപാട് കാണാൻ കഴിയുന്നത്. തൻതാവി വിവരിക്കുന്നു:

ഓരാൾ റദ്ദാക്കാൻ കഴിയുന്ന ത്വലാഖ് ചൊല്ലുന്നു. അയാൾ അനുരഞ്ജനപ്പെട്ട് സഹജീവിതം നടത്താൻ തുടരുകയും ചെയ്യുന്നു. രണ്ടോ നാലോ വർഷങ്ങൾക്ക് ശേഷം ഒരു പ്രകോപിതാവസ്ഥയിൽ വീണ്ടും അയാൾ റദ്ദാക്കാവുന്ന ത്വലാഖ് ചൊല്ലി. ആ പ്രകോപിതാവസ്ഥക്ക് ശമനം വന്നപ്പോൾ അയാൾ വീണ്ടും ഭാര്യയുമായി സഹജീവനം തുടങ്ങി. ഇപ്പോൾ രണ്ട് ത്വലാഖ് കഴിഞ്ഞു. പിന്നീട് അയാൾ ത്വലാഖ് ചൊല്ലിയാൽ അത് മൂന്നാമത്തെ ത്വലാഖായി ഗണിക്കപ്പെടും. അവിടെ വിവാഹ ബന്ധം വിഛേദിക്കപ്പെടും. വീണ്ടും അവർക്ക് വിവാഹ ജീവിതം നയിക്കണമെന്നുണ്ടെങ്കിൽ വിവാഹ മുക്തയായ ഭാര്യ മറ്റൊരാളെ വവാഹം കഴിക്കുകയും ആ രണ്ടാം ഭർത്താവ് അവളുമായി സഹശയനം നടത്തുകയും വേണം. അതിന് ശേഷം അവളുടെ രണ്ടാമത്തെ ഭർത്താവ് ത്വലാഖ് കൊടുത്ത ശേഷം മാത്രമേ ആദ്യത്തെ ഭർത്താവിന് അവളെ വിവാഹം ചെയ്യൽ അനുവദനീയ മാവുകയുള്ളൂ. (ഹലാൽ)[46].

ത്വാഹിർ മഹ്മൂദ് അശ്റഫ് അലിയുടെ വീക്ഷണം അംഗീകരിച്ചു കൊണ്ട് ഇതിന് ഒരു ഭാഷ്യം നൽകുന്നത് കാണുക.

ത്വലാഖെ ഹസന: എന്നത് അർഥമാക്കുന്നത് മൂന്ന് ത്വലാഖുകളും ഒറ്റയടിക്ക് ഉരുവിടുക എന്നത് തീർച്ചയായും ഇന്ത്യയിലെ മുസ്‌ലിം നിയമത്തെ പരിഹസിക്കുക എന്നതിലുപരി ഗുരുതരമായ വളച്ചൊടിക്കലുമാണ്.[47]

അദ്ദേഹം വീണ്ടും ശരിയായ രീതിയിൽ കൂട്ടിചേർക്കുന്ന തെന്തെന്നാൽ ഈ ആവശ്യത്തിന് വേണ്ടി അനുവദിക്കപ്പെട്ടഏറ്റവും കുറഞ്ഞ സമയമാണ്. എല്ലാ അവസരത്തിലും ഒരു നിശ്ചിതകാലം ഇക്കാര്യത്തിനായി നിജപ്പെടുത്തരുത്.[48]

ഈ രണ്ട് രീതിയിലുള്ള ത്വലാഖിലും വിവാഹ പങ്കാളികൾക്ക് അവരുടെ സുഹൃത്തുക്കൾ മുഖേനയോ ബന്ധുക്കൾ മുഖേനയോ രമ്യപ്പെടുവാനുള്ള അവസരമുണ്ട് എന്ന കാര്യം വ്യക്തമാണ്. അതു കൊണ്ട് അതൊരു അംഗീകൃത രീതിയായി സുന്നി നിയമത്തിലും ശിയാനിയമത്തിലും ഗണിക്കപ്പെടുന്നു. ആദ്യത്തെ അഹ്സൻ രീതിയാണ് ഏറ്റവും കൂടുതലായി അംഗീകരിക്കപ്പെടുന്നത്. കാരണം ഈ രീതിയിൽ ഭർത്താവ് ഭാര്യയോട് വളരെ മാന്യമായി പെരുമാറുന്നു. അവളെ ഭീഷണിപ്പെടുത്തുന്നില്ല. രണ്ടാമത്തേത് പ്രവാചകൻ നിർത്തലാക്കാൻ ശ്രമിച്ച ഇസ്‌ലാമിക പൂർവ അജ്ഞാന കാലത്തെ സമ്പ്രദായമാണ്. ഈ സമ്പ്രദായ പ്രകാരം

ഭാര്യയോടുള്ള ക്രൂരമായ പെരുമാറ്റത്തിന്റെ ഭാഗമായി അവളെ പല തവണ വിവാഹ മോചനം ചെയ്യുകയും അവളെ തിരിച്ചെടുക്കുകയും ചെയ്യുന്നു. തിരിച്ചെടുക്കാൻ പറ്റാത്ത മൂന്നാമത്തെ ത്വലാഖിന്റെ നിയമം ആവിഷ്ക്കരിച്ചുകൊണ്ട് പ്രവാചകൻ ഉദ്ദേശിച്ചത് പഴയകാലത്ത് സംഭവിച്ചത് പോലെ ത്വലാഖ് ചൊല്ലലും വീണ്ടും വിവാഹം ചെയ്യലും നിർബാധം അനന്തമായി തുടരുന്നതിനെ തടയിടാനായിരുന്നു. അതായത് ഭർത്താവിനാൽ ത്വലാഖ് ചൊല്ലി ഉപേക്ഷിക്കപ്പെട്ട ഭാര്യയെ വീണ്ടും ഭാര്യാപദത്തിലേക്ക് കൊണ്ടുവരാൻ ആത്മാർഥമായി ആഗ്രഹമുണ്ടെങ്കിൽ അയാൾക്ക് അങ്ങനെ ചെയ്യാവുന്നതാണ്. അങ്ങനെ രണ്ട് തവണ ഉപേക്ഷിക്കപെടലും തിരിച്ചെടുക്കലും സംഭവിച്ചു എന്നിരിക്കെ മൂന്നാമത്തെ തവണ അത്തരം ത്വലാഖ് അന്തിമമായിരിക്കും. ഈ നിയമം ഖുർആന്റെ വിധിയുടെ അന്തസത്ത ഉൾക്കൊള്ളുന്നു.[49]. അവർ അവരുടെ സമയം എത്തിക്കഴിഞ്ഞാൽ അവരെ കാരുണ്യപൂർവം വീണ്ടെടുക്കുകയോ കാര്യുണ്യപൂർവം അവരെ വേർപിരിച്ചയക്കുകയോ ചെയ്യുക.[50] ഇപ്പറഞ്ഞ രണ്ടു രീതികൾ മാത്രമാണ് ശിയാക്കൾ അംഗീകരിച്ചിരിക്കുന്നത്.

മൂന്നാമതായി മറ്റൊരു രീതിയുണ്ട്. ഭാര്യ ശുദ്ധയായിരിക്കുകയോ ആർത്തവകാരിയായിരിക്കുകയോ ചെയ്യുമ്പോൾ ഭർത്താവ് മൂന്നു മൊഴിവാചകവും ഒറ്റയടിക്ക് ചൊല്ലുകയും ഇദ്ദ: സമയത്തിന് അഥവാ കാത്തിരിപ്പിന്റെ സമയത്തിന് ശേഷം ബന്ധം പൂർണമായും വേർപ്പെടുത്തുകയും ചെയ്യുന്നു.[51] ഈ ത്വലാഖിനെയാണ് ത്വലാഖെബിദ്അ എന്ന് പറയുന്നത്. ഇതാണ് ഇന്ത്യയിൽ പ്രചുരപ്രചാരം നേടിയ മുത്ത്വലാഖ്.

ശിയാ വിഭാഗമായ ഇസ്നാ അശരിയ്യക്കാരുടെയും ഇസ്മായിലികളുടെയും നിയമത്തിൽ ത്വാലാഖെ സുന്നത്ത് അംഗീകരിക്കുകയും ത്വലാഖെ ബിദ്അ (അനാചാരപരമായ ത്വലാഖ്) യെ അവരുടെ നിയമത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സുന്നി മുസ്‌ലിംകളിലെ വലിയ വിഭാഗമായ അഹ്‌ലെ ഹദീസ് അഥവാ സലഫികളും അഹ്മദികളും ത്വലാഖെ ബിദ്അ: അംഗീകരിച്ചിട്ടില്ല. ഇങ്ങനെ മൂന്ന് തവണ ത്വലാഖ് വചനങ്ങൾ ഒന്നിച്ച് ഉച്ചരിച്ചെങ്കിൽ തന്നെ അതിന് ഒരു ത്വലാഖിന്റെ പ്രബാല്യമേ ഉണ്ടാവുകയുള്ളൂ. എന്ന് അവർ കരുതുന്നു. ഭാര്യയെ അവളുടെ ശുദ്ധികാലത്ത് മൂന്ന് തവണ ത്വലാഖ് ചൊല്ലിയതായി ഒരു വാചകത്തിൽ പറഞ്ഞാൽ ഒരു മൊഴിയായാണ് ***ഹിദായ*** അതിനെ വ്യാഖ്യാനിക്കുന്നത്.[57] പരമ്പരാഗതമായ ഹനഫി നിയമം, മതത്തിൽ മോശമായതും നിയമത്തിൽ നല്ലതുമായാണ് മുത്ത്വലാഖിനെ വിശേഷിപ്പിക്കുന്നത്. വികലമായ ഈ ത്വലാഖിനെ (ത്വലാഖെ ബിദ്അ:) ഹനഫി നിയമം അംഗീകരിക്കുകയും യഥാർഥത്തിലുള്ള ഇസ്‌ലാമിക നിയമത്തിന്റെ ഭാഗമല്ല അത് എന്ന് കരുതുകയും ചെയ്യുന്നു. വിവാഹ ബന്ധം തകർന്ന സ്ത്രീയേയും പുരുഷനേയും സഹായിക്കാൻ പിൽക്കാലത്ത് സ്വീകരിക്കപ്പെട്ടതാണ് ത്വലാഖെ ബിദ്അ:. പിൽക്കാലത്ത് എല്ലാ വിവാഹമോചിതരായ ദമ്പതിമാർക്കും ത്വലാഖെ ബിദ്അ: ബാധകമാണെന്ന് അവിശ്വസിക്കണ മെന്നതിനേക്കാൾ വിശ്വസിക്ക പ്പെടുകയാണുണ്ടായത്. അതിൽ വിവാഹ മോചനം നടത്തിയെങ്കിലും പിന്നീട് പശ്ചാത്താപ വിവശനായ ഭർത്താവും ദുഃഖിതയായ ഭാര്യയും ആ ബന്ധം തുടരാനാഗ്രഹിക്കുന്നവരുമാണ്, ഇങ്ങിനെ ഇരുവരുടെയും ആഗ്രഹങ്ങൾക്കെതിരായാൽ പോലും ത്വലാഖെ ബിദ്അ: ബാധകമാക്കുകയാണ് ചെയ്തത്. പൂർവകാല ന്യായിധിപന്മാരുടെ ഉദ്ദ്യേശ്യം ഒരിക്കലും ഇതായിരുന്നില്ല. ഒരുപാട് മുസ്‌ലിം രാജ്യങ്ങൾ തലാഖെ ബിദ്അ: നിയമവിരുദ്ധമാക്കിയിട്ടുണ്ട്.[53] (വിവ: എ. എം: –തുടരും)

*Reference*


30 II: 232.

31 *Supra* note 27 at p.105., 32 AFM, Abdu Rahiman, *Institutes of, Mussalman Law* 136 (Calcutta, 1907)., 33 *Id* at 151., 34 *Id.* at 142., 35 *Quran* II:230 36 *Supra* note 23., 37 Tahir Mahmood, “Talaq, Talaq,Talaq, Juristic Restoration of Islamic Divorce Law”, 17 *Religion and Law Review* 115 (1998)., 38 *Supra* note 34 at pp. 104-5., 39 *Id.* at 105., 40 *Tuhr* means menstrual course., 42 *Fakhad Beebi v. Badsha* , AIR 1960 Bom 121. 43 A.A.A. Fyzee, *Outlines of Muhammedan Law* 153 (Oxford University Press, New Delhi, 4th edn, 1974). 44 *Supra* note 9 at p.475. 45 Fatwai Almagiri Vol I, p. 492. 46 War law, “The Concept of Divorce in Islam”, *Kali Yug Women and Law Journal 5*, July (1997, 41 Hedya, p.72., 47 *Supra* note 32 at p. 105., 48 *Id.* at 105-06., 49 *Quran* II: 115., 50 *Supra* note 43 at p 154., 51 *Supra* note 44 at P.476., 52 *Hedya*, p, 53 *Supra* note 47 at p.107.


## അമിതത്വം നാശഹേതു

അബൂഹുറൈറ(റ) യിൽ നിന്ന് നിവേദനം: തിരുമേനി(സ) അരുളി: നിശ്ചയം മതം ലളിതമാണ്. മതത്തിൽ അമിതത്വം പാലിക്കാൻ ആര് മുതിർന്നാലും അവസാനം അവൻ പരാജയപ്പെടാതിരിക്കുകയില്ല.അതുകൊണ്ട് നേരെയുള്ള വഴിയും മധ്യമാർഗവും കൈക്കൊള്ളുക. അങ്ങനെ അപ്പോഴും നിങ്ങൾസന്തോഷിക്കുകയും പ്രഭാതത്തിലും സായാഹ്നത്തിലും രാവിന്റെ ഒരംശത്തിലും (നമസ്കാരം മുഖേന) സഹായം അഭ്യർഥിക്കുകയും ചെയ്യുക. (ബുഖാരി)

കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച

# ബ്രിട്ടീഷ് സർക്കാറിന്റെ ചിറ്റമ്മനയം

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**ഖലീഫത്തുൽമസീഹിനുമേൽ സെൻസർഷിപ്പ്**

എതിർപുകൾ തുടങ്ങുന്നതിനു മുമ്പേ തങ്ങളുടെ നിശ്ചിത പദ്ധതിയനുസരിച്ച് സർക്കാർ ഖലീഫത്തുൽമസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) സാഹിബിനുമേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിനുവരുന്ന കത്തുകളുടെമേലാണ് ആദ്യം സെൻസർഷിപ്പ് ഏർപ്പടുത്തിയത്. അഹ്മദിയ്യ ജമാഅത്തിന്റെ വിശുദ്ധ ഇമാമിനെ സംബന്ധിച്ചിടത്തോളം അതൊരു വീട്ടുതടങ്കലായിരുന്നു. ഏതെങ്കിലും കാര്യമുണ്ടാക്കി ഖലീഫത്തുൽമസീഹിനെ അറസ്റ്റു ചെയ്യുകയായിരുന്നു സർക്കാറിന്റെ ലക്ഷ്യം.

**ഖലീഫത്തുൽമസീഹിന്റെ ഓരോ വാക്കും സർക്കാർ വീക്ഷിക്കുന്നു:-**

പോസ്റ്റൽ നിയന്ത്രണം ഏർപ്പെടുത്തിയതിനു പുറമെ സർക്കാർ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗങ്ങളും തരംതാണ ദൃഷ്ടിയോടെയാണ് നോക്കാൻ തുടങ്ങിയത്. ഇതു സംബന്ധമായി ഖലീഫത്തുൽമസീഹ് സാനി(റ)പറയുന്നു: "1934-ൽ അഹ്റാരികളുടെ എതിർപ്പ് മൂർധന്യാവസ്ഥയിൽ നില്ക്കുമ്പോൾ എന്നെ ഏതെങ്കിലും വിധത്തിൽ അറസ്റ്റു ചെയ്യാൻ സർക്കാർ സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. സി.ഐ.ഡി ഓഫീസർ എപ്പോഴും എന്റെ പിന്നാലെ കൂടി. പക്ഷേ, അല്ലാഹു അവർക്ക് അതിന് സാഹചര്യം കൊടുത്തില്ല. ആയിടയ്ക്ക് ഒരു ഉന്നത സി.ഐ.ഡി ഓഫീസറെ ലാഹോറിൽവച്ച് കാണാനിടയായി. അദ്ദേഹം എന്നോടു പറഞ്ഞു, 'സർക്കാരും ഉദ്യോഗസ്ഥരും നിരന്തരം കൂടിയാലോചനകൾ നടത്തിക്കൊണ്ടിരുന്നു. നിസ്സാരകാര്യത്തിലാണെങ്കിലും അങ്ങയെ അറസ്റ്റുചെയ്യണം എന്നതായിരുന്നു അവരുടെ ആഗ്രഹം. എന്നാൽ, അതിൽ വിജയിക്കാൻ അവർക്ക് കഴിഞ്ഞില്ല.' ഞാൻ അദ്ദേഹത്തോടു പറഞ്ഞു,' അത് ഞങ്ങളുടെ എന്തെങ്കിലും കഴിവോ സാമർഥ്യമോ അല്ല. ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത് മനുഷ്യനല്ല, നമ്മുടെ അല്ലാഹുവാണ്.'

ഇതു സംബന്ധമായി ജമാഅത്തിന്റെ മുബല്ലിഗ് മൗലാനാ ശേയ്ഖ് അബ്ദുൽ ഖാദിർ സാഹിബ് പറയുന്നു: 'പഞ്ചാബ് ഗവർണർ സർ എമേഴ്സൺ ഏതെങ്കിലും ആരോപണം ഉന്നയിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ അറസ്റ്റ് ചെയ്യാൻ വഴി അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ, അദ്ദേഹം അതിൽ പരാജയപ്പെട്ടു. അതായത് അക്കാലങ്ങളിൽ സുദീർഘമായ ഖുത്ബകളാണ് ഖലീഫത്തുൽ മസീഹ് നിർവഹിച്ചുകൊണ്ടിരുന്നത്. രണ്ടര മണിയോടെയാണ് ഖാദിയാനിൽനിന്ന് ബട്ടാലയിലേക്കുള്ള തീവണ്ടി പുറപ്പെട്ടിരുന്നത്. അതുകാരണം ഖലീഫത്തുൽമസീഹിന്റെ ഖുത്ബ നോട്ടുചെയ്യാൻ രണ്ടുപേരെ സർക്കാർ നിയോഗിച്ചു. തീവണ്ടി പുറപ്പെടുന്നതിന് മുമ്പേവരെയുള്ള പ്രസംഗം നോട്ടുചെയ്ത് ഒരാൾ അവിടെനിന്ന് പോകുമ്പോൾ രണ്ടാമത്തെയാൾ ബാക്കി പ്രസംഗം നോട്ടുചെയ്യാൻ കൃത്യമായി എത്തിയിരിക്കും. ഖലീഫത്തുൽ മസീഹിന്റെ ദൈവദത്തമായ ചിന്താശക്തിയും അപാരമായ സൂക്ഷ്മബുദ്ധിയുംകണ്ട് എമേഴ്സൺ അത്ഭുതപ്പെട്ടിരുന്നു. അദ്ദേഹം പറയുമായിരുന്നു: 'അദ്ദേഹം തന്റെ അനുയായികളെ ഉണർത്താനും ഉത്തേജിപ്പിക്കാനുമായി ഉഗ്രൻ പ്രസംഗങ്ങൾ ചെയ്യും. അത് അടിമുടി ആക്ഷേപാർഹമായിരിക്കും. പക്ഷേ, അവസാനം പറയുന്ന വാക്യത്തോടെ ആക്ഷേപാർഹമായി തോന്നിയ കാര്യങ്ങളൊക്കെ ഇല്ലാതാകും. നമുക്ക് ഒരിക്കലും അദ്ദേഹത്തെ പിടിക്കാൻ കഴിയുകയില്ല.'

അനുബന്ധമായി ഇവിടെ സർ എമേഴ്സനെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽമസീഹിന്റെ തൂലികയിൽനിന്ന് വന്ന ഒരു സംഭവം എഴുതേണ്ടത് നിർബന്ധമായി മനസ്സിലാക്കുന്നു. ഖലീഫത്തുൽമസീഹ് പറയുന്നു: 'എമേഴ്സൺ കുറച്ചുകാലത്തിനുശേഷം തന്റെ കാലാവധി പൂർത്തിയാക്കി വിരമിക്കാൻ പോകുകയായിരുന്നു. അപ്പോൾ ഹോം സർക്കാർ അദ്ദേഹത്തിന്റെ കാലാവധി നീട്ടിക്കൊടുത്തു. ഇതുപാടില്ല, ഇത് അന്യായമാണ്, ഇതു തടയണമെന്നൊക്കെ പറഞ്ഞു ജമാഅത്തിൽനിന്ന് എനിക്ക് കത്തുവരാൻ തുടങ്ങി. ഞാൻ അവർക്കെല്ലാം മറുപടി കൊടുത്തു, 'ഞാൻ എമേഴ്സനെ എന്റെ അഭിനന്ദനങ്ങൾ അറിയിച്ചു കഴിഞ്ഞിരിക്കുന്നു. കാരണം സർക്കാറിന്റെ പോരാട്ടം ഞാനുമായിട്ടല്ല. അല്ലാഹുവുമായിട്ടാണ്. അദ്ദേഹത്തിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടെങ്കിൽ അതിലും എന്തെങ്കിലും ദൈവയുക്തിയുണ്ടാകും. അതിൽ പരിഭ്രമിക്കാനെന്തിരിക്കുന്നു.'

സർക്കാർ അദ്ദേഹത്തിന് കാലാവധി നീട്ടിക്കൊടുത്തു. എന്നാൽ, അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കുക. കുറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹം രോഗാവധിയെടുത്തു. വിലായത്തിലേക്ക് മടങ്ങിപ്പോയി. അനാരോഗ്യം കാരണം താങ്കൾ ജോലിചെയ്യാൻ അർഹനല്ലെന്നും ജോലിയിൽനിന്ന് വിരമിക്കണമെന്നും ഓപ്റേഷൻ ആവശ്യമാണെന്നും ഡോക്ടർമാർ അദ്ദേഹത്തോടു പറഞ്ഞു. അങ്ങനെ അദ്ദേഹം ജോലി രാജിവച്ചു. ഡോക്ടർമാരുടെ അഭിപ്രായപ്രകാരം കുറച്ചുനാൾ വിശ്രമിച്ചു. അതുകഴിഞ്ഞ് ഡോക്ടർമാരുടെയടുക്കൽ ഓപ്റേഷനായി പോയപ്പോൾ അവർ പറഞ്ഞു, 'താങ്കൾക്ക് രോഗമൊന്നും കാണുന്നില്ല. പൂർണ ആരോഗ്യവാനാണ്. താങ്കൾ ജോലിയെടുക്കാൻ അർഹനല്ലെന്ന് അന്ന് ഞങ്ങൾ പറഞ്ഞത് എന്തുകൊണ്ടാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.' നോക്കുക, നാം ഒന്നും പറയാതെ തന്നെ അല്ലാഹു അവർക്ക് മറുപടി കൊടുത്തു.

**സർ സെക്കന്ദർ ഹയാത് ഖാന്റെ അഭിപ്രായം**

അഹ്മദിയ്യ ജമാഅത്ത് സ്ഥിതിഗതികൾ നന്നാക്കിവെക്കാനും സാഹചര്യങ്ങൾ നല്ലനിലയിലാക്കാനും മാർഗങ്ങൾ കൈക്കൊണ്ടു. അതിൽ പ്രത്യേകമായും ഉണ്ടായിരുന്നത്, ബന്ധപ്പെട്ട സർക്കാർ ഓഫീസർമാരെ എല്ലാതരം അനീതികളും അറിയിച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു. ഇതുമായി ബന്ധപ്പെട്ട് 1934 ഫെബ്രുവരി 10-ാം തീയതി ഹദ്റത്ത് മൗലവി ഫർസന്ദ് അലി സാഹിബ്(റ), സർ സെക്കന്ദർ ഹയാത്തിനെ കണ്ടു. അദ്ദേഹം പറഞ്ഞു, ഖാദിയാനിൽ പോലീസിന്റെ പ്രകടനം അനാവശ്യമായിട്ടുള്ളതാണ്. മറ്റുസ്ഥലങ്ങളിൽ അഹ്മദികൾ ഒന്നും ഒറ്റയുമായി ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവരുടെ സംരക്ഷണത്തിനായി ഒരേർപാടും സർക്കാർ ചെയ്യുന്നില്ല. എന്നിട്ട് പറയുന്നത് അഹ്മദികളോടു തുല്യനീതിയാണ് കാട്ടുന്നതെന്ന്! വാസ്തവത്തിൽ ലേഖനങ്ങളെഴുതുന്ന ഞങ്ങളുടെ ഒരു സഹോദരനെ ശിക്ഷിക്കുകയും ചെയ്തു. അഹ്റാരികൾ എന്തുതെറ്റുചെയ്താലും അവരെ താക്കീതു ചെയ്തു വിടുകമാത്രമാണ് ചെയ്യുന്നത്. അവർക്ക് അതുമതി എന്ന് കരുതുന്നു. സർ സെക്കന്ദർ ഹയാത് ഖാൻ സാഹിബ് സംസാരത്തിന്റെ തുടക്കത്തിൽ, 'നിങ്ങൾ ആറുമാസം വരെ അഹ്റാരികൾക്കെതിരിൽ മൗനം പാലിക്കുകയാണെങ്കിൽ ശാന്തിയും സമാധാനവും സ്വയമേവ ഉണ്ടായിക്കൊള്ളുമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

**സെമീന്ദാർ, ഇഹ്സാൻ പത്രങ്ങൾക്ക് നിയന്ത്രണം വേണമെന്ന ആവശ്യം**

സെമീന്ദാർ, ഇഹ്സാൻ പത്രങ്ങൾ അഹ്മദിയ്യ ജമാഅത്തിന്നെതിരിൽ പ്രകോപനപരവും ഹൃദയഭേദകവുമായ ലേഖനങ്ങൾ നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. എന്നാൽ, സർക്കാർ പറയത്തക്ക രീതിയിൽ അത് തടയാൻ ഒരു മാർഗവും സ്വീകരിച്ചില്ല. വെറും താക്കീതിൽമാത്രം ഒതുക്കി നിറുത്തി. 1934-ന്റെ മധ്യത്തിൽ സെമീന്ദാർ, ഇഹ്സാൻ പത്രങ്ങളോട് സർക്കാർ അത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയില്ലെന്ന ഉറപ്പ് വാങ്ങുക മാത്രം(Vocation Guarantee) ചെയ്തു. അതു മുഖം രക്ഷിക്കാൻ വേണ്ടി മാത്രമായിരുന്നു. വാസ്തവത്തിൽ സർക്കാറിന്റെ പോളിസി കുറച്ചുകഴിഞ്ഞ് അത് പിൻവലിക്കുക എന്നതായിരുന്നു. അതായത് ഒരു കൈമാറ്റക്കളി. മുറിവേറ്റ മനസ്സിൽ ഉപ്പു തളിക്കുന്ന രീതി.

എന്നാൽ, സർക്കാറിന്റെ ഈ രഹസ്യ അജണ്ട ഉണ്ടായിട്ടും സെമീന്ദാർ പത്രം, 'ഖാദിയാനിയ്യത്തിനെ സർക്കാർ പ്രീണിപ്പിക്കുന്നു എന്നതിന് തെളിവാണ് തങ്ങൾക്കെതിരിലുള്ള നടപടി'എന്നു പറഞ്ഞ് പരസ്യപ്രചാരണം നടത്തുകയാണ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് 1934 ഒക്ടോബർ 21ന് സെമീന്ദാർ പത്രത്തിൽ വന്ന ഒരു വാർത്ത വായിക്കുക.

ലാഹോർ ഒക്ടോബർ 19 (1934): ഇന്ന് നമസ്കാരത്തിനുശേഷം ആസ്ത്രേലിയ മസ്ജിദിന്നടുത്തുള്ള റയിൽവേസ്റ്റേഷൻ പരിസരത്ത് മുസ്‌ലീംകളുടെ ഉഗ്രൻ സമ്മേളനം നടന്നു. ഇതിൽ താഴെ കാണുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ടു.

1. ആസ്ത്രേലിയ മസ്ജിദിൽ ചേർന്ന മുസ്‌ലീംകളുടെ ഈ സമ്മേളനം പഞ്ചാബ് സർക്കാറിന്റെ ഈ നടപടിയെ അങ്ങേയറ്റം വെറുപ്പോടും നിന്ദാദൃഷ്ടിയോടുംകൂടി കാണുന്നു. സെമീന്ദാർ, ഇഹ്സാൻ എന്നീ മുസ്‌ലിം പത്രങ്ങൾക്കെതിരിൽ സർക്കാർ നടപടി എടുത്തത് മുസ്‌ലീംകളുടെ മനസ്സുകൾക്ക് മുറിവ് ഏല്പിച്ചിരിക്കുകയാണ്. ഈ രണ്ടു പത്രങ്ങളും ഇസ്‌ലാമിനു വേണ്ടി സത്യസന്ധമായ സേവനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവരിൽ നിന്ന് ഉറപ്പുവാങ്ങി ഇസ്‌ലാമിന്റെ ശബ്ദത്തെ അടിച്ചമർത്താനുള്ള ശ്രമം നടക്കുകയില്ല.

ഞങ്ങൾ സർക്കാറിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട്, എത്രയും വേഗം തങ്ങളുടെ തീരുമാനം പുനഃപരിശോധിച്ച് അത് കാലഹരണപ്പെടുത്തുകയും ശരിയായ തീരുമാനം എടുക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നു. അസത്യമായ സമ്മർദത്തിനു വഴങ്ങാതെ 'ഇസ്‌ലമികവും സത്യസന്ധവുമായ ശബ്ദം ഇൻശാഅല്ലാഹ് സത്യമായ കലിമയ്ക്കൊപ്പം ഉയർന്നുകൊണ്ടിരിക്കുകതന്നെ ചെയ്യും' എന്ന അചഞ്ചലവും സ്ഥിരനിശ്ചയത്തോടെയുമുള്ള തീരുമാനമെടുത്ത മൗലാനാ സഫർ അലി ഖാൻ സാഹിബിനും ആഖായെ മുർത്തളാ അഹ്മദ് ഖാൻ മേക്കശ് സാഹിബിനും അഭിവാദനങ്ങൾ അർപിക്കുന്നു............

ലാഹോർ ഒക്ടോബർ 19: മൗലാനാ മുഹമ്മദ് അലി ഉണ്ടായിരുന്നില്ല. അതുകൊണ്ട് 'ദർവാസ ശേറാൻവാല'യിലുള്ള ലൈൻ മസ്ജിദിൽ മൗലാനാ ഹബീബുർറഹ്മാൻ സാഹിബ് ലുധിയാനവി ഒന്നര മണിക്കൂർ നീണ്ടുനിന്ന ഒരു ഉഗ്രൻ ഖുത്ബ കൊടുത്തു. ഇതിൽ അദ്ദേഹം സർക്കാറിന്റെ 'ഖാദിയാനീ പ്രീണന' നയത്തെ

വിശദീകരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'പ്രവർത്തിയുടെ മറുപടി വാക്കല്ല. പ്രവർത്തിയാണ്. പ്രവർത്തിക്കാത്തവനും മൗനം പാലിക്കുന്നവനും ഈ ലോകത്തിടമില്ല. ഏകാന്തതയിലുള്ള ആരാധനകൊണ്ട് പരലോകത്ത് വെറും സ്വർഗം ലഭിച്ചേക്കാം. പക്ഷേ, ദുൻയാവിലേയും ആഖിറത്തിലേയും അന്തസ്സ് ത്യാഗം കൂടാതെ ലഭിക്കുകയില്ല.......'

പ്രസംഗം തുടർന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: ഞാൻ ഇന്നു രാവിലെ 6 മണിയ്ക്ക് ഖാൻപൂർ(ബഹാവൽപൂർ സ്റ്റേയ്റ്റ്) നിന്ന് തിരിച്ചിവിടെ എത്തി. വന്നുടനെ സർക്കാർ സമീന്ദാറിൽനിന്ന് 4000 രൂപ ജാമ്യം ഈടാക്കിയതായി അറിഞ്ഞു. ഇതിനു കാരണം പറഞ്ഞിട്ടുള്ളത്, പത്രത്തിൽ വന്ന ഒരു ലേഖനത്തിൽ ദജ്ജാലിന്റെ കഴുതയെക്കുറിച്ച് പറഞ്ഞപ്പോൾ ഖാദിയാനിയ്യത്തിനെക്കുറിച്ചും പറഞ്ഞു എന്നതാണ്. അതായത് സർക്കാറിന്റെ പക്കൽ ഖാദിയാനിയ്യത്തിനെക്കുറിച്ച് എന്തെങ്കിലും എഴുതുക എന്നത് സർക്കാറിനെ നിന്ദിക്കലാണത്രെ.'

അദ്ദേഹം പറഞ്ഞു: 'ഞാൻ ഈ ജാമ്യത്തിന് അനുബന്ധമായി ഒരു മുഖവുരയും കൂടാതെ മുസ് ലീംകളോട് പറയുകയാണ്, സമീന്ദാറിന്റെ മരണം മിർസായിയ്യത്തിന്റെ ജനനമാണ്. അതുകൊണ്ട് മുസ് ലീംകളുടെ ഒന്നാമത്തെ പ്രവർത്തി സമീന്ദാറിന് ജീവൻ നല്കി നിലനിറുത്താൻ പൂർണമായും ശ്രമിക്കുക എന്നതാണ്. നാളെ തബ്‌ലീഗ് സപ്ലിമെന്റ് പുറത്തിറങ്ങുകയാണ്. ഇതിന്റെ വില നാലു രൂപയാണ്. മുസ്‌ലീംകൾ ഇതിന്റെ 16000 പ്രതികൾ വാങ്ങുകയാണെങ്കിൽ 'സമീന്ദാർ' ഒരു ദിവസംപോലും മുടങ്ങാതെ ഇറങ്ങിക്കൊണ്ടിരിക്കും. മുസ്‌ലീംകൾ എന്റെ ശബ്ദം കേൾക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

മൗലാനയുടെ പ്രസംഗത്തിനു ശേഷം മൗലാന മുഹമ്മദ് ഹസൻ സാഹിബ് അമൃതസരി പറഞ്ഞു: 'മൗലാന ഹബീബുർറഹ്മാൻ സാഹിബ് ലുധിയാനവിയുടെ "സമീന്ദാറിന്റെ മരണം മിർസായിയ്യത്തിന്റെ ജനനം" ആണെന്ന വാക്യം വ്യാഖ്യാനിക്കാൻതന്നെ ഒരു ലക്കം വേണ്ടി വരും. മിർസായിയ്യത്തിന്റെ എതിരിലുള്ള ശബ്ദം ഉലമാക്കൾക്കുപോലും എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ സമീന്ദാർ എത്തിച്ചു കഴിഞ്ഞു. അതുകൊണ്ട് ഞാൻ എല്ലാവരോടും അപേക്ഷിക്കുകയാണ്, നിങ്ങൾ തഹജ്ജുദിന്റെ നേരത്ത് എഴുന്നേറ്റ് സമീന്ദാറിന്റെ അനശ്വരമായ നിലനില്പിനായി പ്രാർഥിക്കുക. പ്രാർഥന മാത്രമല്ല പ്രവർത്തി കൊണ്ടും അതിനെ സഹായിക്കുക.''

**സർക്കാറിന്റെ ചില അക്രമങ്ങൾ ഖലീഫത്തുൽമസീഹിന്റെ വാക്കുകളിൽ**

ഖാദിയാനിൽ അഹ്റാരികൾ തങ്ങളുടെ താവളം ഉറപ്പിച്ചിരിക്കുകയാണ്. പോലീസുകാർ ഖാദിയാൻ വാസികളായ അഹ്മദികളെ കൂടതൽ പീഡിപ്പിക്കാനും തുടങ്ങിയിരിക്കുന്നു. സർക്കാറിന്റെ ഈ അക്രമപരമായ പ്രവർത്തനങ്ങളെ കുറിച്ച് ഖലീഫത്തുൽമസീഹ് സാനി (റ) 1934 നവംബർ 20 ന് ചെയ്ത ജുമുഅ ഖുത്ബയിൽ പറയുന്നു:

**ഒന്നാമത്തെ സംഭവം:**

"ഏതിനെയാണോ അഹ്റാരികൾ മസ്ജിദ് എന്നു പറയുന്നത് അത് ഖിബ്‌ലയ്ക്ക് അഭിമുഖമല്ല. വെറും 375 സ്ക്വയർഫീറ്റ് സ്ഥലത്താണ് ഇത് നില്ക്കുന്നത്. ഏകദേശം ഒരുമുറിയുടെ വലുപ്പംമാത്രമുള്ള ആ സ്ഥലം ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്. ആ സ്ഥലം അഹ്റാരികളുടെ പേരിലാണോ അതല്ല അഹ്റാരികൾക്കുവേണ്ടി മറ്റേതെങ്കിലും വ്യക്തിയുടെ പേരിലാണോ വാങ്ങിയിട്ടുള്ളതെന്ന് കൃത്യമായി എനിക്കറിയില്ല. എന്തായാലും ഈ പദ്ധതിയുമായി ബന്ധപ്പെട്ടാണ് സ്ഥലം വാങ്ങിയിട്ടുള്ളത്. അതു വാങ്ങിയതിനുശേഷം പണം പിരിക്കുക എന്നുദ്ദേശ്യത്തോടെ അവിടെ മസ്ജിദ് എന്ന പേരിൽ ഒരു ചെറിയ കെട്ടിടം നിർമിക്കാൻ തുടങ്ങി. ആ സ്ഥലം 'സമാൽടൗൺ കമ്മിറ്റി'യുടെ പരിധിയിലാണുള്ളത്. സർക്കാർ നിയമമനുസരിച്ച് കമ്മിറ്റിയുടെ അനുവാദമില്ലാതെ ആർക്കും ആ പരിധിയിൽ കെട്ടിടനിർമാണം നടത്താൻ പാടില്ല. എന്നാൽ, അവർ സ്വതന്ത്രരാണല്ലോ! നിയമങ്ങളൊന്നും അവർക്ക് ബാധകമല്ല! അതുകൊണ്ടുതന്നെ അവർ കൊട്ടിട നിർമാണത്തിന് അനുവാദം വാങ്ങേണ്ടത് നിർബന്ധമായി മനസ്സിലാക്കിയില്ല. അങ്ങനെ ഭിത്തി നിർമാണം തുടങ്ങി. ഇത് നടക്കുമ്പോൾ പോലീസുദ്യോഗസ്ഥൻ അവിടെ ഉണ്ടായിരുന്നു. ഈ നിയമ ലംഘനം കണ്ടപ്പോൾ നിർമാണം നിറുത്തിവെക്കാൻ അദ്ദേഹത്തിന് കമ്മിറ്റി നോട്ടീസു കൊടുത്തു. അദ്ദേഹം അതുവാങ്ങാൻ തയ്യാറായില്ലെന്ന് മാത്രമല്ല അതെടുത്തെറിയുകയും ചെയ്തു. പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ അതെടുത്തു. ഈ എല്ലാ നടപടികളും സർക്കാറിന്റെ ഒരംഗീകൃത സ്ഥാപനത്തിൽനിന്നും സർക്കാർ നിയമങ്ങൾ പൂർത്തിയാക്കാൻവേണ്ടിയാണുണ്ടായത്. അതിൽ നമ്മുടെ ജമാഅത്തിന് അല്പംപോലും പങ്കുണ്ടായിരുന്നില്ല. പക്ഷേ, കമ്മിറ്റിയ്ക്ക് നോട്ടീസ് കൊടുക്കാൻചെന്ന ക്ലാർക്ക് ഒരു അഹ്മദിയായ കാരണത്താൽ അഹ്മദി തങ്ങളുടെമേൽ ആക്രമണം നടത്താനും മസ്ജിദ് നിർമാണം തടയാനും വന്നിരിക്കുന്നുവെന്ന് പറഞ്ഞ് അഹ്റാരികൾ ബഹളംവെച്ചു. ഇതെല്ലാം കള്ളക്കഥകളായിരുന്നു. അഹ്മദി ആക്രമണം നടത്താനല്ല പോയത്. മസ്ജിദ് നിർമാണം തടയാനും ആരും പോയിട്ടില്ല. 'സമാൽടൗൺകമ്മിറ്റി' സർക്കാർ നിയമമനുസരിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. അതിന്റെ ഒരു ഓഫീസർ സർക്കാർ ഉണ്ടാക്കിയിട്ടുള്ള നിയമമനുസരിച്ച് അവരെ തടഞ്ഞതാണ്. എന്നാൽ, ഈ തടയൽ 1857-ലെ ലഹളയായിത്തീർന്നു. എവിടെന്നോ പോലീസ് സൂപ്രണ്ട് ഓടിവരുന്നു, സ്ഥലത്തെ മജിസ്ട്രേറ്റ് പാഞ്ഞു വരുന്നു, എവിടെന്നോ മറ്റു പോലീസ് ഉദ്യോഗസ്ഥർ ഓടിച്ചാടി ഇറങ്ങുന്നു, എന്തോ ഒരു ആപത്ത് വന്നെത്തിയതുപോ

ലെ. നാസിർ ഉമൂറെആമയെ വിളിച്ചു വരുത്തി. ഇവിടെ എന്തൊരു അക്രമവും അനീതിയുമാണ് നടക്കുന്നതെന്ന് അദ്ദേഹത്തോട് ആവർത്തിച്ചാവർത്തിച്ച് ചോദിച്ചു. സർക്കാർ ആദ്യമെതന്നെ നിങ്ങൾക്കെതിരാണ്. ഇപ്പോൾ നിങ്ങൾ ഇതും ചെയ്തുവെച്ചു..........നിയമം നടപ്പിൽ വരുത്തുന്ന സമാൽടൗൺ കമ്മിറ്റിയും, നിയമലംഘനം നടത്തുന്ന അഹ്റാരികളും. എന്നാൽ, ആരോപണം നമ്മുടെമേൽ ഉന്നയിക്കുന്നു. നമ്മുടെ ആളുകളെ വിളിച്ച് വിളിച്ച് ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ തങ്ങൾക്ക് ഒരു പങ്കുമില്ലെന്ന് ജമാഅത്തിന്റെ പ്രവർത്തകർ സ്ഥാപിച്ചു കാണിച്ചപ്പോൾ ഭരണകർത്താക്കൾ മലക്കം മറിഞ്ഞു. അവർ പറയാൻ തുടങ്ങി കമ്മിറ്റിയിൽ നിങ്ങളുടെ ഭൂരിപക്ഷമാണുള്ളത്. അതുകൊണ്ട് നിങ്ങൾതന്നെയാണ് ഇതിനുത്തരവാദികൾ. അഹ്റാരികളിൽനിന്ന് അപേക്ഷ തിരിച്ചുവാങ്ങി, അടിയന്തര യോഗം ചേർന്ന്, മസ്ജിദ് നിർമാണത്തിന് അനുവാദം നല്കാൻ കമ്മിറ്റിയ്ക്കുമേൽ സമ്മർദം ചെലുത്താൻ അവർ ആവശ്യപ്പെട്ടു. ഏതെങ്കിലും നീതിമാനായ സർക്കാർജഡ്ജിയെ നിയമിച്ച് അന്വേഷണം നടത്തി നോക്കുക. എന്നാൽ, അഹ്മദികളെ അന്യായമായ നിലയിൽ പീഡിപ്പിക്കുകയും വേദനിപ്പിക്കുകയും അവരുടെ സമാധാനത്തിൽ വിള്ളലുണ്ടാക്കുകയും ചെയ്തു എന്ന് വിധിപറയാൻ ഏറ്റവും നിസാരബുദ്ധിയുള്ള മനുഷ്യൻപോലും നിർബന്ധിതനാകും. എത്രയും വേഗം ഈ കുഴപ്പം അവസാനിപ്പിക്കുന്നില്ലെങ്കിൽ ഇരുകക്ഷികളുടേയുംമേൽ 107-ാം വകുപ്പ് പ്രകാരം നടപടിയെടുക്കാൻ ഡപ്യൂട്ടി കമ്മീഷണർ സാഹിബ് ഉദ്ദേശിക്കുന്നു എന്നുംകൂടി പറയപ്പെട്ടു. സർക്കാറിന്റെ ലോക്കൽ സെൽഫ് നിയമം ഉണ്ടായതുമുതൽ കമ്മിറ്റി തങ്ങളുടെ അധികാരംവെച്ചുകൊണ്ട് ഒരു പ്രവർത്തിചെയ്യുകയും സമാധാനത്തോടെ കഴിയുന്ന പ്രജകളുടെമേൽ 107-ാം വകുപ്പ് ചുമത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഒരവസ്ഥ ഉണ്ടായിട്ടുണ്ടാവുകയില്ല.

ഇവിടെ അഹ്റാരികളോട് ഇങ്ങനെയാണ് അവർ പെരുമാറിയത്. എന്നാൽ നമ്മളോടുള്ള പെരുമാറ്റം എങ്ങനെയായിരുന്നു? ഒരു അഹ്മദി, വീടിനുംപള്ളിയ്ക്കുമായി ഒരു സ്ഥലം വാങ്ങി. എന്നാൽ, പക്ഷപാതമായി പെരുമാറുന്ന അവിടെത്തെ തദ്ദേശ ഓഫീസർമാർ പെട്ടെന്ന് റിപ്പോർട്ട് ചെയ്ത് ലാന്റ് ഇക്വിസിഷൻ ആക്ട് പ്രകാരം ആ സ്ഥലത്തിന്റെ വലിയൊരു ഭാഗം തട്ടിയെടുത്തു. സർക്കാരിന് വേറെയും സ്ഥലം കിട്ടാൻ സാധ്യതയുണ്ട് മതപരമായ ഏകപക്ഷീയതകൊണ്ട് ജനങ്ങൾ ഞങ്ങൾക്ക് സ്ഥലം നല്കുകയില്ല എന്ന് പറഞ്ഞ് ഒച്ചപ്പാടുണ്ടാക്കിയെങ്കിലും ആരും അത് കേട്ടില്ല. ഈ സംഭവവും മുകളിൽ പറഞ്ഞ സംഭവവും ഒത്തുനോക്കിയാൽ എങ്ങനെയാണ് സർക്കാർ ചിറ്റമ്മനയം സ്വീകരിച്ചതെന്ന് മനസ്സിലാകും.നമ്മുടെ പള്ളിയുടെ സ്ഥലം കണ്ടുകെട്ടുന്നു. അഹ്റാരികളാണെങ്കിൽ നിയമവിരുദ്ധമായി ഒരു കെട്ടിടം നിർമിക്കാൻ ഒരുങ്ങുമ്പോൾ പെട്ടെന്ന് അവരിൽനിന്ന് അപേക്ഷ തിരിച്ചുവാങ്ങി യോഗംചേർന്ന് നിർമാണത്തിന് അനുമതി നല്കാൻ സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കുന്നു! അങ്ങനെ പോലീസിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ അതായത് പോലീസ് സൂപ്രണ്ടന്റ് സാഹിബും ഒരു പ്രാദേശിക മജ്സ്ട്രേറ്റും ഇവിടെ വരികയും 'നിങ്ങളുടെ മെമ്പറന്മാരെ വിളിച്ചു വരുത്താനും മസ്ജിദ് നിർമാണത്തിന് അനുമതി നല്കാനും കല്പന കൊടുക്കാൻ പറയുകയും ചെയ്യുന്നു. വസ്തവത്തിൽ നമ്മുടെ സമ്മർദത്തിന് വഴങ്ങി പ്രവർത്തിക്കാനുള്ളതാണ് സമാൽടൗൺ കമ്മിറ്റിയെങ്കിൽ അതിന്റെ ആവശ്യമെന്താണ്. നമ്മുടെ കല്പനയ്ക്ക് വിധേയമായി പ്രവർത്തിക്കുകയും നമ്മുടെ പ്രവർത്തനംകൊണ്ട് തടസ്സപ്പെടുകയും ചെയ്യുന്നതാണ് സമാൽടൗൺ കമ്മിറ്റിയെങ്കിൽ അത് കമ്മിറ്റിയല്ല മറിച്ച് ഒരു കളിപ്പാവയാണ്. അത് നശിപ്പിക്കപ്പെടേണ്ടതാണ്. രസമതല്ല, 'നമുക്ക് സമാധാനം പാലിക്കാനുള്ള പാഠമാണ് നല്കിയിട്ടുള്ളത് അതുകൊണ്ട് ഭരണാധികാരികളുടെ ആഗ്രഹം നമ്മൾ പൂർത്തീകരിച്ചുകൊള്ളും' എന്ന് നമ്മുടെ സമാധാനപാലകർ മനസ്സിലാക്കിക്കൊണ്ടായിരിക്കാം ഇവിടെ വന്നത്. അതുകൊണ്ടാണ് നമ്മുടെ ജമാഅത്തിലെ അംഗങ്ങളുടെമേൽ ഈ ജോലി പെട്ടെന്ന് ചെയ്യാൻ സമ്മർദം ചെലുത്തിയത്. ചുരുക്കത്തിൽ സർക്കാറിന്റെ പ്രീതി പിടിച്ചുപറ്റാനാണ് അവർ ഇതെല്ലാം ചെയ്തത്. എന്നാൽ, ഇതിനുകിട്ടിയ സമ്മാനം കൂടി കേൾക്കുക. ഈ വഴക്ക് ഉണ്ടായപ്പോൾ നമ്മുടെയാളുകൾ ഡപ്യൂട്ടി കമ്മീഷണർ സാഹിബിനോടു പറഞ്ഞു, പ്രാദേശിക മജിസ്ട്രേട്ടിനോ പോലീസ് സൂപ്രണ്ടന്റിനോ ഇങ്ങനെയൊരു കല്പന കമ്മിറ്റിയ്ക്കു നല്കാൻ അധികാരമില്ല. ഇതു പറഞ്ഞപ്പോൾ പോലീസ് സൂപ്രണ്ടന്റ് സാഹിബ് പറഞ്ഞിരുന്നു, ഡപ്യൂട്ടി കമ്മീഷണർ ആഗ്രഹിക്കുന്നത് ഈ വഴക്ക് അവസാനിപ്പിച്ചില്ലെങ്കിൽ ഇരുകക്ഷികളോടും 107 വകുപ്പ് പ്രകാരം ജാമ്യങ്ങൾ വാങ്ങുക എന്നാണ്. അദ്ദേഹം പറഞ്ഞു, താൻ അത്തരം കല്പന പുറപ്പെടുവിച്ചിട്ടില്ലെന്ന് ആരാണോ പറഞ്ഞത് അയാൾ കള്ളം പറയുകയാണ്. ഇപ്പോൾ നമുക്ക് വല്ലാത്തൊരു പ്രതിസന്ധിനേരിട്ടു. നമ്മൾ ആ സമയത്ത് നിഷേധിക്കുകയാണെങ്കിൽ രാജ്യദ്രോഹികളെന്ന് പറയും. അഹ്മദി തങ്ങളുമായി സഹകരിക്കുന്നില്ലെന്ന് പോലീസ് ഓഫീസർ റിപ്പോർട്ടു നല്കുകയും ചെയ്യും. നമ്മൾ അവർ പറഞ്ഞ കാര്യം അംഗീകരിച്ചപ്പോൾ നമ്മൾ വിഡ്ഢികളെന്നും ഭോഷന്മാരെന്നും മുദ്രകുത്തപ്പെട്ടു. ഞങ്ങൾ ഒരു കല്പനയും പുറപ്പെടുവിച്ചിട്ടില്ല നിങ്ങൾതന്നെയാണ് തീരുമാനിച്ചതെന്ന് അവർ പറഞ്ഞു. അങ്ങനെ നമ്മൾ ഒരു കല്പന അംഗീകരിച്ചാൽ വിഡ്ഢികളായിത്തീരുന്നു. അംഗീകരിച്ചില്ലെങ്കിൽ രാജ്യദ്രോഹികളായിമാറുന്നു...........(തുടരും)

ബുദ്ധമതം – 2

# ബുദ്ധമതത്തിലെ ജീവിത നിരാസം

അല്ലാഹുവിന്റെ പ്രവാചകനായ ഹദ്റത്ത് ബുദ്ധൻ (അ) ന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് ബുദ്ധമതം വ്യതിചലിക്കുകയും സന്യാസവും പരിവ്രാചകത്വവും ആത്മീയ സാക്ഷാത്കാരത്തിന്റെ മാർഗങ്ങളായി സ്വീകരിക്കുകയും ചെയ്തു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**സു**ഖദുഃഖങ്ങളിൽ നിന്നും വ്യാകുലതകളിൽ നിന്നും ആത്മാവിനെ പൂർണമായും മോചിപ്പിക്കാൻ ലോക വിരക്തിയും ലൗകിക ബന്ധങ്ങളുടെ പരിവർജനവുമാണ് ബുദ്ധമതത്തിലെ അന്തിമമായ ഉപാധികൾ. ആത്മാവും ഭൗതിക പ്രലോഭനങ്ങളും തമ്മിലുള്ള സംഘർഷം മനസ്സിലാക്കാൻ ബുദ്ധമതം സന്യാസം സ്വീകരിക്കുന്നു. സഹനവും ദൃഢനിശ്ചയവുമില്ലാത്ത ഒരാൾക്ക് ഈ വെല്ലുവിളി അജയ്യമാണ്. പക്ഷേ ഈ സന്യാസത്തിൽ മാത്രമാണ് ബുദ്ധമതം വാഗ്ദാനം ചെയ്യുന്നതിന്റെ പ്രതീക്ഷകൾ നിലകൊള്ളുന്നത്. ലൗകിക ജീവിതം കെട്ടിപ്പടുക്കുന്ന എല്ലാറ്റിന്റെയും നിരാകരണവും പ്രലോഭനീയമായ എല്ലാറ്റിൽ നിന്നുമുള്ള ജീവിതത്തിന്റെ പിൻവാങ്ങലും മാത്രമാണ് നിർവാണത്തിലേക്കും ശാശ്വത ശാന്തിയിലേക്കുമുള്ള ഏകമാർഗം.

ആയതിനാൽ വികാരങ്ങളുടെ സമ്പൂർണമായ പരിവർജനം കേവല സത്യമായിരിക്കുമെന്ന് ബുദ്ധമതം അവകാശപ്പെടുന്നു. ലൗകിക സമ്പത്തിനും അധികാരത്തിനും മറ്റൊരാളുടെ സ്നേഹം കരസ്ഥമാക്കാൻ പോലുമുള്ള ആർത്തി പൂർത്തീകരിക്കപ്പെടാതെ പോകുമ്പോൾ ഇച്ഛാഭംഗവും ദുഃഖവുമായിരിക്കും ഫലം. അപ്രകാരം വിദ്വേഷം ഒരാളുടെ മനസ്സിന്റെ ശക്തിയെ നശിപ്പിക്കുന്നു. ഈ ശക്തികളെല്ലാം മനുഷ്യന്റെ ആത്മീയശക്തിയെ നശിപ്പിക്കുന്നു. മനുഷ്യന്റെ നൈസർഗിക പ്രകൃതിമാറ്റാൻ കഴിയാത്തിടത്തോളം അവന്റെ ആഗ്രഹങ്ങളെ ഒരിക്കലും പിടിച്ചു നിറുത്തുവാൻ സാധ്യമല്ല എന്ന വസ്തുതയിലേക്കാണ് ഇത് ഊന്നൽ നൽകുന്നത്. ഭൗതിക വസ്തുക്കളുമായുള്ള ബന്ധം വിച്ഛേദിക്കാതെ പൂർണമായും സംതൃപ്തിയോ സായൂജ്യമോ ആർജിക്കുവാൻ സാധ്യമല്ല.

ബുദ്ധമതക്കാരെ സംബന്ധിച്ചിടത്തോളം ആത്യന്തിക മോക്ഷം ലഭിക്കാനുള്ള പരിവർജനത്തിന്റെ സുദീർഘമായ വഴിയിലെ തുടക്കമിതാണ്. ഭൗതികാർഥത്തിൽ ജീവിതം സുഖകരമാക്കുന്നതെല്ലാം ഒരാൾ വർജിക്കേണ്ടതുണ്ട്. പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട പരിവർജനത്തിന്റെ സമരമാണത്. കണ്ണിന് കാണാനാഗ്രഹിക്കുന്നതിന്റെയും കാതിന് കേൾക്കാനാഗ്രഹിക്കുന്നതിന്റെയും വർജനം, സ്പർശനത്തിന്റെയും രുചിയുടെയും ഗന്ധത്തിന്റെയും വർജനം, മനുഷ്യഹൃദയത്തെ വിക്ഷുബ്ധമാക്കുന്ന എല്ലാറ്റിന്റെയും വർജനം. ഭൗതിക സ്വാധീനത്താൽ അകപ്പെടുകയും അടിമപ്പെടുകയും ചെയ്യുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കിക്കൊണ്ട് അടിമപ്പെടലിന്റെ അപകടത്തിൽ നിന്ന് രക്ഷ തേടേണ്ടതുണ്ട്. ചുരുക്കത്തിൽ ബുദ്ധമതത്തിലെ നിരാകരണത്തിലൂടെയുള്ള ശാന്തി സങ്കല്പം എന്നത് ലളിതമായി പറഞ്ഞാൽ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിന്റെ അഥവാ പലായന വാദത്തിന്റെ മറ്റൊരു പേരാണ്.

മനുഷ്യനിലെ പ്രലോഭനങ്ങൾക്കെതിരെ പോരടിച്ച് അതിനെ അതിജയിക്കുകയും ആത്മാവിന്റെ നിയന്ത്രണത്തിൽ അതിനെ കൊണ്ടുവരികയും ചെയ്യേണ്ടതിന് പകരം ലൗകിക ജീവിതവേദിയിൽ നിന്ന് പിൻമാറി ഒഴിഞ്ഞു പോവണമെന്ന് ആത്മാവിനെ ഉപദേശിക്കുകയാണ് ബുദ്ധമതം ചെയ്യുന്നത്. ഒരാളുടെ ആഗ്രഹങ്ങളിൽ നിന്ന് ജനിക്കുന്നതെല്ലാം അയാളുടെ അഹംബോധത്തെ തൃപ്തിപ്പെടുത്താനുള്ളതാണ്. അവ താഴ്ന്നതും ഭൗതികവും ഹീനവും അന്തിമമായി അതേ അഹംബോധത്തിന്റെ ഗുണത്തിനു വേണ്ടി പരിത്യജിക്കേണ്ടതുമാണെന്നാണ് ബുദ്ധമതം പറയുന്നത്. അത്തരത്തിലുള്ള ഒളിച്ചോട്ടത്തിലൂടെ ലഭിക്കുന്ന ശാന്തി മരണത്തിൽ കവിഞ്ഞ മറ്റൊന്നുമല്ല. അതായത് ജീവിതത്തിന്റെ നിഷേധമാണത്.

ശാന്തി എന്നത് രണ്ട് വിധത്തിലുണ്ട്. മരണവും ഒരുവിധത്തിലുള്ള

ശാന്തിയായി എണ്ണാവുന്നതാണ്. ശാന്തിക്കും മരണത്തിനുമിടയിൽ ഒരു വിഭജനരേഖ വരക്കുക എന്നത് എളുപ്പമുള്ള പണിയല്ല. ഉദാഹരണത്തിന് പരാജയത്തിന് കീഴടങ്ങി അപമാനത്തോടെ രാജിവെച്ചൊഴിയുന്ന അവസ്ഥയെ ഉദാഹരിക്കാം. വിജയത്തിന്റെ സംതൃപ്തിയും പരാജയത്തിന്റെ ശാന്തതയും ഒരുപോലെയാണെങ്കിലും ധ്രുവങ്ങളുടെ അന്തരമുണ്ട്. ഒന്ന് ജീവിതവും മറ്റൊന്ന് മരണവുമാണ്. മതങ്ങളുടെ തിരിച്ചറിയലും വർഗീകരണവും ചിലപ്പോൾ ഇതോടനുബന്ധിച്ച് ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാറുണ്ട്. ഓരോ മതവും ശാന്തിയുടെയും സംതൃപ്തിയുടെയും ഒരേ ആത്യന്തിക ലക്ഷ്യത്തിലേക്ക് ആളുകളെ ക്ഷണിക്കുന്നതായി കാണാറുണ്ട്. എന്നാൽ ചില മതങ്ങൾ മരണത്തിനു മുമ്പിൽ ശാന്തമായി കീഴടങ്ങുന്നതിനേക്കാൾ മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടി തിന്മക്കെതിരെ വിശുദ്ധ യുദ്ധം നടത്താനാണ് ഇഷ്ടപ്പെടുന്നത്. അത്തരം മതങ്ങൾ ശുദ്ധ ധാർമികതക്കെതിരെയുള്ള ഏതൊരു വെല്ലുവിളിയേയും ധീരമായി നേരിടുകയും അതിനെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. അതിനെ തുടർന്ന് വരുന്ന ശാന്തതക്കാണ് വാസ്തവത്തിൽ നിർവാണം എന്ന് പറയുന്നത്.

ബുദ്ധമതം അതിന്റെ ജീർണാവസ്ഥയിലായിരുന്നപ്പോൾ ഉള്ളത് പോലെയുള്ള മതങ്ങൾ അതിന്റെ അനുയായികളെ പലായനത്തിന്റെ പറുദീസയിൽ ശാന്തി കണ്ടെത്താൻ ഉപദേശിക്കുന്നു. അവരെ തങ്ങളുടെ നൈസർഗികമായ ആഗ്രഹങ്ങളിലേക്ക് വശീകരിക്കുന്ന എല്ലാ പ്രലോഭനങ്ങളിൽ നിന്നുമുള്ള ഒളിച്ചോട്ടമാണ് അത് പഠിപ്പിക്കുന്നത്. ഒരു ബുദ്ധമതസ്ഥൻ തന്റെ അന്തരാത്മാവിന്റെ സുരക്ഷിതമായ സ്ഥാനത്തക്ക് ഉൾവലിയുന്നു. ശൂന്യത എന്നൊക്കെ അവ്യക്തമായി വിശേഷിപ്പിക്കപ്പെടുന്ന ഒരവസ്ഥയാണത്. എന്നാൽ, മറ്റുള്ളവർക്ക് അന്തമായതും സത്തയില്ലാത്ത ഉൺമയുടെ ഗുണം ആവഹിക്കുന്നതുമായ എന്തോ ഒന്നിലേക്കുള്ള ഉൾവലിയലാണത്. അവർ ദൈവത്തെകുറിച്ചാണോ സംസാരിക്കുന്നത്? ആരും അദ്ഭുതപ്പെട്ടു പോകും. എന്നാൽ, അഭിപ്രായങ്ങൾ വ്യത്യസ്തമാണ്. അധികപേരും വിശ്വസിക്കുന്നത് ആ അവസ്ഥയിൽ എത്തിയ ഒരാൾക്ക് മാത്രമേ അത് തിരിച്ചറിയാൻ സാധിക്കൂ എന്നാണ്. അത് ദൈവത്തിലേക്കുള്ള ആത്യന്തികമായ മടക്കമാകുന്നില്ലെങ്കിൽ മിക്ക ബുദ്ധമത പണ്ഡിതന്മാർക്കും ദൈവത്തിന്റെ ഏത് രൂപത്തിലുള്ള അസ്തിത്വവും അംഗീകരിക്കുന്നതിൽ നിന്ന് വിട്ടു നിൽക്കേണ്ടി വരും. അപ്പോൾ പിന്നെ ഈ ശൂന്യതയുടെ യഥാർഥ നിർവചനം തികഞ്ഞ നാശവും സമ്പൂർണ മരണവുമാണ്.

ചുരുക്കത്തിൽ പരമമായ ശാന്തിയും നിർവാണവും ലഭിക്കാൻ വേണ്ടി മനുഷ്യജീവിതത്തെ കരുപ്പിടിപ്പിക്കുന്ന അഞ്ച് ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്വാഭാവിക ആഗ്രഹങ്ങളെയും നിരാകരിക്കുകയാണ് വേണ്ടത്. തീർച്ചയായും എല്ലാ ബുദ്ധമതാനുയായികൾക്കും ഒരിക്കലും ഒരേ സമയം എത്തിച്ചേരാൻ കഴിയാത്ത ഒരു ലക്ഷ്യമാണത്. എങ്കിലും ഓരോ സത്യസന്ധനായ അനുയായിയും അത് ലഭിക്കാൻ വേണ്ടി സർവനാശത്തിന്റെ ചെങ്കുത്തിലേക്ക് അടിവെച്ചടിവെച്ച് തങ്ങളുടെ പ്രയാണം തുടരേണ്ടതുണ്ട്.

ഈ വസ്തുത ഒന്നുകൂടി വിശദീകരിക്കാനും ഈയൊരു പ്രത്യേക കാര്യം വായനക്കാരന് മനസ്സിലാവാനും വേണ്ടി കശ്മീരിലെ ഒരു യാചകന്റെ കഥ വിവരിക്കുന്നത് ഉചിതമായിരിക്കും. കശ്മീരിൽ ഒരു യാചകനുണ്ടായിരുന്നു. അദ്ദേഹം പകുതി സൂഫിയും പകുതി യാചകനുമായിരുന്നു. ജീവിതത്തിൽ വളരെ അത്യാവശ്യകാര്യങ്ങൾക്ക് വേണ്ടി മാത്രമേ അദ്ദേഹം ഭിക്ഷ ചോദിച്ചിരുന്നുള്ളൂ. അതിനപ്പുറം അദ്ദേഹം യാചിച്ചില്ല. ചിലപ്പോൾ അദ്ദേഹം ധ്യാനത്തിലും ആരാധനയിലും മുഴുകി എന്തിനോ വേണ്ടി ആത്മാന്വേഷണം നടത്താറുണ്ടായിരുന്നു. ഒരിക്കൽ ഒരു സിദ്ധൻ ആ യാചകനുമായി കണ്ടുമുട്ടുകയും അദ്ദേഹം പഴയ ആളെ പോലെയല്ല എന്ന് പെട്ടെന്ന് തിരിച്ചറിയുകയും ചെയ്തു. കാരണം യാചകൻ സന്തോഷത്താൽ തുള്ളിച്ചാടുകയും ആത്മഹർഷത്താൽ നൃത്തം ചവിട്ടുകയും ചെയ്യുന്നുണ്ടായിരുന്നു.

സിദ്ധൻ നൃത്തം ചവിട്ടുന്ന യാചകനോട് ചോദിച്ചു: 'ബാബാ എന്താണ് ഈ വമ്പിച്ച മാറ്റത്തിന് കാരണം? നിങ്ങളിൽ ആ പഴയ ദാരിദ്ര്യത്തിന്റെ വിവശതയൊന്നും കാണുന്നില്ലല്ലോ. എന്താണ് നിങ്ങൾ നേടിയത്? താങ്കൾക്ക് വല്ല നിധിയും ലഭിച്ചുവോ?

'അതെ' എന്നായിരുന്നു യാചകന്റെ ഉത്തരം. 'വിലമതിക്കാനാവാത്ത അമൂല്യമായൊരു നിധി'! ഒരാൾക്ക് അയാളുടെ എല്ലാ ആഗ്രഹങ്ങളും സഫലമായാൽ എങ്ങനെ അയാൾ ഹർഷപുളകിതനാകാതിരിക്കും?

ഈ ഉത്തരം കേട്ടപ്പോൾ യാചകനോടു സിദ്ധൻ ചോദിച്ചു: 'ശിരസ് മുതൽ പാദം വരെ ചേറിൽ പുരണ്ട് മുഷിഞ്ഞ വസ്ത്രവും കീറപ്പുതപ്പുമാണല്ലോ താങ്കൾ ധരിച്ചിരിക്കുന്നത്. അപ്പോൾ എങ്ങനെയാണ് താങ്കളുടെ എല്ലാ ആഗ്രഹങ്ങളും സഫലങ്ങളായി എന്നു പറയാൻ സാധിക്കുന്നത്?

സിദ്ധനോട് നിഷേധഭാവത്തിൽ കൈ ചലിപ്പിച്ചുകൊണ്ട് യാചകൻ അഗാധമായ ജ്ഞാന ദൃഷ്ടിയോടെ നോക്കിക്കൊണ്ട് പറഞ്ഞു: 'ഓർക്കുക, ഒരാൾക്ക് ആഗ്രഹങ്ങളൊന്നുമില്ലാതിരിക്കുമ്പോൾ മാത്രമാണ് അയാളുടെ ആഗ്രഹങ്ങളെല്ലാം നിറവേറ്റപ്പെടുന്നത്. അത്തരത്തിലുള്ള എന്റെ മഹത്തായൊരു മോക്ഷത്തിന്റെ സന്ദർഭമാണിത്. താങ്കൾ ദൂരെപ്പോകുക, എന്നെ നൃത്തം ചെയ്യാനനുവദിക്കുക.'

മനോഹരമായ ഈ ഉത്തരം സിദ്ധനെ അമ്പരപ്പിച്ചുകളഞ്ഞു. പക്ഷേ, ഒരിക്കൽ കൂടി ആ ഉത്തരം അവലോകനം ചെയ്തുകൊണ്ട് അത് മനോഹരമാണ് എന്നും അപ്രകാരം തന്നെ അത് ശൂന്യമാ

ണെന്നും അംഗീകരിക്കേണ്ടി വരും. അയാളുടെ വ്യക്തിപരമായ പരിമിതമായ ലോകത്ത് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലായിരുന്നു. ചുറ്റുമുള്ള ലോകം അതേ ദുഖവും വേദനയും യാതനയും കഷ്ടാനുഭവങ്ങളും നിറഞ്ഞ ലോകം തന്നെ. ചുറ്റുമുള്ള ലോകം പഴയത് പോലെ മർദനത്തിന്റെയും പീഡനത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റേതുമാണ്. പഴയത് പോലെ തന്നെ അയാൾക്ക് ജീവിക്കാൻ ഭക്ഷണവും വെള്ളവും വായുവും ഇപ്പോഴും അനുപേക്ഷണീയങ്ങളായ ആവശ്യങ്ങളാണ്. ആഗ്രഹങ്ങളിൽ നിന്ന് ഒരാൾക്ക് മോചനം നേടാം. എന്നാൽ ആവശ്യങ്ങളിൽ നിന്ന് മോചനം നേടാൻ സാധ്യമല്ല.

എന്തൊരു മാറ്റം വരുത്തിയാലും ആ മാറ്റം അയാളിൽ മാത്രം സംഭവിക്കുന്നതായിരുന്നു. പക്ഷേ, ആ മാറ്റങ്ങൾ എക്കാലത്തും നിലനിൽക്കുമെന്ന് ആർക്കറിയാം. ഒരു പക്ഷേ അത് ഒരു നിമിഷ നേരത്തേക്കുള്ള വിജയമായിരിക്കും. ഒരു പക്ഷേ ഒരു തണുപ്പുള്ള രാത്രിയിൽ അദ്ദേഹത്തിന്റെ ആഗ്രഹം തനിക്കു ചുറ്റും അൽപം ചൂടോ കുറച്ച് വസ്ത്രമോ ഒരു അഭയ കേന്ദ്രമോ ഒരു നെരിപ്പോടിൽ നിന്നുള്ള ചൂടോ ആയിരുന്നേക്കും. ഒരു പക്ഷേ ഒരാൾക്ക് രോഗം വന്നാൽ അയാൾ രോഗശമനം വരുത്തുന്ന ഒരാളെ ആഗ്രഹിക്കുകയും അയാൾക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യും. ജീവിതത്തിന്റെ കഠിന യാഥാർഥ്യങ്ങളുടെ വെല്ലുവിളികളെ എങ്ങനെയാണ് അയാൾക്ക് കീഴടക്കുവാൻ സാധിക്കുക? അതിനുത്തരം ബുദ്ധ സന്യാസിക്ക് മാത്രമേ അറിയൂ. ആഗ്രഹങ്ങളെ കീഴടക്കി എന്നത് ആത്മനിഷ്ഠപരമായ ഒരു തോന്നൽ എന്നതിൽ കവിഞ്ഞ് മറ്റൊന്നുമല്ല. വാസ്തവത്തിൽ നിസ്സഹായാവസ്ഥയിലേക്കുള്ള സമ്പൂർണമായ കീഴ്പ്പെടലാണത്. അതിനെ നിങ്ങൾക്ക് ശാന്തിയെന്നോ മരണമെന്നോ വിളിക്കാം. എന്ത് പേരിട്ട് അതിനെ വിളിച്ചാലും യഥാർഥ നിർവാണമെന്ന് അതിനെ വിളിക്കാൻ സാധ്യമല്ല.

ജീവിതവുമായി ബന്ധപ്പെട്ടതിന്റെയും അതിന് സഹായകമായതിന്റെയുമെല്ലാം നിഷേധത്തിലൂടെ സമാധാനം അന്വേഷിക്കുന്നത് ഇന്ത്യയിലെ രണ്ട് മുഖ്യമതങ്ങളായ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ് കണ്ടു വരുന്നത്. ഇത് അതിജീവന സമരത്തിന്റെ അസ്തിത്വത്തേയും അർഹതയുള്ളതിന്റെ അതിജീവന സമരത്തിന്റെയും നിഷേധത്തിനു തുല്യമാണ്. മനുഷ്യന്റെ സമാധാനാന്വേഷണത്തിൽ ഇത് ആരോപിക്കുമ്പോൾ ഇതിനർഥം കീഴടങ്ങൽ എന്നോ പരാജയത്തിന്റെ ഏറ്റുവാങ്ങൽ എന്നോ മാത്രമായിരിക്കും.

ഇവിടെ നാം ഹിന്ദുമതത്തിന്റെയോ ബുദ്ധമതത്തിന്റെയോ സ്ഥാപകരുടെ അധ്യാപനങ്ങൾ ചർച്ച ചെയ്തിട്ടില്ല. നാം പരിശോധിച്ചത് ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം ജീർണപ്രായമായ അവയുടെ തത്വശാസ്ത്രത്തെയാണ്. അവ രണ്ടും അവയുടെ ദിവ്യമായ ഉറവിടങ്ങളിൽ നിന്ന് വളരെ വിദൂരപ്പെട്ടു പോയിരിക്കുന്നു. മിസ്റ്റിസിസത്തിലേക്കും സൂഫിസത്തിലേക്കും ഗതിമാറിയ ലോകത്തിലെ പ്രബലങ്ങളായ മറ്റു മതങ്ങളുടെ വഴി തന്നെയാണ് അവരും പിന്തുടർന്നത്. മുൻപറഞ്ഞ മിസ്റ്റിക്കുകളും സൂഫികളും ഒരിക്കലും ദൈവവിശ്വാസവുമായുള്ള ബന്ധം വിച്ഛേദിച്ചിട്ടില്ല. പകരം ദൈവിക മതങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെ ആത്മനിഷ്ഠാപരമായ അവരുടെ ആത്മീയ അനുഭവമേഖലകൾ അവർ കണ്ടെത്തുകയായിരുന്നു. ആ ആത്മീയാനുഭവങ്ങൾ ദൈവിക വെളിപാടിനേക്കാൾ അവരുടെ ഉള്ളിൽ നിന്നു തന്നെയുള്ള അന്തഃപ്രചോദനാനുഭവങ്ങളായിരുന്നു.

ഹിന്ദുമതത്തിലേയും ബുദ്ധമതത്തിലേയും യോഗതത്വശാസ്ത്രങ്ങൾ ആ മതങ്ങളുടെ മൂലപ്രമാണങ്ങളിലെ യാതൊരു അടയാളവും കാണാത്തവിധം അവയുടെ പാരമ്പര്യ അധ്യാപനങ്ങളിൽ നിന്ന് പൂർണമായും വിച്ഛേദിക്കപ്പെട്ടു. വെളിപാടുകളായിരുന്നു ബുദ്ധന്റെ പരമമായ ആത്മീയസ്രോതസ്സ്. പിൽക്കാലത്ത് അത് വെളിപാടുകളിൽ നിന്ന് സ്വാത്മപ്രചോദനങ്ങളിലേക്കും ധ്യാനത്തിലേക്കും, മനനത്തിലേക്കും വഴിമാറി. ബുദ്ധമതം തുടക്കത്തിൽ ഹിന്ദുമതത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. പിന്നീട് വിചിത്രമാർഗേണ യോഗവിദ്യയുടെ ദർശനത്തിലൂടെയും ആചരണത്തിലൂടെയും രണ്ടു മതങ്ങളും ഒന്നിച്ചു ചേരുകയാണുണ്ടായത്.

യോഗവിദ്യയുടെ ആദ്യത്തെ അധ്യാപനങ്ങൾ തന്ത്രവിദ്യയുടെ മതരേഖകളിൽ മാത്രമായിരുന്നു കാണപ്പെട്ടത്. ഈ മതരേഖകൾ ബുദ്ധന്(അ) ശേഷം അഞ്ഞൂറു വർഷങ്ങൾ കഴിഞ്ഞ ശേഷമാണ് സമാഹരിക്കപ്പെട്ടത്. ബുദ്ധമതശ്രേണിയിലെ അത്യുന്നതരായ ചിലർക്ക് മാത്രമേ ഈ മതരേഖകൾ കാണാൻ അനുവാദമുണ്ടായിരുന്നുള്ളൂ. സാധാരണ ജനങ്ങളിൽ നിന്ന് അത് വളരെ രഹസ്യമായിട്ടാണ് സൂക്ഷിച്ചിരുന്നത്. തന്ത്രവിദ്യയുടെ രഹസ്യസ്വഭാവത്തിന് ഇരട്ടിതവണ ഉറപ്പ് വരുത്തുവാൻ ഇത് നിഗൂഢഭാഷയിൽ രഹസ്യ സാങ്കേതിക പദങ്ങളുപയോഗിച്ചാണ് എഴുതിയിരുന്നത്. സാധാരണക്കാർക്ക് ഒരിക്കലും അത് വായിക്കാൻ സാധ്യമല്ലായിരുന്നു. വളരെ കാലങ്ങൾക്ക് ശേഷമാണ് താന്ത്രിക ഗ്രന്ഥങ്ങളുടെ ഉള്ളടക്കം പണ്ഡിതന്മാർക്ക് പ്രാപ്യമായത്. പവിത്ര ഗ്രന്ഥങ്ങൾ എന്ന് വിളിക്കപ്പെടുന്ന ഈ ഗ്രന്ഥങ്ങൾ പണ്ഡിതന്മാർ കണ്ടപ്പോൾ അവർ ഞെട്ടിത്തരിച്ചു പോയി. അവ അങ്ങേയറ്റം അധാർമികവും അസാന്മാർഗികവുമായിരുന്നു. അതിൽ പിശാചിനെ കുറിച്ചും പേടിപ്പെടുത്തുന്ന ദുർഭൂതങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. അത് മുഴുവനും മനുഷ്യന്റെ സാമാന്യ ബോധത്തെ അമ്പരപ്പിക്കുന്ന രീതിയിൽ ലൈംഗിക വികാരങ്ങളെക്കുറിച്ചും അശ്ലീലതയെക്കുറിച്ചും ജുഗുപ്സാവഹമായ രീതിയിൽ എഴുതിയിരിക്കുന്നു. തന്ത്രവിദ്യയിലെ യോഗികളുടെ അറപ്പുളവാ

ക്കുന്ന അദ്ധ്യാപനങ്ങളിലുള്ളത് പോലെ ഒരൊറ്റ പദവും ബുദ്ധന്റെ (അ) വിശുദ്ധ വചനങ്ങളിൽ കാണുവാൻ സാധ്യമല്ല.

ഒരുപക്ഷേ ഈ പൈശാചികമായ അസംബന്ധങ്ങളും ലൈംഗിക ആഭാസങ്ങളും പ്രതീകങ്ങളും അലങ്കാരോക്തികളായിരിക്കും. ഒരു പക്ഷേ അത്തരത്തിലുള്ള ഗൂഢാത്മക ഭാഷയിലെ രഹസ്യം ജീവിച്ചിരിക്കുന്ന യോഗികൾക്ക് അറിയാത്തതുമായിരിക്കും. അല്ലെങ്കിൽ രണ്ടായിരം വർഷങ്ങൾക്ക് മുമ്പേയുള്ള ബുദ്ധമത പൗരോഹിത്യ സമൂഹം കണ്ടുപിടിച്ചതും അവർക്ക് മാത്രമറിയുന്നതുമായ സാങ്കേതിക ഭാഷയുമായിരിക്കാമിത്. പക്ഷേ, അവരെല്ലാം വളരെ മുമ്പേ മരിച്ചു കഴിഞ്ഞു. തന്ത്രവിദ്യയുടെ കാലഘട്ടവും അവരോടൊപ്പം തിരോഭവിച്ചു. എന്തായിരുന്നാലും തന്ത്രവിദ്യയിലെ നിഗൂഢാത്മകമായ യോഗവിദ്യ അതിജീവിക്കുകയുണ്ടായി. ഇക്കാലത്തും തന്ത്രത്തിലെ യോഗവിദ്യയുടെ സൂക്ഷ്മമായ ശാസ്ത്രം തിരിച്ചറിഞ്ഞ് അത് പ്രയോജനപ്പെടുത്തുന്ന പണ്ഡിതന്മാരുണ്ട്.

യോഗവിദ്യ ഹിന്ദുമതത്തിൽ മനസ്സിലാക്കപ്പെടുകയും ആചരിക്കുകയും ചെയ്യുന്നത് പോലെ ബുദ്ധമതത്തിലും മനസ്സിലാക്കപ്പെടുകയും ആചരിക്കപ്പെടുകയും ചെയ്യുന്നു. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം വ്യക്തമായി പറയുക സാധ്യമല്ല. ഇവ തമ്മിൽ എന്തെങ്കിലും നിസ്സാരമായ വ്യത്യാസങ്ങളുണ്ടെങ്കിൽ തന്നെ അവ നാമമാത്രമായിരിക്കും. അവരെ ഹിന്ദു സന്യാസിയെന്നോ ബുദ്ധഭിക്ഷുവെന്നോ വിളിച്ചാലും ദൈവപ്രീതിക്ക് വേണ്ടി ലൗകിക കാര്യങ്ങളിൽ നിന്ന് വിരക്തനാവുക എന്നതിന് രണ്ടു കൂട്ടർക്കും വ്യത്യാസമൊന്നുമില്ല. അവർക്ക് എന്ത് നാമങ്ങൾ നൽകിയാലും അത് ഒരേ അർഥമാണ് ഉൾക്കൊള്ളുന്നത്. അവരുടെ ദിവ്യമായ വ്യക്തിത്വത്തിൽ അത് അണുമണിതൂക്കം വ്യത്യാസം ഉണ്ടാക്കുന്നില്ല. അവർ കണ്ടെത്തിയതും ജ്ഞാനപ്രബുദ്ധമെന്ന് കണക്കാക്കുന്നതുമായ അവരുടെ അന്തർമണ്ഡലത്തിലെ അനുഭവങ്ങൾ ഒരിക്കലും ലോകത്തിന്റെ മുഖഛായ മാറ്റി മറിക്കില്ല. ഇത്തരത്തിൽപ്പെട്ട വ്യക്തികളായി ശ്രീകൃഷ്ണനേയും (അ) ബുദ്ധനേയും (അ) കണക്കാക്കുക എന്നത് അവരുടെ ബഹുമതിക്ക് അപമാനകരമാണ്. അവർ മറ്റു പ്രവാചകന്മാരെ പോലെ ദൈവത്തിന്റെ പക്കൽ നിന്നുള്ള വിപ്ലവകാരികളാണ്. അവരുടെ ധാർമികവും ആത്മീയവുമായ വിപ്ലവത്തിന്റെ ദർശനങ്ങൾ വെളിപാടുകളുടെ ദിവ്യസ്രോതസ്സിൽ നിന്നുള്ളതാണ്. തിന്മക്കും അസത്യത്തിനുമെതിരെ പോരാടാൻ അവർ ആഹ്വാനം ചെയ്തു. അവർ തങ്ങളുടെ ജീവിതത്തിൽ മുഴക്കിയ സമരത്തിന്റെ ശംഖൊലി ആത്മനിഷ്ഠാപരമായിരുന്നില്ല. അത് ബാഹ്യലോകത്ത് സംഭവിച്ചതായിരുന്നു. ഇരുട്ടിന്റെ ശക്തികളുമായി നടത്തിയ ഒരു തുറന്ന വിശുദ്ധ യുദ്ധമായിരുന്നു അത്. അർഹതയുള്ളതിന്റെ അതിജീവന സമരമായിരുന്നു തുടർന്ന് സംഭവിച്ചത്. ശ്രീകൃഷ്ണ(അ)ന്റേയും ബുദ്ധ(അ)ന്റേയും ജീവിത കഥ വ്യക്തമായും ഈ രീതിയിലുള്ള ഒരു ചിത്രമാണ് വരച്ചുകാട്ടുന്നത്. അവർ സമരയോദ്ധാക്കളായിരുന്നു. ജീവിതത്തിൽ നിന്ന് ഒളിച്ചോടിയ ആത്മഹന്താക്കളായിരുന്നില്ല. അവരുടെ വിശ്വാസം വെളിപാടുകളിൽ നിന്ന് ഉദ്ഭൂതമായതാണ്. അവരുടെ അദ്ധ്യാപനങ്ങൾ പ്രചോദനാത്മകങ്ങളായിരുന്നു. പക്ഷേ, ആ അദ്ധ്യാപനങ്ങൾ ഒരിക്കലും സ്വാത്മപ്രചോദനത്തിൽ നിന്ന് ഉദ്ഭവിച്ചതല്ല.

ഇക്കാലത്തെ ബുദ്ധമതസ്ഥരിൽ ബഹുഭൂരിപക്ഷവും മതമെന്നാൽ ബുദ്ധൻ(അ) ധ്യാനത്തിലൂടെ കണ്ടെത്തിയ ജ്ഞാനം അഥവാ 'ബുദ്ധി' യാണെന്ന് കരുതുന്നു. അവരുടെ ദർശനങ്ങൾ മുഴുവനും ബുദ്ധന്(അ) ഉണ്ടായ ആത്മപ്രചോദനങ്ങളാണെന്നാണ് അവർ വാദിക്കുന്നത്.

ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളുടെ വീക്ഷണകോണിലൂടെ നോക്കുമ്പോൾ അന്തഃപ്രചോദനം എന്നത് താൻ ആത്മീയമായി ഉയർന്നു എന്നു തോന്നുന്ന ഒരു മനഃശാസ്ത്ര പ്രതിഭാസമല്ലാതെ മറ്റൊന്നുമല്ല. ഈ തോന്നലുണ്ടാകുന്ന ഉത്തേജിതാവസ്ഥയിൽ പരമമായ ശാന്തിയുടെ അക്ഷുബ്ധത അനുഭവപ്പെടുന്നു. ഹർഷോന്മാദത്തിന്റെ ഈ അവസ്ഥയിൽ നിന്ന് സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തുമ്പോൾ ജീവിത ലക്ഷ്യത്തിനുതകുന്ന, അതായത് മനുഷ്യവംശം എത്തിച്ചേരാൻ കൊതിക്കുന്ന എന്തോ ഒന്നു ലഭിച്ചു എന്ന പ്രതീതിയുണ്ടാകുന്നു.

ഈ മനഃശാസ്ത്രപരമായ അനുഭൂതിയെയാണ് അവർ ആദ്ധ്യാത്മിക പ്രബുദ്ധതയായും ഭൗതിക ബന്ധങ്ങളിൽ നിന്നുള്ള മോചനമായും കരുതി അഹങ്കരിക്കുന്നത്. അങ്ങനെയുള്ള അനുഭൂതികളിൽ മികച്ച ഒന്നിനു പോലും പാപികളായ മനുഷ്യരിൽ എന്തെങ്കിലും വസ്തുനിഷ്ഠാപരമായ മാറ്റങ്ങൾ വരുത്തുവാൻ സാധ്യമല്ല. അദൃശ്യലോകത്ത് നിന്ന് ഒരു മാത്ര പോലും ദൃശ്യലോകത്തിലേക്ക് മാറ്റുവാൻ അവരെക്കൊണ്ടാവില്ല. അതിന് ഇരുട്ടിനെ വെളിച്ചമാക്കി മാറ്റുവാൻ സാധ്യമല്ല. ചരിത്രത്തിൽ കുഴിച്ചു മൂടിയ ഒരു അജ്ഞാതസംഭവവും അന്തഃപ്രചോദനം വീണ്ടെടുത്തിട്ടില്ല. വരാനിരിക്കുന്ന സംഭവങ്ങളിലേക്ക് ദൃഷ്ടിപായിക്കാൻ അതിനാവില്ല.

സ്വയം നിരാകരണത്തിന്റെ തത്ത്വശാസ്ത്രം പിന്തുർന്നാൽ അതിന്റെ അനിവാര്യമായ പരിണിത ഫലം മനുഷ്യസമൂഹത്തിന്റെ നാശമായിരിക്കും. ദിവ്യജ്ഞാനത്താൽ പ്രബുദ്ധനായ ബുദ്ധ(അ)ന്റെ ജ്ഞാനം അന്തഃപ്രചോദനാത്മകമാണ് എന്ന മുരട്ടുവാദത്തിൽ ആരോപിക്കുകയാണെങ്കിൽ ബുദ്ധ(അ) നിൽ അത് യാതൊരു ആദരവും ജനിപ്പിക്കുന്നില്ല. ബുദ്ധൻ (അ) ദിവ്യവെളിപാടുകൾ എന്ന പാന പാത്രത്തിൽ നിന്ന് അത്യഗാധമായി പാനം ചെയ്ത് അമരത്വപദം പൂകുകയാണുണ്ടായത്. അത് അന്തഃപ്രചോദനത്തിൽ നിന്നുള്ള ജ്ഞാനമായിരുന്നില്ല.

# ഹദ്റത്ത് അഹ്മദി(അ)ന് പ്രതിഭാശാലികളുടെ പുരസ്ക്കാരങ്ങൾ– 2

മുഹമ്മദ് ഉമർ എച്ച്.എ

**സു**പ്രസിദ്ധ ജർമൻ ഗവേഷകൻ Holger Kerster തന്റെ Jesus Lived in India എന്നപുസ്തകത്തിൽ പറയുന്നു:

'യേശു കുരിശു പീഡനത്തെ അതിജീവിച്ചിരുന്നുവെന്ന് ചില സുവിശേഷ പ്രതിപാദനങ്ങൾ സ്ഥിരീകരിക്കുന്നുണ്ട്. കടലാനയുടെ വയറ്റിൽ അകപ്പെട്ട് തിരിച്ചു വന്ന യോനാ പ്രവാചകനോട് തന്നെ സാദൃശ്യപ്പെടുത്തിക്കൊണ്ട് യേശുതന്നെ മൊഴിഞ്ഞിട്ടുണ്ട്. യേശു ശവകുടീരത്തിൽ ചേദനയറ്റുകിടക്കുകയായിരുന്നുവെങ്കിൽ രണ്ടു പേരേയും പരസ്പരം സാദൃശ്യപ്പെടുത്തേണ്ടതില്ലായിരുന്നു. സുവിശേഷം പറയുന്നു: യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കില്ല. യോന കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്നു രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും'(മത്തായി 2:40) Holger Kerster-Jesus Lived in India(പേജ് 172)

കൂടാതെ Dr. james Deardroff തന്റെ Jesus in India എന്ന ഗ്രന്ഥത്തിലും Mark Mason തന്റെ Living God എന്ന ഗ്രന്ഥത്തിലും മഹ്ദി മസീഹിന്റെ പ്രസ്തുത ഗവേഷണത്തെ അനുകൂലിച്ചുകൊണ്ട് പ്രതിപാദിക്കുകയുണ്ടായി.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) 'യേശു മിശിഹ ഇന്ത്യയിൽ' എന്ന ഗ്രന്ഥത്തിൽ പറയുന്നു:

*'അദ്ദേഹം ശാപഗ്രസ്തനായിരുന്നില്ലെന്നും മൂന്നു ദിവസം നരകത്തിൽ ഇരുന്നില്ലെന്നും മരത്തിൽ തൂങ്ങി മരിച്ചിട്ടില്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെ വശമായ ആകാശാരോഹണവും അവാസ്തവമാണെന്ന് സിദ്ധിച്ചു. ഇതിലേക്ക് സുവിശേഷങ്ങളിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. ആ തെളിവുകളിലൊന്ന് ഹദ്റത്ത് മസീഹിന്റെ മുഖത്ത് നിന്ന് പുറപ്പെട്ടിട്ടുള്ള ഈ വചനമത്രെ. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റ ശേഷം പ്രാണൻ പോവുന്നതിന്ന് മുമ്പായി ഗലീലിയയിലേക്ക് പോകും '(മത്താ: 26: 32)*

അദ്ദേഹം തുടരുന്നു: ചുരുക്കത്തിൽ ഞാൻ മുമ്പേ ഉദ്ധരിച്ച സുവിശേഷ വചനത്തിൽ നിന്നും മിശിഹ കല്ലറ വിട്ടു പുറത്തു വന്നപാടെ ഗലീലിയയിലേക്കാണ് പുറപ്പെട്ട് പോയതെന്ന് വ്യക്തമായിരിക്കുന്നു. മാർക്കോസിന്റെ സുവിശേഷത്തിലും കല്ലറയിൽ നിന്നും പുറത്ത് വന്നതിന് ശേഷം ക്രിസ്തു ഗലീലിയയിലേക്കുള്ള നിരത്തിലൂടെ പോകുന്നതായി കാണപ്പെട്ടു വെന്നും ഒടുവിൽ അദ്ദേഹം തന്റെ ശിഷ്യന്മാരായ പതിനൊന്ന് ശ്ലീഹമാർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അവരുമായി കാണുകയാണുണ്ടായതെന്നും പ്രസ്താവിച്ചു കാണുന്നു.' (മാർക്കോസ് 16: 12)

മാത്രമല്ല അവർക്കദ്ദേഹം തന്റെ വ്രണപ്പെട്ട കൈകാലുകൾ കാട്ടി കൊടുത്തുവെന്നും അവർ അദ്ദേഹത്തെ ഒരു ഭൂതമെന്ന് ശരിക്ക് ഭയപ്പെട്ടുവെന്നും അപ്പോൾ നിങ്ങൾ എന്നെ തൊട്ടു നോക്കുമ്പോൾ എന്നിൽ കാണുന്നത് പോലെ പ്രേതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ എന്നദ്ദേഹം പറഞ്ഞുവെന്നും പിന്നെ അവരോട് വറുത്ത മീനും തേൻ കട്ടയും വാങ്ങി അവർ കാൺകെ തിന്നുവെന്നും മറ്റും ലൂക്കോസിന്റെ സുവിശേഷത്തിലും പ്രസ്താവിച്ചു കാണുന്നുണ്ട്, (ലൂക്കോസ് 24: 42)

ഈ വചനത്തിൽ നിന്നും മിശിഹാ ആകാശത്തേക്ക് കയറി പോയിട്ടില്ലെന്നും കല്ലറയിൽനിന്ന് പുറത്ത് വന്നിട്ട് നേരെ ഗലീലിയയിലേക്കാണ് പോയതെന്നും അദ്ദേഹം വന്നപ്പോൾ മനുഷ്യ സാധാരണമായ മൺമയ ശരീരം സാധാരാണവസ്ത്രധാരണത്തോടെയിരുന്നുവെന്നും സ്പഷ്ടമാകുന്നുണ്ട്. അഥവാ അദ്ദേഹം മരിച്ചതിന് ശേഷം ഉയിർത്തുവന്നതായിരുന്നുവെങ്കിൽ ആ പ്രേതത്തിന്റെ സൂക്ഷ്മ ശരീരത്തിൽ കുരിശിന്റെ വ്രണം ശേഷിക്കുമായിരുന്നതെങ്ങനെ? ആ ആത്മാവിന് അപ്പം തിന്നേണ്ട ആവശ്യമെന്ത്? അപ്പോൾ ആത്മാവ് മാത്രമായ അദ്ദേഹത്തിന് ആഹാരത്തിനാവശ്യമുണ്ടായിരുന്നുവെങ്കിൽ ഇപ്പോഴും അദ്ദേഹത്തിന് ആഹാരത്തിന് ആവശ്യം ഉണ്ടായിരിക്കണമല്ലോ (പേ. 33,34).

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വിവരണം യേശുവിന്റെ ജീവനോടുകൂടിയ ആകാശാരോഹണമെന്ന സങ്കൽപ്പത്തെ ഖണ്ഡിക്കുന്നതാണ്. ഹദ്റത്ത് യേശു

മിശിഹാ വളരെ സ്പഷ്ടമായ രീതിയിൽ തന്നെ തന്റെ ശിഷ്യന്മാരോട് സംസാരിക്കുകയും കുരിശ് സംഭവത്തിന് ശേഷം ഗലീലിയയിലേക്കുള്ള തന്റെ പ്രയാണത്തെക്കുറിച്ചറിയിക്കുകയും ചെയ്തു. അവരോട് ആഹാരം വാങ്ങിച്ചുകൊണ്ട് തന്റെ ഭൗതിക ശരീരമാണെന്നും ആത്മീയ ശരീരമല്ലെന്നും കാണിച്ചു കൊടുക്കുകയും ചെയ്തു.

ഇത് സംബന്ധിച്ച് Andrea Faber Kaisar തന്റെ ഗ്രന്ഥത്തിൽ പറയുന്നു: പിന്നീട് യേശു അറുപത് നാഴിക ദൂരെയുള്ള ഗലീലിയയിലേക്ക് പുറപ്പെട്ടു. അനന്തരം പലപ്പോഴായി യേശു തന്റെ ശിഷ്യർക്കിടയിൽ പ്രത്യക്ഷപ്പെട്ടു. മറ്റുള്ളവർ തന്നെ കാണുവാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ മാത്രമേ യേശു പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. ഇതിൽ നിന്നും യേശു അപ്പോഴും ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നുവെന്നും വീണ്ടും തിരഞ്ഞു പിടിച്ച് അറസ്റ്റ് ചെയ്യപ്പെടുന്നതിനെ ഭയപ്പെട്ടിരുന്നെന്നുമാണ് മനസ്സിലാകുന്നത്. യേശു ഒരു ഭൂതമായിരുന്നില്ല എന്നതിലേക്ക് മറ്റെന്ത് തെളിവാണ് വേണ്ടത്? ലൂക്കോസിന്റെ സുവിശേഷത്തിൽ ധാരാളം സുവ്യക്ത സൂചനകൾ നൽകുന്നു.

ഇങ്ങനെ അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ നടുവിൽ നിന്നും നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു. അവർ ഞെട്ടി ഭയപ്പെട്ടു . ഒരു ഭൂതത്തെക്കാണുന്നു എന്ന വർക്ക് തോന്നി. അവൻ അവരോട് നിങ്ങൾ കലങ്ങുന്നത് എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതെന്ത്? ഞാൻ തന്നെയാകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി നെറ്റിയിൽ എന്നെ തൊട്ട് നോക്കുവീൻ എന്നിൽ കാണുന്നത് പോലെ ഭൂതത്തിന് മാംസവും അസ്ഥിയുമില്ലല്ലോ എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞുകൊണ്ട് തന്റെ കയ്യും കാലും അവരെ കാണിച്ചു. ( ലൂക്കോസ് 26: 36-39) ഇതേ സുവിശേഷത്തിൽ രണ്ട് സൂക്തങ്ങൾക്ക് ശേഷം, യേശു ഭക്ഷിപ്പാൻ അവരുടെ കയ്യിൽ എന്തെങ്കിലുമുണ്ടോ എന്ന് ചോദിക്കുന്നതായി കാണാം. ഒരു അമാനുഷിക അസ്തിത്വത്തിന് ഇത് തികച്ചും അസംഭവ്യമായ കാര്യമാണ്. (ഫേബർ കൈസർ. പേ. 50)

അതേ പ്രകാരം Earnest .B.Docket തന്റെ If Jesus did not Die on the Cross എന്ന ഗ്രന്ഥത്തിൽ പറയുന്നു: യേശു തോമസിനോട് തന്റെ കയ്യിലെ ആണിത്തുളയിൽ വിരലിട്ടു നോക്കുവാൻ പറഞ്ഞത് വാസ്തവമാണെങ്കിൽ, തന്നെ കണ്ട് ഭയപ്പെട്ട ശിഷ്യന്മാരോട് തന്റെ കയ്യും കാലും നോക്കി അറിവീൻ എന്നെ തൊട്ടുനോക്കുവീൻ എന്നിൽ കാണുന്നത് പോലെ ഭൂതത്തിന് മാംസവും അസ്ഥിയുമില്ലല്ലോ, എന്ന് പറഞ്ഞത് സത്യമാണെങ്കിൽ, അദ്ദേഹം ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ ഭക്ഷണം കഴിച്ചത് ശരിയാണെങ്കിൽ, കല്ലറ വിട്ടശേഷം തോട്ടക്കാരന്റെ വേഷത്തിൽ വേഷപ്രച്ഛന്നനായി നടന്നത് സത്യമാണെങ്കിൽ, ജറുസലേമിൽ നിന്ന് കാൽനടയായി ഗലീലിയയിലേക്കുള്ള ദൂരം നടന്നത് സത്യമാണെങ്കിൽ ശിഷ്യരുടെ അടച്ചിട്ട മുറിയിൽ യേശു പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു എന്ന പ്രസ്താവന അക്ഷരാർഥത്തിൽ ഒട്ടും ശരിയല്ല. അദ്ദേഹത്തിന്റെ ശരീരം ഒരു പ്രേത ശരീരമായിരുന്നില്ല മറിച്ച് മാംസവും അസ്ഥിയുമുള്ള ശരീരമായിരുന്നുവെന്ന് രാത്രിക്ക് ശേഷം പകൽ എന്ന പോലെ സുവ്യക്തമാണ്. (Docken Earnest B. If Jesus did not die on the cross1920.P. 45)

Dr. James Deardroff തന്റെ Jesus in India എന്ന ഗ്രന്ഥത്തിൽ (പേ.206) പ്രസ്തുത അഭിപ്രായത്തെ അനുകൂലിക്കുന്നു.

പ്രസ്തുത ഉദ്ധരണികൾ ഹദ്റത്ത് മഹ്ദി മസീഹിന്റെ യേശുക്രിസ്തുവിന്റെ കുരിശു സംഭവത്തിന് ശേഷമുണ്ടായ സംഭവഗതികളെക്കുറിച്ചുള്ള ഗവേഷണങ്ങളുടെ സാക്ഷ്യപത്രങ്ങളാണ്.

ഹദ്റത്ത് മസീഹിന്റെ (അ) യേശു മിശിഹാ ഇന്ത്യയിൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

***നമുക്ക് ലഭിച്ചിട്ടുള്ള സുവിശേഷ സാക്ഷ്യങ്ങളിൽ മറ്റൊന്ന് മത്തായിയുടെ ഈ വരികളാണ്. ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നത് കാണാം (മത്താ:24:30) ഈ വാചകത്തിന്റെ അർഥം ഇതാണ്. ആകാശത്ത് നിന്ന് അതായത് ദൈവികമായ ഇടപെടൽ മൂലംയേശുവിന്റെ ദിവ്യത്വത്തെയും കുരിശിന്മേലുള്ള മരണത്തെയും സ്വർഗാരോഹണത്തെയും പുനരാഗമനത്തെയും സംബന്ധിച്ച അവിശ്വാസങ്ങളെല്ലാം അർഥശൂന്യങ്ങളും അടിസ്ഥാനരഹിതങ്ങളുമാണെന്ന് തെളിയിച്ചു കാട്ടുന്ന അറിവുകളും ന്യായവാദങ്ങളും തെളിവുകളും വെളിപ്പെട്ടുതുടങ്ങും.***

***ഈ യാഥാർഥ്യം സ്ഥാപിക്കപ്പെടുമ്പോൾ യേശു പ്രതിരൂപാത്മകമായി ഭൂമിയിൽ അവതരിക്കുന്നത്ലോകം കാണുകയും ചെയ്യും. അതായത് ആത്മീയ ശക്തിയിലും സ്വഭാവ ഗുണത്തിലും യേശുവിന് സദൃശനായ വാഗ്ദത്ത മസീഹ് തിളങ്ങുന്ന ദൃഷ്ടാന്തങ്ങളോടും സ്വർഗീയ പിന്തുണയോടും അത്ഭുതശക്തിയോടും മഹിമാവിലാസത്തോടും വെളിപ്പെടുകയും ലോകം അദ്ദേഹത്തെ തിരിച്ചറിയുകയും ചെയ്യുന്നതാണ്. (പേജ് 63, 64)***യേശു മിശിഹായുടെ പ്രസ്തുത പ്രവചനം വളരെ മഹത്തരമായ രീതിയിൽ പൂർത്തിയായിരിക്കുന്നു. ഒരു ഭാഗത്ത് അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യെ വാഗ്ദത്ത മസീഹാക്കി അവതരിപ്പിച്ചപ്പോൾ മറുഭാഗത്ത് യേശു മിശിഹായുടെ ദൈവത്വ സങ്കൽപ്പം തകർന്നു തരിപ്പണമാകാൻ തുടങ്ങി. വലിയൊരു വിഭാഗം ഗവേഷണം നടത്തുകയും

അവയുടെ പൊള്ളത്തരം മനസ്സി ലാവുകയും ചെയ്തു തുടങ്ങി.

ഇത് സംബന്ധിച്ച് Verginea Institute of Technology ചരിത്ര പ്രൊഫസർ ആയ C.Pappus എഴുതുന്നു

*'യേശുവിന്റെ ദൈവികത്വ ത്തിലും ഉയർത്തെഴുന്നേൽപ്പിലും സിദ്ധാന്തത്തിലും ക്രിസ്ത്യാനികൾ ഇന്ന് വളരെ സംശയാലുക്കളാണ്. ജർമനിയിലെ ടുബിൻ ഗനിയിലെ വൈദികനും ദൈവശാസ്ത്ര പണ്ഡിതനുമായ ഹാൻസ് കുങ്ങ് എന്ന റോമൻ വൈദികൻ 1976 ൽ 'ഒരു ക്രിസ്തു മത വിശ്വാസി' എന്ന ശീർഷകത്തിൽ ഇംഗ്ലീഷിൽ രചിച്ച പുസ്തകത്തിൽ ക്രൈസ്തവ സിദ്ധാന്തങ്ങളിൽ ക്രിസ്തുവിന് നൽകിയ പദവിയെ ക്കുറിച്ച് പുനർ വ്യാഖ്യാനം നടത്തിയപ്പോൾ ഇന്ന് നിലവിലുള്ള വിശ്വാസങ്ങൾ മനോ വ്യാപാരങ്ങൾക്ക് അനുയോജ്യ മല്ലാത്ത വിധം കാലഹരണപ്പെട്ടു വെന്ന് കണ്ടെത്തുകയുണ്ടായി. ദൈവം യേശുവിൽ കുടികൊള്ളു ന്നു വെന്ന് പറഞ്ഞാൽ യേശുവിന്റെ പ്രവർത്തനങ്ങളിലൂടെ അത് വെളി പ്പെടുന്നുവെന്നു മാത്രമേ ക്രിസ്തു വിന്റെ ദിവ്യത്വം കൊണ്ടുദ്ദേശി ക്കുന്നുള്ളൂ എന്ന അഭിപ്രായക്കാര നാണദ്ദേഹം. അനാദികാലം മുതൽ പുത്രൻ പിതാവിനോടൊപ്പം മുൻ വർത്തിച്ചിരിക്കുന്നു എന്ന് പ്രഖ്യാ പിച്ചത് യേശുവിന്റെ വിശിഷ് ടാദ്ധ്യാപനങ്ങളെ ദൃഢീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമാ യിരുന്നു. എന്ന് ഹാൻഷും പറയു ന്നു. കുങ്ങിന്റെ അഭിപ്രായത്തിൽ, മരണാനന്തരം സകലരും രക്ഷക നായ ദൈവത്തിലേക്ക് ഉയിർ ത്തെഴുന്നേൽക്കപ്പിക്കപ്പെടുന്നത് പോലെയുള്ള ഉയിർത്തെഴുന്നേൽപ്പ് മാത്രമായിരുന്നു യേശുവിന്റെ ദൈവ സാമ്രാജ്യത്തിലേക്കുള്ള ആത്മീയാരോഹണം. അല്ലാതെ പ്രകൃതി നിയമങ്ങൾക്ക് വിപരീത മായ ഭൗതിക ശരീരത്തോടുകൂടിയ ഉയിർത്തെഴുന്നേൽപ്പായിരുന്നില്ല അത്. ദൈവപുത്രനാണെന്ന് യേശു ഒരിക്കലും അവകാശപ്പെടുകയോ ആദ്യ വിശ്വാസികൾ അപ്രകാര മുള്ള വിശ്വാസം കൈകൊള്ളു കയോ ചെയ്തിരുന്നില്ല. മാത്രമല്ല മനുഷ്യനെയും പ്രകൃതിയെയും കുറിച്ച് കാലഹരണപെട്ടുപോയ ഗ്രീക്ക് സങ്കൽപ്പങ്ങളിൽ അധിഷ്ഠി തമായ ആദ്യകാല സിദ്ധാന്തങ്ങൾ തികച്ചും അനുമാനമാണെന്ന് അദ്ദേ ഹം അഭിപ്രായപ്പെടുന്നു' (Tomb of Jesus in India Page 48)*

*Bishop Jhon ShellySpong തന്റെ Why Christianity Must Change Or Die എന്ന ഗ്രന്ഥത്തിൽ ആധുനിക ക്രൈസ്തവ വിശ്വാസ ങ്ങളെല്ലാം തന്നെ യുക്തി രഹിതവും ബുദ്ധിക്ക് അസ്വീകാര്യവും ആണെ ന്ന് പറയുന്നു. ഒന്നുകിൽ ക്രിസ്ത്യാ നികൾ വിശ്വാസത്തിന് ഒരു മാറ്റം വരുത്തട്ടെ, അല്ലെങ്കിൽ അവർ സമൂലമായ പരിവർത്തനത്തിന് വിധേയമാവട്ടെ എന്നദ്ദേഹം അഭി പ്രായപ്പെടുന്നു (Bishop Jhon ShellySpong -Why Christianity Must Change Or Die , Newyork, Herper Collins Publishers 1999 p.221-2220)*

'യേശു മനുഷ്യ രൂപത്തിലുള്ള ദൈവമാണെന്നായിരുന്നു അവരുടെ ധാരണ. അതുകൊണ്ട് ദൈവത്തിന് മാത്രം ചെയ്യാൻ പറ്റുന്ന സകലതും യേശുവിന് ചെയ്യാൻ കഴിയും എന്ന സവിശേ ഷത അവർ യേശുവിന് നൽകി യിരിക്കുന്നു. നസ്രേത്തിലെ യേശു വിന്റെ ദിവ്യത്വം മുഴുവനും വ്യാഖ്യാനരൂപത്തിൽ വ്യാഖ്യാന രൂപേണ ആവിഷ്ക്കരിക്കപ്പെട്ട ചട്ടക്കൂട്ടിലായിരുന്നു വെളിപ്പെട്ടി രുന്നത്. മാനവ ചരിത്രത്തിലെ ആ പ്രത്യേക കാലഘട്ടത്തിൽ നിലനി ന്നിരുന്ന ദൈവാസ്തിക്യ സങ്കൽപ്പ ത്തെ അടിസ്ഥാനമാക്കി ആവിഷ് ക്കരിച്ച വ്യാഖ്യാനങ്ങളായിരുന്നു അത്. ഇതിലെ ഭാഷാപ്രയോഗത്തിൽ ആധുനികതക്ക് മുമ്പുള്ള അശാ സ്ത്രീയ ഭാഷാപ്രയോഗങ്ങൾ കൊണ്ട് നിബിഢമായിരുന്നു. ദിവ്യ ത്വാരോപണ പ്രക്രിയയിൽ ഒന്നാം നൂറ്റാണ്ടിൽ ഇതല്ലാതെ മറ്റു പോം വഴികളൊന്നുമുണ്ടായിരുന്നില്ല. ആവിഷ്ക്കരിക്കപ്പെട്ട ഈ ഭാഷാ പ്രയോഗങ്ങൾ പിന്നീട് നമ്മുടെ തത്ത്വസംഹിതകളായും ആരാധ നാമുറകളായും പ്രാർഥനകളായും നമ്മുടെ ആദ്ധ്യാത്മിക സങ്കൽപ്പങ്ങ ളായും ഏകീഭവിപ്പിക്കുകയായിരു ന്നു. എല്ലാമായ ഈ ഭാഷാ ശൈലി ഇന്ന് നിരർഥകമായി തീർന്നിരി ക്കുന്നു. യാഥാർഥ്യ ബോധം ഉളവാക്കുന്നതിനായി ആവിഷ്ക്കരി ക്കപ്പെട്ട സാക്ഷ്യങ്ങളാവട്ടെ ജീർ ണിച്ച് നശിച്ചിരിക്കുന്നു. ഉദ്ദേശ്യ വിശദീകരണത്തിനായി ഉപയോ ഗിച്ച പദങ്ങളും സങ്കൽപ്പങ്ങളും ബ്രഹ്മജ്ഞാന യുക്തിന്യായങ്ങളു മെല്ലാം അർഥശൂന്യവും പൊള്ള യുമായി തീർന്നിരിക്കുന്നു. (*Bishop Jhon ShellySpong -Why Christianity Must Change Or Die , Newyork, Herper Collins Publishers 1999 p. 221-222*)

കൂടാതെ Marcus Borg എന്ന മത ചരിത്രഗവേഷകൻ തന്റെ Jesus At 2000 എന്ന ഗ്രന്ഥത്തിലും യേശുവിനെക്കുറിച്ചുള്ള ദൈവത്വ വിശ്വാസത്തിന്റെ പൊള്ളത്തരം ശാസ്ത്രീയ വിശകലനത്തിൽ കൂടി എടുത്തുകാട്ടിയിരിക്കുന്നു.

മഹ്ദിമസീഹ് (അ) എഴുതുന്നു: ***ഭൂമിയുടെ ഉദരത്തിൽ നിന്ന് പുറത്ത് വന്നതിൽ പിന്നെ മസീഹ് കശ്മീർ, തിബത്ത് തുടങ്ങിയ പൂർവ ദേശങ്ങളിൽ വസിക്കുകയുണ്ടായി എന്നും തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസൂർയാ രാജാവായ ശാലമൻസർ B.C 721 സാമിരിയ്യ (Sameria) യിൽ നിന്ന് തടവുകാരായി പിടിച്ചു കൊണ്ടു പോയ പത്ത് ഗോത്രക്കാരിൽപ്പെട്ട ഇസ്രയേൽ സന്തതികളുടെ അടു ക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽ വന്ന് ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടിപാർക്കുന്നു ണ്ടായിരുന്നു. അങ്ങനെ ഈ രാജ്യത്ത് വന്ന് താമസമാക്കിയ ഇവർ ഇരു രാജ്യക്കാരുമായി ചേർന്ന് മിശ്രിതരായി പോയതിനാൽ ഈ കാണാതെ പോയ ആട്ടിൻ***

***ഗോത്രങ്ങളെ തിരഞ്ഞു പിടിക്കേണ്ടത് ഈസാ മസീഹി(അ) ന്റെ ഒഴിച്ചു കൂടാനാകാത്ത ധർമ്മമാകുന്നു. അതിൻ പ്രകാരം അദ്ദേഹം വാസ്തവത്തിൽ ഇന്ത്യയിൽ വരികയും പല താവളങ്ങളിലും സഞ്ചരിച്ച് ഒടുവിൽ കാശ്മീരിൽ എത്തുകയും അവിടെ ബുദ്ധമതം ആചരിച്ചിരുന്നവർക്കിടയിൽ തന്റെ ജനത്തെകണ്ടെത്തുകയുമുണ്ടായി. ഒടുവിൽ യോനയെ അദ്ദേഹത്തിന്റെ ജനം സ്വീകരിച്ചത് പോലെ മശീഹാ തന്റെ ജനങ്ങളാലും സ്വീകരിക്കപ്പെട്ടു. ഇതെല്ലാം ഇപ്രകാരം സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു. എന്തെന്നാൽ താൻ ഇസ്റായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ അയക്കപ്പെട്ടിട്ടില്ല എന്നു മിശീഹാ സുവിശേഷത്തിൽ സുവ്യക്തമാം വിധം പറഞ്ഞിട്ടുണ്ട് (യേശു മിശിഹാ ഇന്ത്യയിൽ, പേ 23,25)***

*കുരിശ് സംഭവത്തിന് ശേഷം യേശു എവിടേക്കാണ് പോയത് എന്നതിനെ സംബന്ധിച്ച് ഉത്തരം നൽകാൻ വിശുദ്ധഖുർ ആൻ ഒട്ടും അമാന്തിച്ചിരുന്നില്ല. 'നാം ഈസബ്നു മറിയമിനെയും അദ്ദേഹത്തിന്റെ മാതാവിനെയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി '(വി. ഖുർആൻ 23:51) അഭയസ്ഥാനത്തെ കുറിച്ചുള്ള ഈ വിവരണ ലക്ഷണങ്ങൾ കശ്മീരിന് എത്രത്തോളം ഇണങ്ങുന്നു എന്നത് തികച്ചും വിസ്മയകരമായിരിക്കുന്നു. മറ്റ് ചില ഭാഷാന്തരങ്ങളിൽ ഈ ഉയർന്ന പ്രദേശത്തെ മരതക താഴ്വരയെന്നും വിശേഷിക്കപ്പെട്ടിരിക്കുന്നു. (ഹോൾകർ കെസ്റ്റൻൺ. പേജ് 218)*

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറങ്ങൽ വെറുമൊരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്ന് നല്ല വണ്ണം ധരിച്ചു കൊള്ളുക. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ എതിരാളികളെല്ലാം മരിച്ചൊടുങ്ങും. എന്നാൽ അവർക്ക് ആകാശത്ത് നിന്നും ഈസബ്നു മറിയം ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിന് ശേഷം അവരുടെ സന്താനപരമ്പരകളും മറിയമിന്റെ പുത്രൻ ഈസാ (അ) ഇറങ്ങുന്നതായി കാണാതെ തന്നെ മരണമടയും. പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാ നബിയെ കാണാതെ തന്നെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഉളവാക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വ കാലം കഴിഞ്ഞു പോകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസ അതുവരെയും ഇറങ്ങി വന്നിരിക്കില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തുതുടങ്ങുകയും അങ്ങനെ ഇന്ന് മുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാവുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശരാകുകയും തീരെ മനം മടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യുന്നതാണ്. ലോകത്ത് ഒരേ മതവും ഒരേയൊരു മാർഗദർശകനും മാത്രം അവശേഷിക്കുന്നതായിരിക്കും. ഞാൻ ബീജാവാപത്തിനുവേണ്ടി മാത്രമാണ് വന്നിരിക്കുന്നത്. എന്റെ കൈകൾക്കൊണ്ട് ആ വിത്തു നടപ്പെട്ടിരിക്കുന്നു. ഇനി അത് വളരുകയും പുഷ്പ്പിക്കുകയും ചെയ്യും. അതിന്റെ വളർച്ചയെ തടയുവാൻ ആർക്കും സാദ്ധ്യമല്ല. (തദകിറത്തുശ്ശഹാദത്തൻ– ഭാ 67)

ക്രിസ്ത്യാനികളും മുസ്ലിംകളും വ്യത്യസ്ത നിലകളിൽ ആദരം അർപ്പിക്കുന്ന മതപുരുഷനായ ക്രിസ്തുവിനെ സംബന്ധിച്ച് സത്യം ഇരു മതസ്ഥർക്കും അറിയേണ്ടതുണ്ട്. മുസ്ലിം കളുടെ വിശ്വാസത്തിലും ക്രിസ്ത്യാനികളുടെ വിശ്വാസത്തിലും ക്രിസ്തുവിന്റെ വിഷയത്തിൽ പിഴവുകൾ ധാരാളമുണ്ട്. കുരിശ് മരണം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗാരോഹണം, ക്രിസ്തുവിന്റെ രണ്ടാം വരവ് എന്നിവ വെറും മിഥ്യാസങ്കൽപ്പങ്ങളാണെന്ന് വാഗ്ദത്ത മസീഹ് തെളിയിച്ചു കഴിഞ്ഞു. ദിവ്യവെളിപാടുകളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ് (അ)സമർപ്പിച്ച അക്കാദമിക്ക് രീതിയിലുള്ള ഗവേഷണ സത്യങ്ങൾ വെറും വിശ്വാസ പ്രഖ്യാപനങ്ങളല്ല. ചരിത്രത്തിന്റെയും യുക്തി ശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പിൻബലമുള്ള അനിഷേധ്യങ്ങളായ വെളിപ്പെടുത്തലുകളാണ് ഹദ്റത്ത് അഹ്മദ്(അ) മുന്നോട്ടു വച്ചത്. ക്രിസ്തുവിനെകുറിച്ചുള്ള ഈ കണ്ടെത്തലുകൾക്ക് ക്രിസ്തീയ ലോകത്ത് നിന്നു പ്രതികരണങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. ധിഷണാശാലികളെയും പണ്ഡിതപ്രതിഭകളെയും ഗവേഷണപടുക്കളേയും ഇത്തരം മിഥ്യാവിശ്വസങ്ങളിൽ അധികനാൾ തളച്ചിടാൻ സാധ്യമല്ല എന്ന അറിവിലേക്ക് ക്രിസ്തീയ ലോകം നടന്നടുക്കുകയാണ്. ഹദ്റത്ത് അഹ്മദി (അ) ന്റെ ദിവ്യ ദൗത്യത്തെ പറ്റിയും മഹാനായ ക്രിസ്തുവിന്റെ യാഥാർഥസത്യത്തെപറ്റിയും സത്യാന്വേഷികൾക്ക് ദൈവം വെളിപ്പെടുത്തികൊടുക്കുമാറാകട്ടെ.

## ഇഅ്ത്തികാഫ്

ആയിശ(റ) നിവേദനം: നബി (സ) മരിക്കുന്നതുവരെ റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്ത്തികാഫ് ഇരിക്കാറുണ്ടായിരുന്നു. നബി(സ)യുടെ മരണശേഷം അവിടുത്തെ പത്നിമാരും ഇഅ്ത്തി കാഫ് ഇരുന്നുകൊണ്ടിരുന്നു. (ബുഖാരി)

# യേശുവിന്റെ ഭാര്യയെ പറ്റിയുള്ള പാപ്പിറസ് ക്രിത്രിമമല്ല

യേശുവിന് ഭാര്യയുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന വിവാദാത്മകമായ പാപ്പിറസ് ശകലം അക്രിത്രിമവും ആധികാരികവുമാണെന്ന് ശാസ്ത്ര സമൂഹം വിലയിരുത്തുന്നു. 2014 ഏപ്രിൽ 10ന് ന്യൂയോർക്ക് ടൈംസിൽ വന്ന ലേഖനം.

ലൗറീ ഗൂഡ്സ്റ്റൺ

**2012** ൽ ഹാർവാർഡ് ഡിവിനിറ്റി സ്കൂളിലെ ചരിത്രകാരി വെളിപ്പെടുത്തിയ 'യേശുവിന്റെ ഭാര്യയുടെ സുവിശേഷം' ("Gospel of Jesus's Wife,") എന്നറിയപ്പെടുന്ന വിവാദാതമകമായ പാപ്പിറസും അതിന്റെ മഷിയും പുരാതനമാണെന്നും ആധുനിക ലോകത്തെ ക്രിത്രിമ സൃഷ്ടിയല്ലെന്നും ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണ ഫലം ചൊവ്വാഴ്ച പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണത്തിൽ വെളിപ്പെട്ടിരിക്കുന്നു.


മറ്റൊരു തിരുവെഴുത്തിലും കാണാത്ത ഒരു ശൈലി ഈ കൊച്ചു പാപ്പിറസ്സ് തുണ്ടിൽ ഉള്ളടങ്ങിയിരിക്കുന്നതിനാൽ പാപ്പിറസിന് നേരെ വൻ സംശയം ഉയർന്നിരുന്നു."***യേശു അവരോട് പറഞ്ഞു, എന്റെ ഭാര്യ...***" (***"Jesus said to them, 'My wife…")..*** എന്നതായിരുന്നു പാപ്പിറസിലെ വിവാദാത്മകമായ പരാമർശം. അവൾക്ക് എന്റെ ശിഷ്യയാകാൻ കഴിയും "she will be able to be my disciple,"എന്ന വചനം കൂടി ഉൾക്കൊണ്ട പാപ്പിറസ് പരാമർശം സ്ത്രീകളെ പുരോഹിതകളാവാൻ അനുവദിക്കാൻ കഴിയുമോ എന്ന വിവാദം ചിലർക്ക് ആളിക്കത്തിക്കാനുള്ള ആയുധമായി തീരുകയും ചെയ്തു.


പാപ്പിറസ് ശകലം കൊളംബിയ യൂണി വേഴ്സിറ്റി, ഹാർഡ്‌വാർഡ് യൂണിവേഴ്സിറ്റി മസാഞ്ചു സെറ്റ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ വിദഗ്ധരായ പ്രൊഫസർമാർ പരിശോധിക്കുകയുണ്ടായി. അവരുടെ കാലഗണനാ പരിശോധനാ റിപ്പോർട്ടിൽ നാല് മുതൽ എട്ട് വരെ നൂറ്റാണ്ടുകളിലുള്ള മറ്റു പുരാതന പാപ്പിറസുകളുമായി സാമ്യതയുള്ളതാണ് ഈ പാപ്പിറസ് എന്ന് റിപ്പോർട്ട് ചെയ്യുന്നു. (യൂണിവേഴ്സിറ്റി ഓഫ് അരിസോണയിലെ ശാസ്ത്രജ്ഞന്മാർ യേശു ജനിക്കുന്നതിന് മുമ്പുള്ളതാണ് പാപ്പിറസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവരുടെ പരിശോധനാ ഫലം വിശ്വാസയോഗ്യമല്ലെന്ന് വിലയിരുത്തപ്പെടുന്നു.)

ഈ പരിശോധനാ ഫലം യേശുവിന് ഒരു ഭാര്യയോ സ്ത്രീ ശിഷ്യയോ ഉണ്ടെന്ന് തെളിയിക്കുന്നില്ല, പക്ഷേ ആ പുരാതന പാപ്പിറസ് ശകലം കൃത്രിമമായ ഒന്നിനേക്കാൾ ആദിമകാലത്തെ ഒരു പുരാരേഖയാണെന്ന് തെളിയിക്കുന്നു എന്ന് ഹാർവാർഡ് ഡിവിനിറ്റി കോളേജിലെ കാരൻ എൽ. കിംങ്ങ് പറഞ്ഞു. അവരാണ് ഈ പാപ്പിറസിന് പേരും പ്രശസ്തിയും കൊണ്ടുവന്നത്. യേശു വിവാഹിതനായിരുന്നുവെന്നതിന് തെളിവായി ഈ പാപ്പിറസിനെ കണക്കാക്കേണ്ടതില്ല. എന്നാൽ ആദിമ ക്രിസ്ത്യാനികൾ ബ്രഹ്മചര്യം, ലൈംഗികത, വിവാഹം, ശിഷ്യത്വം എന്നീ വിഷയങ്ങൾ സജീവ ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ടായിരുന്നുവെന്ന് ഡോ. കാരൻ പറഞ്ഞു.

വ്യാപകമായ തോതിൽ ആളുകൾ ഈ പാപ്പിറസ് ഒരു ക്രിത്രിമ സൃഷ്ടിയായേക്കാമെന്ന് പറഞ്ഞിരുന്ന കാര്യം താൻ വളരെ ഗൗരവത്തിൽ എടുത്തിരുന്നു എന്ന് ഡോ. കാരൻ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. ഇപ്പോൾ ഇത് അക്രിത്രിമവും യഥാർത്ഥത്തിലുള്ളതുമാണെന്നും എനിക്ക് പൂർണമായും ബോദ്ധ്യമായിരിക്കുന്നു. നിങ്ങളുടെ കൈയിലുള്ള എല്ലാ തെളിവുകളും ഒരു ദിശയിലേക്ക് വിരൽ ചൂണ്ടുമ്പോഴും അത് ഒരു വിഷയത്തിൽ നൂറ് ശതമാനം തീർപ്പ് കൽപ്പിക്കുന്നില്ല. ചരിത്രം എന്നത് നൂറ് ശതമാനം സ്ഥിരീകരിക്കപ്പെടുന്ന ഒരു പൊതുസ്ഥലവുമല്ല.

സ്ത്രീപക്ഷപാതിത്വത്തോടെ





ഇപ്പോൾ നടക്കുന്ന വിവാദങ്ങളെ സ്വാധീനിക്കാൻ പടച്ചുണ്ടാക്കിയ വൃത്തികെട്ട ശ്രമമാണ് ഇതെന്ന് കരുതുന്ന പണ്ഡിതന്മാരേയും എഴുത്തുകാരേയും സ്വാധീനിക്കാൻ ഇപ്പോൾ കണ്ടെത്തിയ ഈ പാപ്പിറസിന് സാദ്ധ്യമായില്ലെന്ന് വരാം. ബ്രൗൺ യൂണിവേഴ്സിറ്റി യിലെ ഈജിപ്തോളജി പ്രൊഫസർ ഡെപ്യൂഡിത്ത്, ഡോ. കാരൻ സമർ പ്പിച്ച ഈ പാപ്പിറസ് ക്രിതിമമാണെന്ന് പ്രഖ്യാപിച്ചിരുന്നു.

ഡോ. കിംങ്ങ് 2012 സെപ്തംബറിൽ റോമിൽ വെച്ച് നടത്തിയ ഒരു കോൺഫറൻസിലായിരുന്നു വമ്പിച്ച മാധ്യമ ശ്രദ്ധനേടിയ ഈ പാപ്പിറസിനെക്കുറിച്ചുള്ള വെളിപ്പെടുത്തലുണ്ടായത്. അതോടെ വൻവിമർശനങ്ങളും അതിനെപൊതിഞ്ഞു. കാരണം അതിലെ ഉള്ളടക്കം വിവാദാത്മകവും അക്ഷരങ്ങൾ സംശയകരമാം വിധം മഷി പുരണ്ടതും വ്യാകരണം വളരെ മോശവുമായിരുന്നു. അതിന്റെ ഉദ്ഭവസ്ഥാനം അവ്യക്തവും പാപ്പിറസിന്റെ ഉടമസ്ഥൻ അജ്ഞാതനായിരിക്കാൻ ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. അതിന്റെ മഷിയാകട്ടെ പരിശോധിക്കപ്പെടാതെയുമിരുന്നു.

വത്തിക്കാനിൽ നിന്നുമുള്ള ഒരു പ്രസിദ്ധീകരണത്തിലെ മൂലലേഖനത്തിൽ ഈ പാപ്പിറസ് ഒരു വ്യാജരേഖയാണെന്ന് പ്രഖ്യാപിച്ചിരുന്നു. Bride of Christ എന്ന പേരിൽ പ്രസിദ്ധമായ ഈ പാപ്പിറസിന് ഡോ. കാരൻ നൽകിയ വ്യാഖ്യാനം, അതായത് യേശു വിവാഹിതനാണെന്നത് തികച്ചും സാധ്യമാണെന്ന് പുതിയ നിയമ പണ്ഡിതന്മാർ അവകാശ പ്പെടുകയും ചെയ്കയുണ്ടായി.

നാല് ഇഞ്ച് വീതിയും 8 ഇഞ്ച് നീളവുമുള്ള ഇത്രയും ചെറിയ ഒരു പാപ്പിറസും അതിന്റെ മഷിയും പരിശോധിക്കുകഎന്നത് അസാധാരണമാണ്. കാരണം പരിശോധന പാപ്പിറസിനെ തന്നെ ക്ഷതമേൽപ്പിക്കു ന്നതാണ് എന്നാണ് പാപ്പിറസ് വിദഗ്ധർ അഭിപ്രായപ്പെടു ന്നത്. പുരാതന ലിപിവിജ്ഞാന വിദഗ്ധർ മറ്റു പാപ്പിറസുകളിലെ കയ്യെഴുത്ത് പരിശോധിച്ചാണ് യേശുവിന്റെ ഭാര്യയുടെ സുവിശേഷം എന്ന ഈ പാപ്പിറസിന്റെ ആധികാരികതയും കാലവും നിർണയിച്ചത്.

യേശുവിന്റെ ഭാര്യയുടെത് എന്നറിയപ്പെടുന്ന ഈ പാപ്പിറസ് കൊളംബിയ യൂണിവേഴ്സിറ്റി മൈക്രോ-രാമൻ സ്പക്ട്രോസ്കോപി എന്ന സങ്കേതമുപയോഗിച്ചു കൊണ്ടാണ് അതിന്റെ മഷിയുടെ രാസസംയോഗം നിർണയിച്ചത്. 400 B.C.മുതൽ A.D. 700 അല്ലെങ്കിൽ 800 വരെയുള്ള കാലഘട്ടത്തിലേതാണ് ഈ പാപ്പിറസ് എന്ന് അവർ കാലനിർണയം ചെയ്യുകയും ചെയ്തു. 35 മുതൽ 40 വരെ കയ്യെഴുത്തു പ്രതികളിലെ മഷിയുമായി ഈ പാപ്പിറസിലെ കറുത്ത കാർബൺ മഷി സാമ്യതയിൽ തികച്ചും യോജിക്കുന്നുവെന്ന് ഇലക്ട്രിക്ക് എഞ്ചിനിയറിങ്ങിൽ പ്രൊഫസറായ ടി. യാർഡ്‌ലി പറഞ്ഞു. M.I.T.'s Center for Materials Science and Engineering കെമിസ്ട്രി പ്രൊഫസർ എം. ടിമോട്ടിയും അദ്ദേഹത്തിന്റെ രണ്ട് വിദ്യാർഥികളും മഷിയിൽ എന്തെങ്കിലും ക്രിത്രിമങ്ങൾ നടന്നിട്ടുണ്ടോ എന്ന് ഇൻഫ്രാറെഡ് സ്പെക്ട്രോസ്കോപ്പി പരിശോധന നടത്തുകയുണ്ടായി. അദ്ദേഹവും പാപ്പിറസിന്റെ പ്രാമാണികത അംഗീകരിക്കുകയാണുണ്ടായത്.

എന്നാൽ ഈ പാപ്പിറസ് ക്രിത്രിമമാണെന്ന് വിശ്വസിക്കുന്ന ബ്രൗൺ യൂണിവേഴ്സിറ്റിയിലെ ഈജിപ്തോളജിസ്റ്റ് ഡോ. ഡെപ്യൂ ഡിത്ത്, പാപ്പിറസ് കാർബൺ ടെസ്റ്റിന് വിധേയമാക്കുക എന്നത് അസംബന്ധമാണ് എന്നാണ് പറയുന്നത്. അത് പരിശോധിക്കേണ്ട ആവശ്യം തന്നെയില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വ്യാകരണപരമായി നിരവധി തെറ്റുകൾ അത് ഉൾക്കൊള്ളുന്നുണ്ട്. അതിലെ ഓരോ വാക്കും 1945ൽ ഈജിപ്തിലെ നാഗ്ഹമ്മാദിയിൽ നിന്നും കണ്ടെടുത്ത ക്രിസ്ത്യൻ പുരാരേഖയായ തോമസിന്റെ സുവിശേഷത്തിലുള്ളതിന് സാമാനമാണ് എന്നത് കേവലം യാദൃച്ഛിക മായിരിക്കുമെന്നാണ് ഡോ. ഡെപ്യൂഡിത്ത്, പറയുന്നത്.

ആധുനികമായ കറുത്ത കാർബൺ മഷി പുതിയ ശാസ്ത്രീയ ഉപകരണങ്ങൾക്ക് മുമ്പിൽ തികച്ചും വ്യത്യസ്തമായാണ് കാണപ്പെടുക. ഈ പാപ്പിറസ് പുരാതനവും ആധികാരികവുമാണെന്ന് പറയുന്ന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം അതാണ്. ഈ പാപ്പിറസ് ശകലം കൃതിമമാണ് എന്ന വിവാദത്തിൽ കുടുങ്ങിയിരിക്കയാണ്. ഇത്രയധികം ശാസ്ത്രീയമായ തെളിവുകളുണ്ടായിട്ടും ഈ പാപ്പിറസ് ഒരു ചരിത്രവസ്തുവെന്ന നിലയിലേക്ക് ഉയർന്നിട്ടില്ല. ഇതാണ് ഈ പാപ്പിറസിനെ ലോകത്തിന് പരിചയപ്പെടുത്തിയ ഡോ. കാരൻ കിംങ്ങിന്റെ ദുഃഖം.

കുറിപ്പുകൾ

# ഭാരതത്തിന്റെ ജനവിധി

മുസാഫിർ

ഇന്ത്യൻ പാർലമെന്റിലേക്കുള്ള പതിനാറാമത് ലോക്സഭാ തെരഞ്ഞെടുപ്പിൽ ശ്രീ നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ ബി ജെ പി അഭൂതപൂർവമായ വിജയം നേടിയിരിക്കയാണ്. 814.5 ദശലക്ഷം വോട്ടർമാർ വോട്ട് രേഖപ്പെടുത്തിയ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയയായിരുന്നു ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പ്. ആകെയുള്ള 543 ലോക്സഭാ സീറ്റുകളിൽ 284 സീറ്റുകളാണ് ബി ജെ പി ക്ക് ലഭിച്ചിരിക്കുന്നത്. ഒറ്റക്ക് തന്നെ അവർക്ക് സുഖമായി ഭരിക്കാം. 272 ആണ് ഭരിക്കാനുള്ള കേവല ഭൂരിപക്ഷം. ബി ജെ പി നേതൃത്വത്തിലുള്ള എൻ ഡി എ മുന്നണിക്ക് 339 സീറ്റാണ് ലഭിച്ചത്. കോൺഗ്രസ്സ് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം ഏറ്റുവാങ്ങി. കോൺഗ്രസ്സിന് ലഭിച്ചത് വെറും 44 സീറ്റ്. അവരുടെ യു പി എ സഖ്യത്തിന് 58 സീറ്റും. മുൻ മന്ത്രിമാർ ചിലർ മത്സരിക്കാതെ മാറിനിന്നു. മത്സരിച്ച ബഹുഭൂരിപക്ഷം കേന്ദ്രമന്ത്രിമാരും പരാജയപ്പെട്ടു.

123 കോടി ജനങ്ങളുള്ള ബൃഹത്തായ ഒരു ജനാധിപത്യ രാജ്യമാണ് നമ്മുടെ ഭാരതം 2010 ൽ ലോക ബാങ്ക് പുറത്ത് വിട്ട കണക്ക് പ്രകാരം 32.7 % ജനങ്ങൾ (40കോടി ജനങ്ങൾ) 73 രൂപയിൽ കുറവ് ദൈനിക വരുമാനമുള്ള പരമ ദരിദ്രരാണ്. ദാരിദ്ര്യത്തിന്റെ കാര്യത്തിൽ ഇന്ത്യ



ലോക രാഷ്ട്രങ്ങൾക്കിടയിൽ മൂന്നാം സ്ഥാനത്തുമാണ്. വിശപ്പിന്റെ വിളിയുമായി അന്തിയുറങ്ങുന്ന ജനകോടികളുള്ള പാവങ്ങളുടെ രാജ്യമാണ് നമ്മുടേത്. അടിസ്ഥാനപരമായി ഈ അവശ ജനവിഭാഗങ്ങളുടെ ക്ഷേമമാണ് നമ്മുടെ രാജ്യത്തിന്റെ ക്ഷേമം. കോൺഗ്രസ്സ് ഭരണത്തിലുണ്ടായ അമ്പരപ്പിക്കുന്ന വിലക്കയറ്റവും അതിനേക്കാൾ അമ്പരപ്പിക്കുന്ന അഴിമതിയും ജനജീവിതത്തെ ദുസ്സഹമാക്കുകയായിരുന്നു. അപ്രകാരം 1991 മുതൽ നടത്തിവരുന്ന നവ ലിബറൽ സാമ്പത്തികനയങ്ങളുടെ ഫലമായി ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം വമ്പിച്ചതോതിൽ വർധിച്ചു. പൊറുതിയമുട്ടിയ ജനം നൽകിയ വൻ തിരിച്ചടിയാണ് കഴിഞ്ഞ ഭരണ കൂടത്തിന്റെ മുഖ്യപരാജയ ഹേതുവെന്ന് തെരഞ്ഞെടുപ്പ് ഫലങ്ങളെക്കുറിച്ചുള്ള നിരവധി വിശകലനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഭരണത്തിനെതിരെയുള്ള പ്രധിഷേധ വോട്ടുകളെ വളരെ സമർഥവും ആസൂത്രിതവുമായി ബി ജെ പി തങ്ങളുടെ നേട്ട മാക്കി മാറ്റുകയായിരുന്നു. മതവൈകാരികതയുടെ ചേരുവയിൽ കെട്ടിപടുത്തതും ഊർജസ്വലതയോടെ ആധുനിക സങ്കേതങ്ങളുപയോഗിച്ച് ഫലപ്രഥമായി പ്രവർത്തിക്കാൻ ശേഷിയുള്ള ബി ജെ പി അത് മുഴുവൻ വോട്ടാക്കിമാറ്റുകയായിരുന്നു. അതിന് അനുയോജ്യനായ ഒരു നേതാവിനെയും അവർക്ക് ലഭിക്കുകയുണ്ടായി.

ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥപ്രമുഖനും പണ്ഡിതനുമായിരുന്ന ഡോ. മൻമോഹൻ സിംഗ് സാമ്പത്തിക രംഗത്ത് അതിവിദഗ്ധനും രാഷ്ട്രീയ സാമൂഹിക രംഗത്ത് അപരിചിത

നുമായിരുന്നു. അദ്ദേഹത്തെ ഭരണം ഏൽപ്പിച്ച കോൺഗ്രസ്സ് നേതാക്കന്മാർ ജനങ്ങളെ ബാധിച്ചിരുന്ന പ്രശ്നങ്ങളിൽ നിന്ന് വിമുഖരായി. മഹത്തായ ജനാധിപത്യ ആശയങ്ങളും മതേതര മൂല്യങ്ങളും ആധുനിക ഭാരതത്തിന്റെ ആത്മാവിൽ സന്നിവേശി പ്പിച്ചിരുന്ന കോൺഗ്രസ്സ് നേതൃത്വം ദുർബലവും നിർവീര്യവുമായിമാറി. എവിടെയും മാധ്യമ ക്യാമറകളുടെ നിറസാന്നിദ്ധ്യമുള്ള പൊതുമണ്ഡലത്തിൽ ബഹിർഭാഗസ്ഥമായ പ്രദർശനപരതയിലായിരുന്നു കോൺഗ്രസ്സ് നേതാക്കന്മാർ ശ്രദ്ധിച്ചത്. ജനങ്ങളിൽ വളർന്നുവരുന്ന നീരസം അറിയാനോ പിഴവുകൾ തിരുത്താനോ അധികാരത്തിലിരിക്കുന്നവരെ കൊണ്ട് തിരുത്തിക്കാനോ കോൺഗ്രസ്സ് നേതാക്കന്മാർക്കും എം.പിമാർക്കും ആയില്ല. ജനകീയ പ്രശ്നങ്ങൾക്ക് ജനപക്ഷത്ത് നിൽക്കുന്ന സത്യസന്ധരായ നേതാക്കന്മാരുടെ വംശവും അത്തരത്തിലുള്ള ചർച്ചകളും കോൺഗ്രസ്സിൽ അതിവേഗം തിരോഭവിക്കുകയാണ്. പകരം സ്തുതിപാഠകവൃന്ദവും ഭാഗ്യാന്വേഷികളും അച്ചടക്കമില്ലാത്ത ഗ്രൂപ്പുകളിക്കാരുമെല്ലാം കൂടി നൂറ് വയസ്സുകഴിഞ്ഞ കോൺഗ്രസ്സിലെ ആഭ്യന്തര ജനാധിപത്യത്തെ കൂടുതൽ ദുർബലമാക്കി. അത്തരമൊരു പാർട്ടിക്ക് എങ്ങനെ നല്ല ഭരണം കാഴ്ചവെക്കാൻ കഴിയും?

വിവരാവകാശനിയമം, തൊഴിലുറപ്പുപദ്ധതി, ഭക്ഷ്യ സുരക്ഷാ ഓർഡിനൻസ്, വിദ്യാഭ്യാസ അവകാശ നിയമം. ന്യൂന പക്ഷക്ഷേമത്തിനായുള്ള സച്ചാർ കമ്മിറ്റി റിപ്പോർട്ട് തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ളതും ജനക്ഷേമകരവുമായ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കിയെങ്കിലും ഇന്ധന വില നയത്തെ തുടർന്ന് ദിവസം തോറും മുന്നോട്ടു കുതിച്ച വിലക്കയറ്റവും അതുപോലെ ലക്ഷം കോടികളുടെ നിലവാരത്തിൽ എത്തിനിന്ന അഴിമതി കഥകളും എല്ലാ നേട്ടങ്ങളെയും അപ്രസക്തമാക്കി. രാഷ്ട്രീയ പാർട്ടികൾക്ക് പരാജയം സ്വാഭാവികമാണ് പക്ഷേ കോൺഗ്രസ്സിന്റെ ഈ വിധത്തിലുള്ള ദയനീയ പരാജയം ഈ നാട്ടിലെ ജനാധിപത്യ വിശ്വാസികളെയുംകോൺഗ്രസ്സിനെ സ്നേഹിക്കുന്നവരെയും അവരിൽ പ്രതീക്ഷയർപ്പിച്ചവരെയുമെല്ലാം വേദനിപ്പിക്കുന്നതും നിരാശപ്പെടുത്തുന്നതുമാണ്. സർവോപരി ആശങ്കാകുലരാക്കുന്നതുമാണ്. ഇന്ത്യൻ ജനതയുടെ ഭൗതികക്ഷേമത്തിന് അടിസ്ഥാനമിടുകയും ജനാധിപത്യവും മതേതരത്വവും അവർക്ക് പഠിപ്പിക്കുകയും ഇന്ത്യയെ ഇന്ത്യയാക്കുകയും ചെയ്ത കോൺഗ്രസ്സിൽ തീർച്ചയായും അതിന്റെ പാവനമായ മൂല്യങ്ങൾ ചാരത്തിലെ കനൽ പോലെ എരിഞ്ഞു നിൽക്കുന്നുണ്ട്. അവസരമെത്തിയാൽ ജനങ്ങൾ അതിനെ വീണ്ടും നിറശോഭയോടെ ഊതികത്തിക്കാതിരിക്കില്ല എന്ന് നമുക്ക് പ്രത്യാശിക്കം.

അനന്ത വൈവിധ്യങ്ങളുള്ള ജനസമൂഹങ്ങൾ ജീവിക്കുന്ന ഒരു ആധുനിക രാജ്യത്തിന്റെ ശ്രേയസ്ക്കരമായ ഭാവിക്ക് മതദേശീയത യോജിച്ചതല്ല. ഏത് മതമായാലും ശരി നൂറ് ശതമാനം ഒരേ മതസ്ഥരുള്ള ഒരു രാജ്യത്ത് പോലും മതദേശീയത പ്രായോഗികമല്ല. മതം അധികാരസോപാനത്തിൽ കയറാനുള്ള ചവിട്ടുപടിയല്ല. അത് ദൈവവുമായുള്ള ആത്മീയ സമാഗമനത്തിനുള്ള പാവനമായ ജീവിത ദർശനമാണ്. ഹിന്ദുത്വമാണ് തങ്ങളുടെ ദേശീയത എന്ന് അവകാശപ്പെടുന്ന ബി ജെ പി ഇതിനകം ഇന്ത്യൻ യഥാർഥ്യങ്ങളിൽ നിന്ന് വളരെയേറെ പാഠങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാം. ഹിന്ദുത്വത്തെ നിർവചിച്ചു കൊണ്ട് തങ്ങളുടെ ദേശീയത മതാടിസ്ഥാനത്തിലുള്ളതല്ല എന്ന് അവർ പലവുരു വിശദീകരണം നൽകിയത് പോസിറ്റീവായി നമുക്ക് കാണാം. എന്തായാലും ഇന്ത്യ ഭരിക്കാൻ തീരുമാനിച്ച ആശയാധിഷ്ഠിതമായ ഒരു ദേശീയ പാർട്ടിക്ക് വളരെയേറെ വിട്ടു വീഴ്ച ചെയ്തു കൊണ്ടേ ഭരിക്കാൻ സാധിക്കൂ. എങ്കിൽ മാത്രമേ ആധുനിക ലോകത്ത് ഭരണത്തിന്റെ നൈരന്തര്യം നിലനിർത്താൻ സാദ്ധ്യമാവൂ. പ്രതിപക്ഷത്തിരിക്കുമ്പോൾ പ്രക്ഷോഭാത്മകവും വൈകാരികമായും പലപ്പോഴും നിരുത്തര വാദിത്വപരമായും പ്രതികരിക്കുന്ന പ്രതിപക്ഷ രാഷ്ട്രീയമല്ല ഭാരിച്ച ഉത്തരവാദിത്വമുള്ള ഭരണ കക്ഷിയുടെ രാഷ്ട്രീയം എന്ന് മറ്റാരെക്കാളും ബി ജെ പി ക്കറിയാം. അതുകൊണ്ടായിരിക്കണം അവരുടെ സമീപനങ്ങളിലും പ്രവർത്തനങ്ങളിലും വൻ മാറ്റങ്ങൾ ദൃശ്യമാവുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിന് പാകിസ്താനടക്കം സാർക്ക് രാജ്യത്തലവന്മാരെ ക്ഷണിച്ചു കൊണ്ട് ഏറ്റവും നല്ല തുടക്കമാണ് മോഡി കുറിച്ചിരിക്കുന്നത്. അയൽ രാജ്യങ്ങളുടെ അതിർത്തികൾ മുള്ളു വേലികൾക്കും വന്മതിലുകൾക്കും പകരം ജനങ്ങളുടെ സ്നേഹത്തിന്റെ ഹൃദയരക്തമൊഴുകുന്ന ധമിനികളും സിരകളുമായിമാറേണ്ടതുണ്ട്. അകന്ന് കഴിയുന്ന അയൽപക്കങ്ങളെകൂടി ക്ഷണിച്ച് ഇന്ത്യൻ പ്രധാനമന്ത്രി തന്റെ നാന്ദി കുറിച്ചത് നല്ലപ്രവൃത്തിയായി കരുതാം.

ഒരു വൻ വിജയം നേടി അധികാരത്തിലെത്തിയ നരേന്ദ്രമോഡിയുടെ വിജയം അംഗീകരിക്കാതെ ഭൂതകാലം ഒരു മനോഗ്രസ്തി പോലെ ഇവിടുത്തെ ന്യൂനപക്ഷങ്ങളെഅലട്ടേണ്ടതില്ല. മോഡിയുടെ മേൽ ആരോപിതമായ പാപക്കറ കഴുകികളയാൻ മോഡി ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാണ്. വിദേശ രാജ്യങ്ങളടക്കം ലോകത്തിന് മുമ്പിൽ തനിക്കുള്ള കളങ്കിത പരിവേഷം മായ്ച്ചുകളയാൻ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ഭരണാധികാരി ആഗ്രഹിക്കാതെ നിവർത്തിയില്ല.

ഭരണാധികാരികളോടുള്ള അനുസരണവും രാജ്യത്തോടുള്ള കൂറുമാണ് ഇസ്ലാം അതിന്റെ വിശ്വാസികളെ പഠിപ്പിച്ചിട്ടുള്ളത്. നമ്മുടെ ഭരണാധികാരിയായി തിരഞ്ഞെടുക്കപ്പെട്ട നരേന്ദ്രമോഡിയോടും മുസ്ലിംകൾ അനുസരണവും രാജ്യത്തോട് പരിപൂർണ

പേജ് 6-ൽനിന്നും തുടർച്ച

# റമദാൻ: വാഗ്ദത്ത മസീഹിന്റെ വചനങ്ങളിൽ

കൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും **റമദ** എന്നു പറയും.'' (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 264)

### റമദാൻ മാസത്തിന്റെ മഹത്വം

''**ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ**'' ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ(ജാഗ്രതാദർശനങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് **ഉൻസില ഫീഹിൽ ഖുർആൻ** എന്നതിലുളളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽ നിന്ന് മനുഷ്യനെ തടയുന്നു.'' (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 264-265)

### ധർമശാസ്ത്രങ്ങൾ കൊണ്ടുള്ള ഫലം

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസ്യഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവപ്രകാശകേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുളളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുളള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." (ഇസ്ലാംമത തത്ത്വജ്ഞാനം പേജ് 191, 192)

### ചില സംശയനിവാരണങ്ങൾ

? (സിയാൽക്കോട്ടുനിന്ന്) ഇവിടെ ചൊവ്വാഴ്ച മാസപ്പിറവി കണ്ടില്ല. ബുധനാഴ്ച കാണുകയുംചെയ്തു അതുകൊണ്ട് വ്യാഴാഴ്ചയായിരുന്നു ഒന്നാമത്തെ നോമ്പ്. എന്താണ് ചെയ്യേണ്ടത്?

റമദാൻ മസത്തിനു ശേഷം ആ നോമ്പ് പിടിച്ചു വീട്ടുകയാണ് വേണ്ടത്. (മൽഫൂദാത്ത് വാല്യം 9, പേജ് 437)

? യാത്രക്കാരനും രോഗിയും ഫിദ്യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുളള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക

---

മായകൂറും കാണിക്കാൻ ബാദ്ധ്യസ്ഥ രാണ്. നാം ഭൂതകാലത്തി ന്റെ തടവുകാരാകുന്നതിന് പകരം വർത്തമാനകാലത്തിന്റെ ചരിത്രം നിർമിക്കുന്നവരാകുകയാണ് വേണ്ടത്. മുസ്ലിം താൽപര്യങ്ങൾക്കും ജനാധിപത്യമതേര മൂല്യങ്ങക്കൾക്കുമെതിരെ മോഡി സർക്കാർ നീങ്ങുകയാണെങ്കിൽ ജനാധിപത്യ മാർഗത്തിൽ, രാഷ്ട്രീയമായും, നിയമപരമായും ആശയപരമായും അതിനെ നേരിടാവുന്നതാണ്. മുസ്ലിം രാജ്യങ്ങളിലുള്ളതിനേക്കാൾ ഇവിടെ ജനാധിപത്യം ശക്തമാണ് എന്ന് നാം തിരിച്ചറിയണം. അല്ലാതെ മോഡിപ്പേടിപെരുപ്പിച്ച് ഭരണകൂടത്തിൽ നിന്ന് അകന്ന് ചകിതരായി കഴിയുകയും എല്ലാറ്റിനേ യും സംശയത്തോടെ നോക്കി കാണുകയും ചെയ്യുന്നതും ദരിദ്രരും ദുർബലരുമായ ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷങ്ങൾക്ക് ഭൂഷണമല്ല. അവസാനമായി മോഡിയുടെ വരാനിരിക്കുന്ന ഭരണം കണ്ടറിഞ്ഞു മാത്രമേ നമുക്ക് കൂടുതൽ ഉറപ്പുള്ള ഒരഭിപ്രായം രൂപീകരിക്കാൻ സാധ്യമാകൂ. അതുവരെ ശുഭാപ്തി വിശ്വാസവും സദ്ഭാവനയുമാണ് അഭികാമ്യം. അല്ലാഹു മഹത്തായ ഈ രാജ്യത്തിന് നന്മയും സമാധാനവും നൽകി അനുഗ്രഹിക്കട്ടെ.

എന്നതാണ് ഫിദ്‌യഃ. (മൽഫൂദാത്ത് വാള്യം 9, പേജ്431,) *ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.*

? ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടു കിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കൊടും പാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

? ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനേക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. (മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

? ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യത്തീം -മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്.

?നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

? നോമ്പുകാരന്റെ രോഗമുള്ള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

? നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

? നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 9, പേജ് 171 -172, 1984)

? മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചു വീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

? നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

### ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കും. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

### നോമ്പിന്റെ പ്രാധാന്യം

''മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാള്യം 2, പേജ് 203,)

### മനസ്സിനുണ്ടാകുന്ന ആർദ്രത

"നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരം കൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)

### യാത്രയിൽ നോമ്പ്

? യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് *ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫ ഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ* രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസന്ധമായ വിശ്വാസം കുടികൊള്ളുന്നത്. (മൽഫൂദാത്ത് വാള്യം 1, പേജ് 292,293 - 1984)

### തറാവീഹ് നമസ്ക്കാരം

? റമദാനിൽ തറാവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി (സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്.'' വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊളളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെതന്നെ നമസ്ക്കരിച്ചു കൊളളുക.

?തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദേശം? കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

''നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുളള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതുതന്നെ. എന്നാൽ, ആദ്യനേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം വിവരിച്ചതുതന്നെയാകുന്നു." (മൽഫൂദാത്ത് വാള്യം 10 പേജ് 113)

**ഇഅ്തികാഫ്**

''ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉളളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പളളിയുടെ മുകളിൽ വെയിലുണ്ടാകും. അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്." (മൽഫൂദാത്ത് വാള്യം 4 പേജ് 288)

? ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസാരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്.(മൽഫൂദാത്ത് വാള്യം 9 പേജ് 196)

**തീവ്രയത്നം അനിവാര്യം**

''അല്ലാഹുത്തആല ഇസ്ലാം ദീനിൽ 5 മുജാഹദാത്ത് (തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം 2. നോമ്പ് 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്ലിംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്ലുല്ലാഹ് (ദിവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക.''(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 263)

**വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**


**ആവശ്യമുണ്ട്**

ഫസ്ലെ ഉമർ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ കരുളായി, പഴയങ്ങാടി, കൂടാളി എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനങ്ങൾ നോക്കി നടത്തുന്നതിനായി ഒരു മുഴുവൻ സമയ സെക്രട്ടറിയെ ആവശ്യമുണ്ട്

- ആകർശകമായ ശംമ്പളം
- കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ബിരുദം
- ഇംഗ്ലീഷിലും മലയാളത്തിലും നല്ല രീതിയിൽ കത്തിടപാട് നടത്താൻ സാധിക്കണം
- ഉറുദുവിലുള്ള പരിജ്ഞാനം അഭികാമ്യം കേന്ദ്ര/സംസ്ഥാന ജോലികളിൽ നിന്ന് വിരമിച്ചവരേയും പരിഗണിക്കുന്നതാണ്.

താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റ സഹിതം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷ അയക്കേണ്ട വിലാസം

ചെയർമാൻ, ഫസ്ലെ ഒമർ എഡ്യുക്കേഷനൽ ട്രസ്റ്റ്, അഹ്മദിയ്യാ മുസ്ലിം കോംപ്ലക്സ്, ഫോർട്ട് റോഡ് കണ്ണൂർ- 670001

അപേക്ഷ ലഭിക്കേ ണ്ട അവസാന തിയതി 30.06.2014

# അഹ്മദി യുവാവിന് ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പുരസ്ക്കാരം



സ്കൂൾ അവധിക്കാലം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച അഹ്മദീ യുവാവ് സഫർ അഹ്മദ് 'ഫ്ളഡ് ഹീറോ' അവാർഡിന് അർഹനായി. സ്റ്റെയ്ൻസ്, ചെർട്ട്സി എന്നീ പ്രളയബാധിത പ്രദേശത്ത് അഹ്മദിയ്യാ മുസ്ലിം യൂത്ത് അസോസിയേഷൻ സംഘടിപ്പിച്ച ദുരിതാശ്വാസ പ്രവർത്തനത്തിലാണ് സഫർ അഹ്മദ് സജീവമായി പങ്കെടുത്തത്. ITV യുടെ Day Break Programme ലാണ് സഫർ അഹ്മദിന് ഈ പുരസ്ക്കാരം പ്രഖ്യാപിച്ചത്. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വെച്ച് പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ തന്നെയാണ് അവാർഡ് സമ്മാനിച്ചത്. പ്രമുഖ വ്യവസായി Sir Richard Branson സമ്മാനിച്ച 5000 പൗണ്ട് പാരിതോഷികം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നൽകുമെന്ന് സഫർ അറിയിച്ചു. ഏതൊരു മുസൽമാനും തന്റെ രാജ്യത്തോട് ചെയ്യേണ്ട കടമയാണ് താൻ നിറവേറ്റിയതെന്നും ഇതൊരു വലിയകാര്യമായി താൻ കരുതുന്നില്ല എന്നും സഫർ പറഞ്ഞു.

**– ഡോ. ഫുആദ് കരുനാഗപ്പള്ളി**

## അനുസ്മരണം

## തുർക്കിന്റവിട സുലൈഖാബി സാഹിബ

മുപ്പത് വർഷത്തോളം കണ്ണൂർ ജമാഅത്ത് ലജ്നാ ഇമായില്ലാഹ് പ്രസിഡന്റായിരുന്ന തുർക്കിന്റവിട സുലൈഖാബി സാഹിബ (89) ഏപ്രിൽ 19ന് കണ്ണൂരിൽ അന്തരിച്ചു. ഇന്നാലില്ലാഹി... കണ്ണൂരിൽ ആദ്യമായി ജമാഅത്തിൽ പ്രവേശിച്ച അമ്പിലാന്റകത്ത് മുഹമ്മദ് കുഞ്ഞി സാഹിബിന്റെ പുത്രിയാണ്. 1980 ൽ പരിശുദ്ധ ഹജ്ജ്കർമം നിർവഹിക്കുകയുണ്ടായി. കേരളത്തിലെ ആദ്യകാല അഹ്മദി കുടുംബത്തിൽ പെട്ട അവർ വളരെയേറെ ത്യാഗ പൂർണമായ ജീവിതമായിരുന്നു നയിച്ചത്. സാത്വികയും ഇസ്ലാമിക സാഹിത്യത്തിൽ അവഗാഹവുമുണ്ടായിരുന്ന അവർ വിശുദ്ധ ഖുർആനുമായി ഗാഢബന്ധം പുലർത്തിയിരുന്നു. നല്ലൊരുവായനക്കാരിയും പരോപകാരിയും തികഞ്ഞ മനുഷ്യസ്നേഹിയുമായിരുന്നു. പരേതയെ അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മക്കൾ മുബാറക്ക് അഹ്മദ്, സുബൈദ, ടി അബ്ദുസ്സലാം, അബ്ദുശ്ശുക്കൂർ.

**– ടി അബ്ദുസ്സലാം**

## തഹ്രീക്ക് ജദീദ്: വാഗ്ദാന പാലനം

തഹ്രീക്ക് ജദീദ് നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 ന് അവസാനിക്കുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹിനാൽ ഉദ്ഘാടനം ചെയ്ത ഈ കൊല്ലത്തെ സാമ്പത്തിക വർഷം 6 മാസം പിന്നിട്ടിരിക്കുന്നു. ആത്മീയമായ പുണ്യത്തിനും ദീനി സേവനത്തിനും സാമൂഹിക സേവനത്തിനും വേണ്ടി സമർപ്പിക്കപ്പെട്ട ഈ പദ്ധതിക്ക് നൽകിയ സാമ്പത്തിക വാഗ്ദാനം ഉടൻ തന്നെ പൂർത്തിയാക്കാൻ സഹോദരന്മാരെ പ്രത്യേകം ഉണർത്തുന്നു.

ഖുർഷിദ് അഹ്മദ് അൻവർ
വകീലുൽ മാൽ, ഖാദിയാൻ.




Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

# ഉന്നതവിജയം

## തഖ്‌വ ഹുസൈൻ
## തൗഫീഖ് ഹുസൈൻ

തിരുവനന്തപുരം ജമാഅത്തിലെ തഖ്‌വ ഹുസൈൻ പ്ലസ്ടു പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും A+ നേടി. എം. മുഹമ്മദ് ഹുസൈൻ



തഖ്‌വ ഹുസൈൻ     തൗഫീഖ് ഹുസൈൻ

സാഹിബി (തൃശ്ശൂർ ഡിവൈ. എസ്. പി. ഇദ്ദേഹം ഹുസൂറിന്റെ കേരള സന്ദർശനവേളയിൽ ഹുസൂറിന്റെ സെക്യൂരിറ്റി ഓഫീസറായിരുന്നു) ന്റെയും മൻസൂറ ഹുസൈൻസാഹിബയുടേയും മകനാണ്.

പ്രസ്തുത ദമ്പതികളുടെ ഇളയ പുത്രൻ തൗഫീഖ് ഹുസൈൻ എസ് എസ് എൽസി-സി ബി എസ് ഇ പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടി വിജയിച്ചു. തിരുവനന്ത പുരത്തെ കെ.വി എസ് എ പി സ്കൂൾ വിദ്യാർഥിയാണ്.

## ഫർസാനാ ഫിറോസ്

ചാവക്കാട് ജമാത്തിലെ ഫിറോസ് ഫഹ്മിദ ദമ്പതികളുടെ പുത്രിയും ചാവക്കാട് ജമാ അത്ത് പ്രസിഡന്റ് ഹംസ മാസ്റ്ററുടെ പൗത്രിയുമായ ഫർസാനാ ഫിറോസ് എസ്. എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ കരസ്ഥമാക്കി. ചാവക്കാട് സി എ ഇ എച്ച് സെക്കണ്ടറി സ്കൂൾ വിദ്യാർഥിനിയാണ്.

www.alislam.org




2014 മെയ് 3ന് മംഗലാപുരം ജമാഅത്ത് നടത്തിയ പീസ് കോൺഫറൻസിൽ മുസദ്ദിഖ് അഹ്മദ് സാഹിബ് പ്രസംഗിക്കുന്നു.




എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അഹ്മദിയ്യാ ഖിലാഫത്തിന്റെ 106-ാം വാർഷിക സമ്മേളനം ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി എം. നാസിർഅഹ്മദ്, മൗലവി ബി. എം. ആരിഫ് മുഹമ്മദ്, ഇ. എച്ച് നജീബ് എന്നിവർ സമീപം




ആലപ്പുഴയിൽ നടന്ന കൊല്ലം ജില്ല ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും ഇജ്തിമാഅ് അഖിലേന്ത്യാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സദർ സാഹിബിന്റെ പ്രതിനിധിയായ കേരളാ ദഅ്‌വത്തെ ഇലല്ലാഹ് മുബല്ലിഗ് ഇൻചാർജ് മുഹമ്മദ് നജീബ് ഖാൻ സാഹിബ് ഉത്ഘാടനം ചെയ്യുന്നു. കൊല്ലം ജില്ലാ ഖാഇദ് റഷീദ്, കൊല്ലം ജില്ലാ മുബല്ലിഗ് ഇൻചാർജ് മൗലവി അബ്ദുന്നാസിർ, കൊല്ലം ജില്ലാ നാസിം അബ്ദുള്ള എന്നിവർ സമീപം

**Published on 7 June 2014** Vol: 86 Issue.6
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14 Price Rs. **20/-**
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
**The Sathyadoothan Monthly**

# അഹ്ദിയ്യാ മുസ്‌ലിം ജമാഅത്ത്:

## വിവിധ വിഷയങ്ങളെ സംബന്ധിച്ച ഡി വി ഡി കൾ ലഭ്യമാണ്

1. ഈസാ നബി (അ) ന്റെ മരണം
2. ഇസ്‌ലാമിന്റെ വിജയവും മഹ്ദി മസീഹിന്റെ ആഗമനവും
3. വാഗ്ദത്ത മഹ്ദിമസീഹിന്റെ ദൗത്യം
4. ദജ്ജാൽ
5. നബിതിരുമേനി(സ) ക്ക് ശേഷം നബിയോ?
6. പ്രവാചക നിഷേധം മുസ്‌ലിം ഉമ്മത്തിൽ
7. ഖത്തമനുബുവ്വത്തിന്റെ വിവക്ഷ
8. പ്രവാചകത്വം ഖുർആനിൽ
9. ഇക്കാലത്ത് പ്രവാചകനിയോഗത്തിന്റെ പ്രസക്തി
10. ഇസ്‌ലാമിന്റെ പുനരുജ്ജീവനം
11. മോക്ഷാർഹമായ ജമാഅത്ത്
12. വാഗ്ദത്ത മഹ്ദി മസീഹ് നബിയോ ?
13. മസീഹിന്റെ ആഗമനകാലം
14. മുസ്‌ലിംകളുടെ ശോച്യാവസ്ഥയും മഹ്ദീ മസീഹിന്റെ ആഗമനവും
15. ഹദ്റത് അഹ്മദ്(അ) ന്റെ സത്യസാക്ഷ്യം
16. ഖിലാഫത്ത് ഖുർആനിലും ഹദീസിലും
17. അഹ്മദിയ്യാ ഖിലാഫത്ത്
18. കുഫ്റ് ഫത്‌വകളുടെ പാശ്ചാത്തലം

**ഓരോ ഡി വി ഡി ക്കും 30 രൂപ**
**കൊരിയർ ചാർജ് പുറമെ**

**ആവശ്യമുള്ള വായനക്കാരും ജമാഅത്തുകളും**
**താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക**

**8086224268, 9895984075, 9447424619**

**പ്രസാധകർ:**

**അൻസാറുല്ലാഹ് മൾട്ടിമീഡിയ സെന്റർ മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

# 1800 425 2020 Toll Free

**(9 am to 9 pm)**